‘ആരംഭത്തെ നിരോധിക്കുക; പിന്നീട്ടുള്ള പ്രതിവിധികൾക്കു കാലം അതിക്രമിച്ചു പോകും. എന്തുകൊണ്ടെന്നാൽ, ആദ്യമായി കേവലമായ ഒരു വിചാരം മനസ്സിലുദിക്കുന്നു; പിന്നീടു് ശക്തിമത്തായ ഒരു ഭാവന; അനന്തരം സന്തോഷാനുഭൂതിയും, ദുഷ്ടമായ ഒരു വികാരവും, മനസ്സമ്മതവും ഉളവാകുന്നു. അങ്ങിനെ, ദുഷ്ടശത്രുവിനു അവൻ ആരംഭത്തിൽ നിരോധിക്കപ്പെടാതിരുന്നാൽ പടിപടിയായി പൂർണ്ണമായ പ്രവേശനം സിദ്ധിക്കുന്നു’

—ക്രിസ്ത്വാനുകരണം

# സത്യദീപം

‘സത്യസംദായകനായ പവിത്രാത്മാവു വരുമ്പോൾ അവൻ സകല സത്യത്തിലേക്കും നിങ്ങളെ നയിക്കും. അവൻ തന്റെ സ്വന്തം സന്ദേശം നൽകുകയില്ല. അവനു എല്ലിക്കപ്പെട്ട സന്ദേശം അവൻ പ്രഖ്യാപിക്കും. വരുവാനിരിക്കുന്നവയെ അവൻ നിങ്ങൾക്കു വെളിപ്പെടുത്തുകയും ചെയ്യും. അവൻ എന്നെ മഹത്വപ്പെടുത്തും. എന്തുകൊണ്ടെന്നാൽ നിങ്ങൾക്കു വെളിപ്പെടുത്തുന്നതു്, അവൻ എന്നിൽനിന്നാകുന്നു സ്വീകരിക്കുന്നതു’

—യോഹന്നാൻ XVI: 13-14

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”


Reg. No. M. 2293. | 1957 മേയ് 15—ബുധനാഴ്ച | Vol. 30, No. 38

# “ലോകത്തിന്റെ മനസ്സാക്ഷി”

അടുത്തകാലത്തു് പാപ്പാധിപത്യത്തിന്റെ ആവശ്യകതയെ ആസ്പദമാക്കിയുണ്ടായ ഒരു ചർച്ചയിൽ ഒരു പ്രോട്ടസ്റ്റൻറു് വൈദികനായ പാസ്റ്റർഹാൻസ് അസ്മുസ്സെൻ കൊളോൺ റേഡിയോവഴി നടത്തിയ പ്രഭാഷണമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി ആധുനികകാലത്തെ മാർപ്പാപ്പാമാർ “ആധുനികലോകത്തിന്റെ ജീവനുള്ള മനസ്സാക്ഷി”യാണെന്നു്. അദ്ദേഹത്തിന്റെ ഈ പ്രസ്താവം ഏറാവും ശരിയാണെന്നു ആരും സമ്മതിക്കുന്നതാണു്. പ്രത്യേകിച്ചും ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഈ അഭിനന്ദനത്തിനു തികച്ചും അർഹനാണു്. ലോകം പരസ്പരവിരുദ്ധങ്ങളായ രണ്ടു ആദർശചേരികളായി തിരിഞ്ഞിരിക്കുകയും ഓരോ വിഭാഗവും ലോകാധിപത്യം കൈയടക്കുന്നതിനു അനുസ്യൂതം പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ആധുനികയുഗത്തിൽ അതിനു ധർമ്മാധർമ്മ വിവേചനാകേന്ദ്രമായി നിലകൊള്ളുന്ന ഒരു “ജീവനുള്ള മനസ്സാക്ഷി” എത്രമേൽ അവശ്യാവശ്യമാണെന്നുള്ളതും വ്യക്തമത്രെ. 12-ാം പീയൂസ് മാർപ്പാപ്പാ തിരുസഭയുടെ പരമാദ്ധ്യക്ഷനും ലോകത്തിന്റെ ധാർമ്മികസമ്രാട്ടുമെന്നുള്ള നിലയിൽ കഴിഞ്ഞ 18 കൊല്ലക്കാലം നിർവ്വഹിച്ചിട്ടുള്ള മഹത്തായ സേവനങ്ങളുടേയും പ്രബുദ്ധമായ മാർഗ്ഗദർശിത്വത്തിന്റേയും ചരിത്രം സാമാന്യമായിട്ടെങ്കിലും ഒന്നവലോകനം ചെയ്യുന്നതായാൽ ഈ വസ്തുത കരതലാമലകംപോലെ തെളിഞ്ഞുകാണുന്നതാണു്. വത്തിക്കാനിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ധാർമ്മികശക്തി കത്തോലിക്കാസഭയുടെ ലോകവ്യാപകമായ സംഘടനാസിരകളിലൂടേയും 50 ഓളം വരുന്ന വിവിധരാഷ്ട്രതന്ത്രപ്രതിനിധിസ്ഥാപനങ്ങൾവഴിയും ലക്ഷോപലക്ഷങ്ങൾക്കനുവദിക്കപ്പെടുന്ന പൈതൃക സന്ദർശനങ്ങൾവഴിയും ലോകജനതയോടുള്ള നിരന്തരമായ പ്രഭാഷണമാർഗ്ഗേണയും ലോകത്താകെ പ്രചരിച്ചുകൊണ്ടിരിക്കുകയാണു്. കഴിഞ്ഞ 18 വർഷത്തിനിടയിൽ തിരുമേനി 310 ലക്ഷത്തിലധികംപേർക്കു സന്ദർശനമനുവദിക്കുകയും 2500 ൽപ്പരം പ്രസംഗങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ടു് എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഏവംവിധം വാച്യാർത്ഥത്തിൽ “ലോകത്തിന്റെ ജീവനുള്ള ഒരു മനസ്സാക്ഷി”യായി നിതരാം പ്രവർത്തിച്ചുപോരുന്ന അനിഷേദ്ധ്യനേതാവായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ ജീവിതത്തിൽ സുസ്മരണാർഹമായ ഒരു സുദിനത്തിന്റെ 40-ാം വാർഷികമാണു് ഈ മേയ്മാസം 13-ാം തീയതി ആചരിക്കപ്പെട്ടതു്. അവിടുത്തേക്കു ലോകത്തെ പഠിപ്പിക്കുന്നതിനുള്ള ദൈവികോദ്യോഗം നൽകപ്പെട്ട മഹദ്ദിനം—അവിടുത്തെ മെത്രാഭിഷേകവാർഷികം.

## മെത്രാഭിഷേകം

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ മെത്രാഭിഷേകം നടന്നതു് 1917 മേയ്മാസം 13-ാം തീയതിയാണു്. വത്തിക്കാനിലെ സിസ്റ്റൈൻകപ്പേളയിൽ വച്ചു അന്നു മാർപ്പാപ്പായായിരുന്ന പതിനഞ്ചാം ബനഡിക്ടാസ് തിരുമനസ്സുകൊണ്ടാണു് പ്രസ്തുത മംഗളകർമ്മം കല്പിച്ചു നിർവ്വഹിച്ചതു്. അടുത്ത മാർപ്പാപ്പായായി തിരിഞ്ഞെടുക്കപ്പെട്ട വിശ്വവിശ്രുതനായ റാത്തികർദ്ദിനാൾ (11-ാം പീയൂസ്) ആ ദിവ്യകർമ്മത്തിൽ പങ്കെടുത്തു. അങ്ങനെ ആധുനികയുഗത്തിലെ മൂന്നു പ്രസിദ്ധ മാർപ്പാപ്പാമാർ സമ്മേളിച്ച ഒരു മംഗളസംഭവമായിത്തീർന്നു അതു്. പച്ചെല്ലിതിരുമേനി അഭിഷേകം ചെയ്യപ്പെട്ടതും പ്രത്യേക ഒരു സാഹചര്യത്തിലാണു്. അദ്ദേഹത്തിന്റെ അനിതരസാധാരണമായ കഴിവുകളെ മനസ്സിലാക്കിയ മാർപ്പാപ്പാ അദ്ദേഹത്തെ ബവേറിയായുടെ തലസ്ഥാനമായ മ്യൂണിക്കിലെ പേപ്പൽനൺഷിയോ ആയി നിയമിച്ചു. മ്യൂണിക്കിലെ നൺഷിയോയുടെ ജോലിയായിരുന്നു അന്നു യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന ജർമ്മനിയുമായി മാർപ്പാപ്പായുടെ സമാധാനദൗത്യം കൈമാറുക. ഇൻറർനൺഷിയോ ജർമ്മനിയുടെ തലസ്ഥാനത്തെത്തി കൈസറുമായി നടത്തിയ സംഭാഷണങ്ങളുടെ ഫലമായി ദൈവഗത്യാ വിനാശിളംബം സമാധാനസന്ധി ഒപ്പുവയ്ക്കപ്പെട്ടു.



12-ാംപീയൂസ് മാർപ്പാപ്പായുടെ മെത്രാഭിഷേകത്തിന്റെ

40-ാം വാർഷികം

(മേയ് 13)

ഫാദർ പച്ചെല്ലിയുടെ മെത്രാഭിഷേകത്തോടനുബന്ധമായ മറ്റു ചില പ്രധാനസംഭവങ്ങളും ഉണ്ടായിട്ടുണ്ടു്. മെത്രാഭിഷേകദിനമായ 13-ാം തീയതിയാണു് മോസ്കോയിൽ കമ്മ്യൂണിസ്റ്റു് മതമർദ്ദനത്തിന്റെ പ്രഥമരംഗം അഭിനയിക്കപ്പെട്ടതു്. അന്നുതന്നെയാണു് ഫാത്തിമായിൽ പരിശുദ്ധ കന്യകമറിയം മൂന്നു ആട്ടിടയക്കുട്ടികൾക്കു പ്രത്യക്ഷപ്പെട്ടതും. ഇങ്ങനെ ആധുനികലോകസംഭവവികാസങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുന്ന അതിപ്രധാനപ്രശ്നങ്ങളുടെ സാന്ദർഭികമായ ഈ സമ്മേളനം വളരെ അർത്ഥവത്തായിരിക്കുന്നുണ്ടു്. ഇന്നത്തെ ലോകത്തിന്റെ ഏറാം വലിയ വിപത്തായ കമ്മ്യൂണിസവും, അതിനുള്ള ഫലപ്രദമായ ഏകപ്രതിവിധിയായിരിക്കുന്ന മരിയമാദ്ധ്യസ്ഥവും, ഇവയെ പ്രാവർത്തികമായ വിധത്തിൽ നിയന്ത്രിക്കുന്നതിനുള്ള ലോകത്തിന്റെ ജീവനുള്ള മനസ്സാക്ഷിയായി പരിലസിക്കുന്ന പന്ത്രണ്ടാം പീയൂസിന്റെ മെത്രാൻപദാരോഹണവും ഒത്തിണങ്ങിയതിൽ അത്ഭുതാവഹമായ ഒരു ദൈവപരിപാലനയുടെ പ്രകടനമാണു് ആസ്തിക്യബോധമുള്ളവർ കാണുക. അതിന്റെ സാഫല്യത്തിനു വേണ്ടിത്തന്നെയാണു് ഇന്നും 81 വയസ്സുകാരനായ പരിശുദ്ധ മാർപ്പാപ്പാ നിസ്തന്ദ്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതും. പരിശുദ്ധ പിതാവിന്റെ മെത്രാഭിഷേകമഹാമഹത്തിന്റെ 40-ാം വാർഷികം സാഡംബരം കൊണ്ടാടുന്ന ഈ ശുഭാവസരം അവിടുത്തെ ധാർമ്മികനേതൃത്വത്തെ ലോകം സ്വീകരിക്കുന്നതിനും അനന്തമായ ദൈവപരിപാലനയിൽ രക്ഷാമാർഗ്ഗമായി ആധുനികലോകത്തിനു നൽകപ്പെട്ടിട്ടുള്ള ഈ “ലോകത്തിന്റെ മനസ്സാക്ഷി”യുടെ സ്വരം വിശ്വസ്തതാപൂർവ്വം അനുഗമിക്കുന്നതിനും വേണ്ട പ്രചോദനം ജനത സ്വീകരിക്കുന്നതിനിടയാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

കഴിഞ്ഞ ഈസ്റ്റർദിനത്തിൽ സെൻറു് പീറ്റേഴ്സിന്റെ അങ്കണംമുതൽ ടൈബർനദിയുടെ തീരംവരെ തടിച്ചുകൂടിയിരുന്ന 4 ലക്ഷത്തിൽപ്പരം വരുന്ന ഒരു ജനവ്യൂഹത്തെ അഭിസംബോധന ചെയ്തു് ദേവാലയമട്ടുപ്പാവിൽ നിന്നു പരിശുദ്ധ പിതാവു നിർവ്വഹിച്ച പ്രക്ഷേപിണിപ്രസംഗത്തിലെ ചില വാക്യങ്ങൾ ഉദ്ധാര്യങ്ങളാണു് ഇത്തരുണത്തിൽ. അവിടുന്നു പറഞ്ഞു: “മഹത്തായ കഴിവുകളോടുകൂടിയ മനുഷ്യബുദ്ധിയെ തെററുകൾ പലേതരത്തിൽ അടിമത്തത്തിലാഴ്ത്തിയിരിക്കുകയാണു്. ലോകത്തിന്റെ ഭാവിയെ സുരക്ഷിതമാക്കുന്നതിനഭിലഷിക്കുന്നവർക്കു ഗൗരവമായ ആശങ്കയെ ഉളവാക്കുമാറു് എല്ലാവിധത്തിലുള്ള ദുസ്സഹക്കങ്ങളും ബീഭത്സമായ രൂപം പ്രാപിച്ചിരിക്കുന്നു. മാനവവംശംതന്നെ മുറിപ്പെട്ടതും വിഷംകലർന്നതുമായ ഒരു ശരീരംപോലെ ആയിരിക്കുന്നു; അതിൽ ചോരയോട്ടം വളരെയധികം തടയപ്പെട്ടിരിക്കുന്നു. കാരണം വ്യക്തികളും, വർഗ്ഗങ്ങളും, രാജ്യങ്ങളും ഭിന്നിച്ചുനില്ക്കുന്നതിനും തന്മൂലം പരസ്പരമുള്ള സാമൂഹികസമ്പർക്കം നഷ്ടീഭവിപ്പിക്കുന്നതിനും നിർബന്ധംപിടിക്കുന്നതാണു്. അവർ പരസ്പരം അറിയുമ്പോൾ ഒന്നു് ഒന്നിനെ വെറുക്കുന്നു; തമ്മിൽ തമ്മിൽ ഉപജാപങ്ങൾ സൃഷ്ടിക്കുകയും, മത്സരിക്കുകയും, നശിപ്പിക്കുകയും ചെയ്യുന്നു.

“എന്നാൽ ലോകത്തിൽ ദൃശ്യമാകുന്ന ഈ കാളരാത്രി സമാഗതമാകുന്ന ഒരു പുലരിയുടെ നാന്ദിയാണു്; പ്രകാശവാനായ ഒരു പുതിയ ബാലാർക്കന്റെ പരിചുംബനങ്ങളേല്ക്കുവാൻ ദിനമണി ഒരുങ്ങുകയാണു്. അതിനിടയിൽ ലോകത്തു് ദൈവപരിപാലനയോടു സഹകരിച്ചു്, ജീവിതത്തിന്റെ വികസിതവും സ്വാതന്ത്ര്യപൂരിതവുമായ അഭിവൃദ്ധിക്കുവേണ്ടിയുള്ള ശ്രമങ്ങൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രത്തിന്റെ പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ മാനുഷികകഴിവുകളുടെ ചക്രവാളത്തെ വിപുലപ്പെടുത്തുമ്പോൾ സാങ്കേതികപുരോഗതിയും, സംഘടനാനിപുണതയും ഏതാദൃശകണ്ടുപിടുത്തങ്ങളെ മനുഷ്യന്റെ പരിസേവനത്തിനുതകത്തക്കവണ്ണം വിനിയോഗിക്കണം....

“ഇനിയും രാത്രിയാണു്. “മൂരിനിവർത്തലു”കളും പ്രത്യാശാലക്ഷണങ്ങളും കാണുന്നുണ്ടു്; എങ്കിലും രാത്രിതന്നെ. മാത്രമല്ല അപ്രതീക്ഷിതമായി അതൊരു പിശറുനിറഞ്ഞ രാത്രിയായി ചമയാനും സാദ്ധ്യതയില്ലാതില്ല; ഇടയ്ക്കൊരു മി

(ശേഷം 7-ാംപേജിൽ)

# "കാത്തലിക്ക് കമ്മ്യൂണിസ്റ്റ്"

(ജെ. കെ. തയ്യിൽ എസ്. ജെ.)

കഴിഞ്ഞമാസം ആരംഭത്തിൽ പണ്ഡിതനും പുരാതനകത്തോലിക്കാകുടുംബാംഗവുമായ ഒരു മാന്യൻ ഒരു കത്തോലിക്കാവൈദികാദ്ധ്യക്ഷനെ സന്ദർശിച്ച് അദ്ദേഹത്തിന്റെ തിരുവാഴി ചുംബിച്ച് ആശിസ്സ് അർത്ഥിച്ചശേഷം സംഭാഷണമദ്ധ്യേ സഗൗരവം അഭിമാനഭാവത്തിൽ പ്രസ്താവിച്ചുപോലും "ഞാൻ ഒരു കാത്തലിക്ക് കമ്മ്യൂണിസ്റ്റാണെ"ന്ന്. കേട്ടിരുന്ന ആ പുരോഹിതശ്രേഷ്ഠൻ ഇതികർത്തവ്യതാമൂഢനായി അല്പനേരം സ്തംഭിച്ചിരുന്നുപോയി. എന്ത്! ഒരു കത്തോലിക്കനു അതേസമയംതന്നെ ഒരു കമ്മ്യൂണിസ്റ്റ് ആയിരിക്കാമെന്നോ! ശാന്തം പാപം! ഇങ്ങനെയാണ് ഇന്നു കേരളത്തിലും, ഭാരതത്തിന്റെ മററു ചില ഭാഗങ്ങളിലും പണ്ഡിതന്മാരെന്നു സങ്കല്പിക്കപ്പെടുന്ന ചില മാന്യന്മാർ ജല്പിക്കുന്നതും, നിരക്ഷരകുക്ഷികളായ മൂകലക്ഷങ്ങളെ വഴിപിഴപ്പിക്കുന്നതും!

ഒരു കത്തോലിക്കനു ഒരു കമ്മ്യൂണിസ്റ്റ് ആയിരിക്കാമോ? ഒരിക്കലും പാടില്ല. അതു് രാവും പകലുംപോലെ, സൂര്യനും ചന്ദ്രനും പോലെ, കടലും കരയുംപോലെ വ്യത്യസ്തമാണ്.

കത്തോലിക്കാവിശ്വാസം ദൈവാസ്തിക്യത്തിൽ അധിഷ്ഠിതമായിരിക്കുമ്പോൾ കമ്മ്യൂണിസം ഭൗതികത്വത്തിൽമാത്രം വിശ്വസിക്കുന്നു. കത്തോലിക്കൻ ആദ്ധ്യാത്മികജീവിതത്തേയും പാരത്രികസൗഭാഗ്യത്തേയും ആലംബിച്ചുജീവിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് ശാരീരികജീവിതത്തേയും ഭൗതികസുഖത്തേയുംമാത്രം ലക്ഷ്യമാക്കി ജീവിക്കുന്നു. കത്തോലിക്കൻ ഭാവിജീവിതത്തിനുവേണ്ടി ഐഹികജീവിതത്തെ ഒരു പരീക്ഷാഘട്ടമായിമാത്രം കരുതുമ്പോൾ കമ്മ്യൂണിസ്റ്റ് ഭാവിജീവിതത്തെ അവഗണിച്ച് ഈ ലോകജീവിതസുഖത്തിനുവേണ്ടിമാത്രം പ്രയത്നിക്കുന്നു കത്തോലിക്കന്റെ വിശ്വാസവും സന്മാർഗ്ഗവും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അന്തർലീനമായിരിക്കുമ്പോൾ കമ്മ്യൂണിസ്റ്റിന്റെ വിശ്വാസവും സന്മാർഗ്ഗവും ദൈവനിരാസത്തിലും സഹോദരവിദ്വേഷത്തിലും വിപ്ലവാത്മകമായവിധം അടിയുറപ്പിച്ചിരിക്കുന്നു. കത്തോലിക്കാവിശ്വാസത്തിന്റേയും സന്മാർഗ്ഗത്തിന്റേയും ഔദ്യോഗികപരിരക്ഷകനായ പരിശുദ്ധ മാർപ്പാപ്പാ അസന്ദിഗ്ദ്ധമായ ഭാഷയിൽ ഒന്നിലധികം പ്രാവശ്യം, കമ്മ്യൂണിസ്റ്റ് ആദർശങ്ങളും സിദ്ധാന്തങ്ങളും കത്തോലിക്കാവിശ്വാസത്തിനും സന്മാർഗ്ഗത്തിനും കടകവിരുദ്ധമാണെന്നും, തന്മൂലം ഒരു കത്തോലിക്കനു ഒരു കമ്മ്യൂണിസ്റ്റായിരിക്കുവാൻ സാദ്ധ്യമല്ലെന്നും ശക്തിയുക്തം പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ട്. കമ്മ്യൂണിസത്തിൽ ചേരുകയോ, പ്രവൃത്തിക്കുകയോ, സഹകരിക്കുകയോ ചെയ്യുന്നവൻ തിരുസ്സഭയ്ക്കു പുറത്താണെന്നു അവിടുന്നു തെളിയിച്ചിരിക്കുന്നു. സുഭഗസ്മരണാർഹനായ പതിനൊന്നാം പീയൂസിന്റേയും ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാം പീയൂസിന്റേയും ചാക്രികലേഖനങ്ങൾ ഇതിനു സാക്ഷ്യംവഹിക്കുന്നു.

കത്തോലിക്കാവിശ്വാസവും സന്മാർഗ്ഗവും സത്യത്തേയും നീതിയേയും ആശ്രയിച്ചു പ്രവർത്തിക്കുമ്പോൾ കമ്മ്യൂണിസം നാന്ദിയിൽതന്നെ അസത്യത്തേയും അനീതിയേയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. ഒരു അനീതി പരിഹരിക്കുവാൻ വേറൊരനീതിയാണ് കമ്മ്യൂണിസ്റ്റ് കണ്ടുപിടിക്കുന്ന മാർഗ്ഗം. ഇതു ഒരിക്കലും സ്വീകാര്യമല്ല. നന്മ കൈവരുത്തുവാൻ തിന്മയെ ആശ്രയിച്ചു പ്രവർത്തിക്കുക സാധൂകരിക്കാവുന്നതല്ല. മനുഷ്യനു നൈസർഗ്ഗികമായി സ്വയരക്ഷയ്ക്കും കുടുംബരക്ഷയ്ക്കും സ്വകാര്യസ്വത്തുടമയും, അതിനുപററിയ പരിരക്ഷണമാർഗ്ഗങ്ങളും ആവശ്യമാണ്. ഈ സ്വാഭാവികനീതിയെ മൂലത്തിൽതന്നെ നശിപ്പിക്കുവാനാണ് കമ്മ്യൂണിസം കോപ്പുകൂട്ടുന്നതു്.

കത്തോലിക്കൻ ന്യായമായ മാർഗ്ഗങ്ങളിലൂടെ ധനസമ്പാദനവും വിഭജനവും നിയന്ത്രിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് അന്യായമായ വിപ്ലവത്താലും രക്തച്ചൊരിച്ചിലിനാലും ധനസമ്പാദനവിഭജനമാർഗ്ഗങ്ങൾ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നു. അരിവാൾകൊണ്ടരിഞ്ഞു, ചുററികകൊണ്ടു തച്ചുടച്ച്, ചെങ്കൊടിയിൽ പുതപ്പിച്ച് ലൗകികസായൂജ്യം പരിരക്ഷിക്കുവാനാണ്, ഭൗതികപറുദീസാ സൃഷ്ടിക്കുവാനാണ്, കമ്മ്യൂണിസ്റ്റ് വെമ്പൽകൊള്ളുന്നതു്. കത്തോലിക്കൻ ജന്മനാ മതാസക്തനായിരിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് ഔദ്യോഗികമായി മതവിദ്വേഷിയാണ്. അവനു മതം ലെനിന്റെ ഭാഷയിൽ "കറുപ്പാ"ണ്. മതം ആചരിച്ചാൽ കമ്മ്യൂണിസത്തിനു മാന്ദ്യം അനുഭവപ്പെടും. അവസാനം അന്തരിക്കുകയുംചെയ്യും. മതം കമ്മ്യൂണിസ്റ്റിന്റെ പരമശത്രുവാണ്. ഇന്ത്യൻകമ്മ്യൂണിസ്റ്റിനു മതവിദ്വേഷമില്ലെന്നുപറയുന്നതു മൂർക്കൻപാമ്പിന്റെ കുഞ്ഞിനു വിഷമില്ലെന്നു പറയുന്നതുപോലെയാണ്. അതിനെ ഒന്നു വളരുവാൻ അനുവദിക്കുക, അപ്പോൾ അറിയാം അതിന്റെ കരാളകാളകൂടം നടത്തുന്ന കെടുതികൾ!

ഉദ്ദേശം കരഗതമാക്കുവാൻ കത്തോലിക്കൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ അനീതിപരമോ അസാന്മാർഗ്ഗികമോ ആകാൻപാടില്ല. പ്രത്യുത കമ്മ്യൂണിസ്റ്റ് തന്റെ ഉദ്ദേശം സാധിതപ്രായമാക്കുവാൻ ഉപയോഗിക്കുന്ന ഉപായങ്ങൾ അനീതിപരമോ അസാന്മാർഗ്ഗികമോ ആകാം. ഉദ്ദേശം ഉപായത്തെ സാധൂകരിക്കുമെന്നാണ് അവരുടെ വേദാന്തം.

കത്തോലിക്കന്റെ ജീവിതവും ആദർശവും പ്രകൃതിനിയമങ്ങൾക്കു വിരുദ്ധമാകാൻപാടില്ല. കമ്മ്യൂണിസ്റ്റ്ജീവിതവും ആദർശവും പ്രകൃതിനിയമങ്ങളെപ്പോലും പരിഗണിക്കുന്നില്ല. പരിപൂർണ്ണസമത്വവും, ഏകരീതിയിലുള്ള സന്തോഷസന്താപവിഭജനവും നാം പ്രകൃതിയിൽപോലും കാണുന്നില്ല. എല്ലാ മനുഷ്യരും പ്രകൃതിപരമായി ഒരേവിധത്തിൽ ബുദ്ധിശക്തിയും ധീഷണാവിലാസവും കാര്യശേഷിയുമുള്ളവരായി കാണപ്പെടുന്നില്ല. ഇങ്ങനെയുള്ള വെറും ഭാവനാത്മകമായ ഒരു സ്ഥിതിസമത്വം സൃഷ്ടിക്കുവാനാണ് കമ്മ്യൂണിസ്റ്റ് സാഹസികമായി പ്രവർത്തിക്കുന്നതു്. സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും ഒരേ തോതിൽ രൂപാന്തരപ്പെടുത്തുമെന്നാണ് കമ്മ്യൂണിസ്റ്റിന്റെ ഭാവം.

ചരിത്രപരമായി നോക്കിയാൽ കത്തോലിക്കൻ സ്നേഹംകൊണ്ടും ത്യാഗംകൊണ്ടും തജ്ജന്യമായ സേവനംകൊണ്ടും ഉച്ചനീചത്വങ്ങളെ തുരത്തുവാൻ ശ്രമിക്കുമ്പോൾ, തൊഴിലാളിമുതലാളി മൈത്രിയെ പുലർത്തുവാൻ ശ്രമിക്കുമ്പോൾ, കമ്മ്യൂണിസ്റ്റ് ചരിത്രദൃഷ്ട്യാ "അരിവാളും ചുററികയും" ഉപയോഗിച്ച് സഹോദരലക്ഷങ്ങളെ രക്തപ്പുഴയിൽ ആറാടിച്ച് രാഷ്ട്രത്തിന്റെ സ്വേച്ഛാധിപത്യം സ്ഥാപിച്ച് പ്രജകളെ രാഷ്ട്രീയാടിമകളാക്കുവാനാണ് ബദ്ധകങ്കണരായി പരിശ്രമിക്കുന്നതു്. ഫ്രാൻസിലെ വിപ്ലവവും, റഷ്യയിലെ ബോൾഷെവിസപ്രസ്ഥാനവും, ചൈനയിലെ ജനശക്തിയും, വിയററ്നാം, വിയററ്മിൻ എന്നിവിടങ്ങളിൽ നടമാടിയ രക്തച്ചൊരിച്ചിലും, ഹങ്കറിയിലെ കൂട്ടക്കൊലയും, ഇററലിയിൽ തലപൊക്കിയ ആഭ്യന്തരവിപ്ലവവും, ഭാരതത്തിൽ വേഷപ്രച്ഛന്നരായി അങ്ങുമിങ്ങും കാട്ടിക്കൂട്ടുന്ന കോമരതാണ്ഡവങ്ങളും ഇതിനു ഉത്തമോദാഹരണങ്ങളാണ്. ഈ വിപ്ലവച്ചുഴിയിലേക്കാണ് ഇന്നു നാസ്സർപ്രഭൃതികളും, നാമമാത്രകത്തോലിക്കരും ത്വരിതഗമനം ചെയ്യുന്നതു്.

കമ്മ്യൂണിസ്റ്റിന്റെ അടിസ്ഥാനപരമായ ലക്ഷ്യംതന്നെ കത്തോലിക്കത്വത്തിന്റെ അടിത്തറ മാന്തുകയെന്നതാണ്. ഭൗതികാനന്ദങ്ങൾക്കുവേണ്ടിമാത്രം നിലകൊള്ളുന്ന കമ്മ്യൂണിസ്റ്റ്, കത്തോലിക്കത്വത്തിന്റെ അലകും പിടിയുമായ ക്രൂശിതനീശോയുടെ സഹനങ്ങൾക്കു അല്പംപോലും വില കല്പിക്കുന്നില്ല സഹനത്തെ നിഷിദ്ധമായി കമ്മ്യൂണിസ്റ്റ് പുറംതള്ളുന്നു. കത്തോലിക്കൻ സഹനംമൂലം സന്തോഷത്തിന്റെ നെല്ലിപ്പടി കാണുവാൻ ആഗ്രഹിക്കുന്നു. കത്തോലിക്കനു് ക്രിസ്തുവിനോടുകൂടി സഹനംകൈവരിച്ച് പരമാനന്ദത്തിൽ പ്രവേശിക്കുവാൻ കുരിശു പ്രേരണയും പ്രചോദനവും നൽകുമ്പോൾ കമ്മ്യൂണിസ്റ്റിനു അതു നിന്ദ്യവും നീചവും നിഷിദ്ധവുമായിത്തീരുന്നു.

Chakolas SILK HOUSE TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

EP

യഥാർത്ഥത്തിൽ കമ്മ്യൂണിസം കത്തോലിക്കാമതത്തെ തച്ചുടയ്ക്കുവാൻ കോപ്പുകൂട്ടിപ്പുറപ്പെട്ടിരിക്കുന്ന പരമശത്രുവാണ്. സ്വർഗ്ഗീയ കുഞ്ഞാടിനെ വേട്ടയാടുവാൻ വെമ്പൽകൊള്ളുന്ന നാരകീയചെന്നായാകുന്നു കമ്മ്യൂണിസം. ഇതാണ് ഇന്നു കേരളത്തിലും നമുക്കു അനുഭവമായിരിക്കുന്നതു്. ദൈവത്തിന്റെ നാമംപോലും ഉച്ചരിക്കാതെ കത്തോലിക്കനാമം പേറുന്ന മാന്യന്മാർപോലും ഔദ്യോഗികമായി സത്യപ്രതിജ്ഞചെയ്യുന്നതും നമുക്കു അനുഭവമല്ലേ. നിരക്ഷരകുക്ഷികളായ ചില കത്തോലിക്കർ ഏതാദൃശനേതാക്കന്മാരുടെ ദുരുപദേശത്തിൽപ്പെട്ടു കൊന്തയുമേന്തി കമ്മ്യൂണിസ്റ്റ്ഘോഷയാത്രയിൽ പങ്കുകൊള്ളുന്നതും നാം കാണുന്നില്ലേ!

അതിനാൽ "കാത്തലിക്ക് കമ്മ്യൂണിസ്റ്റ്" സങ്കരം ഒരിക്കലും സാദ്ധ്യമല്ല. ഈ അബദ്ധത്തിൽപ്പെട്ടു നട്ടംതിരിയുന്നവരുടെ ആത്മരക്ഷയ്ക്കുവേണ്ടി നമുക്കു ആത്മാർത്ഥം പ്രാർത്ഥിക്കാം.

—o—

# ചോദിച്ചാൽ പറയാം

103 ചോ: കത്തോലിക്കാസഭ കൈനോട്ടം, ജാതകം ഇവ നിഷിദ്ധങ്ങളാണെന്നു് അനുശാസിക്കുന്നുണ്ടോ?

ഉ: ഈ ചോദ്യമയച്ച ആൾക്കു തന്റെ പേരു പറയുന്നതിനുപോലും നാണമുള്ളതുപോലെ തോന്നുന്നു. എന്നാൽ മുകളിൽ മറുപടി പറഞ്ഞ ചോദ്യമായി ബന്ധപ്പെട്ട ഒന്നാകയാൽ മാത്രമാണ് പേരില്ലാത്തതാണെങ്കിലും ഇതിനു ഇവിടെ മറുപടി പറയുന്നതു്.

ആകാശത്തിലെ ഗ്രഹങ്ങളുടെ ഗതിവിഗതികളെ കുറിക്കുന്ന ശാസ്ത്രത്തിനാണ് നാം ജ്യോതിശ്ശാസ്ത്രമെന്നു പറയുന്നതു്. വസ്തുതകളെ അടിസ്ഥാനപ്പെടുത്തി ഗണിച്ചെടുക്കുന്ന ഇതു് രസാവഹവും വിജ്ഞാനപ്രദവുമായ ഒരു ശാസ്ത്രമാണ്. ഈ ഗ്രഹങ്ങളുടെ ഗതിവിഗതികൾകൊണ്ടു പ്രകൃതിപരമായി ഭൂമിയിലുണ്ടാകുന്ന മാററങ്ങളെയും നമുക്കു ഗണിച്ചെടുക്കുവാൻ കഴിയും. ഋതുക്കൾ, ശീതോഷ്ണസ്ഥിതി, മഴയും വെയിലും മുതലായവ ഒരുമാതിരി കൃത്യമായിത്തന്നെ ഈ ശാസ്ത്രം മുഖേന കണക്കാക്കുവാൻ കഴിയും.

എന്നാൽ ഗ്രഹങ്ങളുടെ നില നോക്കി മനുഷ്യജീവിതത്തിന്റെ ഗതിവിഗതികൾ പറയാൻ ശ്രമിക്കുന്ന ഒരു സമ്പ്രദായമുണ്ട്. ഇതിനാണു നാം ജോത്സ്യം എന്നു പറയുന്നതു്. ഇച്ഛാശക്തിയോടുകൂടിയ മനുഷ്യന്റെ ജീവിതത്തിലോ പ്രവർത്തനങ്ങളിലോ ഗ്രഹങ്ങൾക്കു യാതൊരു സ്വാധീനശക്തിയും ചെലുത്തുക സാദ്ധ്യമല്ല. മറിച്ചു സ്വാധീനശക്തി ചെലുത്താമെന്നു പറയുന്നതു് മനുഷ്യന്റെ ഇച്ഛാശക്തിയെ നിഷേധിക്കുകയാകുന്നു. അതു ദൈവപരിപാലനയെ അവഗണിക്കുകയാകുന്നു. ആകയാൽ കത്തോലിക്കാസഭ ജ്യോത്സ്യത്തെ ശക്തിയായി നിഷേധിക്കുന്നു. പഞ്ചാംഗസംവിധാതാവായ ഗ്രിഗറി മാർപ്പാപ്പായെപ്പോലെയുള്ള സുപ്രസിദ്ധ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചിട്ടുണ്ട്. ഇന്നും ലോകത്തിലെ‌അദ്വിതീയജ്യോതിശ്ശാസ്ത്രജ്ഞന്മാരിൽ പലരും ഈശോസഭാവൈദികരാണ്. ജ്യോതിശ്ശാസ്ത്രത്തെ ഇങ്ങനെ താലോലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന കത്തോലിക്കാസഭതന്നെയാണ് ജോത്സ്യത്തെ മായത്തരമായി തള്ളിക്കളയുന്നതെന്നവസ്തുത നാം അനുസ്മരിക്കണം.

ആകയാൽ ഒരു ശിശുവിന്റെ ജനനസമയത്തു്, അതിന്റെ ഭാവി നിർണ്ണയിക്കുന്നതിനുവേണ്ടി ജാതകമെഴുതിക്കുന്നതു വെറും മായത്തരമായ ഒരു പ്രവൃത്തിയാണ്. വിശുദ്ധ ആഗുസ്തീനോസ് ഈ നടപടിയെ അതിശക്തിയായ ഭാഷയിൽ ആക്ഷേപിച്ചിട്ടുണ്ട്. വിശുദ്ധ തോമ്മസ് അക്വിനാസ് എഴുതുന്നു: താൽക്കാലികങ്ങളോ യാദൃച്ഛികങ്ങളോ ആയ സംഭവങ്ങളെ മുൻകൂട്ടി അറിയുന്നതിനുവേണ്ടിയോ, മനുഷ്യന്റെ ഭാവിപ്രവർത്തനങ്ങളെ അറിയുന്നതിനുവേണ്ടിയോ ആരെങ്കിലും ഗ്രഹനിലയെ ആധാരമാക്കുന്നതായാൽ അയാളുടെ നടപടി അബദ്ധവും അടിസ്ഥാനരഹിതവുമായ ഒരു ആശയത്തെ ആധാരമാക്കിയുള്ളതാകുന്നു. പിശാചിന്റെ പ്രവർത്തനമാണ് അവിടെ നടക്കുന്നതു്. ആകയാൽ അതു് അന്ധവിശ്വാസപരവും നിയമവിരുദ്ധവുമായിട്ടുള്ളതാകുന്നു" (Summa, II a, II ae, Q 95 art 5)

കൈനോട്ടത്തിന്റേയും ഭാഗ്യം പറച്ചിലിന്റേയും കാര്യവും ഇങ്ങനെതന്നെയാകുന്നു. ഭാഗ്യം പറച്ചിൽ എന്നു പറയുന്നതു് രഹസ്യമോ നിഗൂഢമോ ആയ എന്തെങ്കിലും മുൻകൂട്ടി പറയുവാനുള്ള ഒരു ശ്രമമാണല്ലോ. ഭൂതലക്ഷണമോ, അടയാളങ്ങളോ, സംഖ്യകളോ, കൈയിലെ രേഖകളോ, മററോ നോക്കി ഭാവിപ്രവചിക്കുന്ന ഒരു സംരംഭമാണതു്. മുൻകാലങ്ങളിൽ ദൈവം പ്രവാചകന്മാരെ നിയോഗിച്ചിരുന്നുവെന്നതു ശരിതന്നെ. അവർക്കു ഭാവികാര്യങ്ങൾ മുൻകൂട്ടി പറയുവാനുള്ള പ്രത്യേകവരം ദൈവം നൽകിയിരുന്നു. പക്ഷെ തങ്ങളുടെ നിർമ്മലജീവിതത്താലും അത്ഭുതപ്രവർത്തനങ്ങളാലും തങ്ങൾ ദൈവപ്രേഷിതരാണെന്നു അവർ തെളിയിച്ചിരുന്നു. ഭൗതികമായ ആദായത്തിനുവേണ്ടിയല്ലാ, ജനങ്ങളെ നന്മയിലേക്കും ദൈവത്തിങ്കലേക്കും വഴിനടത്തുന്നതിനാണ് അവർ പ്രവചനവരം ഉപയോഗിച്ചിരുന്നതു്.

അവരെത്തുടർന്ന് അനേകം കള്ളപ്രവാചകന്മാരുണ്ടായിട്ടുണ്ട്. ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. (ദൈവത്തിനു എപ്പോഴും ആരെ വേണമെങ്കിലും പ്രവാചകന്മാരാക്കുവാൻ സാധിക്കും. പക്ഷെ അങ്ങനെയുള്ളവർ ദൈവികമനുഷ്യരായിരിക്കും. അവരുടെ ജീവിതം തന്നെ പരിശുദ്ധമായിരിക്കും) ഇന്നത്തെ കള്ളപ്രവാചകന്മാർ ചിലപ്പോൾ അസാധാരണങ്ങളായ ചില കാര്യങ്ങൾ പറഞ്ഞെന്നു വരാം. തങ്ങളുടെ തൊഴിലിൽ അവർ വിദഗ്ദ്ധരാണെന്നു മാത്രമേ അതിനർത്ഥമുള്ളു. ഈ ഭാഗ്യം പറച്ചിലുകാർ ജനങ്ങൾക്കു കേൾക്കുവാൻ ഇഷ്ടപ്പെടുന്ന കാര്യങ്ങളാണ് സാധാരണ പറയാറുള്ളതു്. ദീർഘകാലാനുഭവത്തിൽ നിന്നു് അതു എന്താണെന്നു് അനുമിക്കുവാൻ അവർക്കു കഴിയും. സാധാരണ ജനങ്ങളെ ആകർഷിക്കുന്നതിനും വിഭ്രമിപ്പിക്കുന്നതിനും അങ്ങനെ അവർക്കു കഴിയുന്നു.

എന്നാൽ അവരുടെ വ്യക്തിപരമായ ജീവിതം, പെരുമാററം അത്ഭുതപ്രവർത്തനത്തിനുള്ള കഴിവില്ലായ്മ, പണത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള അത്യാശ, ഇതെല്ലാം അവർ ദൈവത്തിൽനിന്നുള്ളവരല്ലായെന്നാണു തെളിയിക്കുന്നതു്. എന്നോടുകൂടിയല്ലാത്തവൻ എനിക്കെതിരാകുന്നു എന്ന ക്രിസ്തുവിന്റെ വാക്യം ഇവിടെ അനുസ്മർത്തവ്യമാണ്. ദൈവത്തിൽനിന്നല്ലാത്തവരായ ഇവർക്കു് എന്തെങ്കിലും അസാധാരണ കഴിവുകളുണ്ടെങ്കിൽ അതു പിശാചിൽനിന്നുള്ളതായിരിക്കണം. പിശാചുമായി സംസർഗ്ഗമുള്ളവർ ദൈവത്തിന്റെ സ്നേഹിതന്മാരല്ലല്ലോ. ആകയാൽ അത്തരം ആൾക്കാരുമായി ബന്ധപ്പെടുന്നതും അവരെക്കൊണ്ടു ഭാവിപറയിപ്പിക്കുന്നതും പാപകരമാകുന്നു. ഇക്കാര്യത്തിൽ ദൈവം നൽകിയിരിക്കുന്ന മുന്നറിയിപ്പു മറക്കരുതു്. "തന്റെ മകനെയോ തന്റെ മകളെയോ തീയിൽക്കൂടി നടത്തുന്നവനും, പ്രശ്നക്കാരനും കൺകെട്ടുകാരനും, ശകുനക്കാരനും മന്ത്രവാദിയും ക്ഷുദ്രപ്രയോഗിയും, ശകുനക്കാരോടും പ്രശ്നക്കാരോടും ആലോചിക്കുന്നവനും മൃതരോടു അരുളപ്പാടു ചോദിക്കുന്നവനും നിന്നിൽ കാണപ്പെടരുതു്. എന്തെന്നാൽ ഇവ ചെയ്യുന്നവരെല്ലാം നിന്റെ ദൈവമായ കർത്താവിന്റെ സന്നിധിയിൽ അശുദ്ധരാകുന്നു. അവരെ ഈ അശുദ്ധികൾനിമിത്തം നിന്റെ ദൈവമായ കർത്താവു നി

(ശേഷം 11-ാംപേജിൽ)

# ഞങ്ങളുടെ തീർത്ഥയാത്ര

(ജെ. മാണിക്കത്തു്, റോം)

II

## സീയന്നാ

11 മണിയോടുകൂടി ഞങ്ങൾ സീയന്നായിലേക്കു യാത്രതിരിച്ചു. ഓർവിയേത്തോയിൽനിന്നു് 100 മൈലോളംവരും സീയെന്നായിലേക്കു്. ഇടയ്ക്കു അല്പം വിശ്രമിച്ചതിനാൽ 3 മണിക്കേ സീയെന്നായിലെത്തുവാൻ സാധിച്ചുള്ളു.

ചിത്രകലാശില്പങ്ങൾ കൊണ്ടു നിറഞ്ഞതാണിററലി മുഴുവനെങ്കിലും സീയന്നാ അതിലേററവും കലാസമൃദ്ധമായ പട്ടണങ്ങളിലൊന്നായിട്ടാണു് കണക്കാക്കപ്പെട്ടുപോരുന്നതു്. ഈ പട്ടണത്തിന്റെ ഒരു പ്രത്യേകത അതിന്നും മദ്ധ്യശതകങ്ങളിലെ പട്ടണങ്ങളിലൊന്നാണെന്നുള്ളതാണു്. ഇതൊന്നുമാത്രമാണു് സീയെന്നായെ മററു പട്ടണങ്ങളിൽനിന്നു വേർപെടുത്തുന്നതും, അതോടൊപ്പം കലയിൽ അവയുമായി ബന്ധപ്പെടുത്തുന്നതും.

സീയന്നായെപ്പററിയുള്ള ഐതിഹ്യം ഇപ്രകാരമാണു്. റേമിപുത്രന്മാരായ ആർചിയസ് സേനിയസ് എന്നീ സഹോദരന്മാരാൽ പണിയിക്കപ്പെട്ട ഒരു റോമൻ പട്ടണമായിരുന്നു അതു്. ഈ കെട്ടുകഥയിൽ നിന്നാണു് സീയന്നായ്ക്കു് ഇന്നുകാണുന്ന ചിഹ്നം (Symbol) ഉണ്ടായതു്. ഒരു പെൺചെന്നായ ഈ രണ്ടു സഹോദരങ്ങളെ നക്കിവെടിപ്പാക്കുന്നതാണതു്.

സീയന്നായിലെ വി. കത്രീനായെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുങ്ങും. സീയന്നായിലേക്കു പോകുന്നുവെന്നു കേട്ടപ്പോൾ എന്റെ മനസ്സിലുദിച്ച പ്രധാന അഭിലാഷം വിശുദ്ധയെ സംബന്ധിച്ച പുണ്യസ്ഥലങ്ങൾ ദർശിക്കുവാനായിരുന്നു. സീയന്നാ പട്ടണത്തിൽ അല്പം കിഴക്കോട്ടുമാറി, അധികം തിക്കും തിരക്കുമില്ലാത്ത ഒരു സ്ഥാനത്തു നിലകൊള്ളുന്നു വി. കത്രീനാ ജനിച്ചുവളർന്ന വീടു്. 1347 മാർച്ചു് 27-നു ജേക്കബ് (Jacob) മോനി എന്നീ ദമ്പതിമാരിൽ നിന്നും ഭൂജാതയായി കത്രീന. പിതാവു ഒരു ചായപ്പണിക്കാരനായിരുന്നു. അതിബുദ്ധിശാലിനിയും നല്ലൊരെഴുത്തുകാരിയുമായിരുന്നു അവൾ തന്റെ ഉറച്ച വിശ്വാസവും എഴുത്തുകളും വഴി മനുഷ്യഹൃദയങ്ങളെ അമാനുഷികമായ രീതിയിൽ ദൈവത്തിങ്കലേക്കാനയിച്ചു. 1377-ൽ അന്നു് (Avignon) അവിഞ്ഞോണിൽ കാരാഗൃഹവാസം അനുഭവിച്ചുകൊണ്ടിരുന്ന ഗ്രിഗരി പതിനൊന്നാമൻ മാർപ്പാപ്പായെ മോചിപ്പിക്കുന്നതിനു് വിശുദ്ധയുടെ തീവ്രയത്നത്താൽ സാധിതപ്രായമായി. 1380 ഏപ്രിൽ 29-നു വിശുദ്ധ കത്രീന ചരമമടഞ്ഞു. 1461-ൽ പീയൂസ് രണ്ടാമൻ മാർപ്പാപ്പ അവളെ വിശുദ്ധരുടെ പട്ടികയിൽചേർത്തു. 1939 ൽ വി. കത്രീനായെ ഇപ്പോൾ ഭാഗ്യമോടെ വാണരുളുന്ന 12-ാം പീയൂസ് മാർപ്പാപ്പാ ഇററലിയുടെ സംരക്ഷികയായി പ്രഖ്യാപനം ചെയ്തു.

വിശുദ്ധയെ നാമകരണം ചെയ്തിട്ടു് അധികകാലം കഴിയുന്നതിനുമുമ്പു തന്നെ സീയന്നായിലെ കത്തോലിക്കാ വിശ്വാസികൾ അവളുടെ വസതി ഒരു പുണ്യതീർത്ഥമായി സന്ദർശിച്ചു ബഹുമാനിച്ചുതുടങ്ങി. ഇന്നും അതിനോടുള്ള ബഹുമാനം പ്രകടിപ്പിച്ചുപോരുന്നു. ഇതിന്റെ പല ഭാഗങ്ങളും ഒരു പള്ളിപോലെ മോടിപിടിപ്പിക്കുന്നതിനായി പൊളിച്ചുപണിതുവെങ്കിലും ഇന്നും പഴയവീടിന്റെ അടുക്കള മുതലായവയുടെ ഏതാനും ഭാഗങ്ങൾ കാണുവാൻ കഴിയും. വിശുദ്ധയുടെ മുറി ഇന്നൊരു പ്രാർത്ഥനാലയമായി തീർന്നിരിക്കുകയാണു്.

ഈ വീടിന്റെ മുമ്പിലായി സ്വർണ്ണലിപികളാൽ ഇപ്രകാരം ആലേഖനം ചെയ്തിരിക്കുന്നു: "കർത്താവിന്റെ മണവാട്ടിയായ വി. കത്രീനായുടെ വീടു്." (Sponsae Kristi Catharinae domus) ഇന്നു് ഒരു ദേവാലയമായി തീർന്നിരിക്കുന്ന ഈ വീടിന്റെ മതിലുകളിന്മേൽ വിശുദ്ധയുടെ ജീവിതത്തിലെ പ്രധാനസംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന പല ചിത്രങ്ങളും കാണുവാൻ കഴിയും. അവയിൽ ചിലതാണു് വി. കത്രീനായ്ക്കു് പഞ്ചക്ഷതങ്ങൾ ലഭിക്കുന്നതും, കർത്താവു് തന്റെ ഹൃദയം അവളുടെ ഹൃദയത്തിനു വേണ്ടി കൈമാറുന്നതും അവിടുന്നു് അവളെ മുൾക്കിരീടം അണിയിക്കുന്നതും, അവൾക്കു പ്രത്യക്ഷപ്പെട്ടു് അവളെ കല്യാണമോതിരമണിയിക്കുന്നതും (the mystic nuptials of St. Catherine) മരണത്തിനു വിധിക്കപ്പെട്ട ഒരു മഹാപാപി അവളുടെ പ്രാർത്ഥനയാൽ മാനസാന്തരപ്പെടുന്നതും മററും മററും. പലചിത്രകാരന്മാരാൽ നാലു നൂററാണ്ടുകൾക്കുള്ളിൽ വരയ്ക്കപ്പെട്ടവയാണു് ഇവയെല്ലാം.

ഇററലിയുടെ സംരക്ഷികയെന്ന നിലയിലും, സീയന്നായുടെ പ്രസിദ്ധിക്കു് പ്രഥമ ഹേതുഭൂതയെന്ന നിലയിലും വിശുദ്ധ കത്രീനായെ സീയന്നാ നിവാസികൾ ഇന്നും ഭക്തിവാത്സല്യപൂർവ്വം വണങ്ങിപ്പോരുന്നു.




വി. കത്രീനായ്ക്കു പഞ്ചക്ഷതങ്ങൾ ലഭിക്കുന്നതു് (സെൻറ് ഡൊമനിക്കോ കത്തീഡ്രലിലെ പ്രസിദ്ധമായ തിരുസ്വരൂപം)

## തിരുവോസ്തികളുടെ അത്ഭുതം

അധികംപേരും അറിഞ്ഞിട്ടില്ലാത്ത ഒന്നാണിതു്. പല അവിശ്വാസികളുടെയും മാനസാന്തരങ്ങൾ ഈ അത്ഭുതസംഭവം വഴിയായി ഇന്നും നടന്നുപോരുന്നുണ്ടു്. ഈ അത്ഭുതസംഭവത്തിന്റെ വാസ്തവികത താഴെ പറയുന്നവകൊണ്ടു വിശദമാകുന്നതാണു്.

കൊല്ലംതോറും സീയന്നാനിവാസികളുടെ വകയായി ആഗസ്റ്റു് 14-നു (പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനു തലേദിവസം) അലങ്കരിച്ച ഒരു മെഴുകുതിരി മാതാവിനു സമർപ്പിക്കുകയെന്നൊരു പതിവുണ്ടായിരുന്നു. ഇന്നും ഈ പതിവു് അഭംഗം കാത്തുപോരുന്നു. ഇതു സംബന്ധിച്ചുള്ള ആഘോഷമായ പ്രദക്ഷിണത്തിൽ ഈ പട്ടണത്തിലുള്ള എല്ലാവരും സജീവമായി പങ്കെടുക്കുക പതിവാണു്. 1730-ാമാണ്ടിൽ ഈ പ്രദക്ഷിണത്തിൽ സംബന്ധിക്കുന്നതിനു് വി. ഫ്റാൻസീസിന്റെ ദേവാലയത്തോടനുബന്ധിച്ചുള്ള കൊവേന്തയിലെ ഫ്റാൻസിസ്കൻ സന്യാസികളെല്ലാവരും പോയ അവസരംനോക്കി, കള്ളന്മാർ പള്ളിയിൽകയറി വി. സക്രാരി കുത്തിത്തുറന്നു് കൂദാശചെയ്ത തിരു ഓസ്തികൾ സൂക്ഷിച്ചിരുന്ന കുസ്തോദി (Ciborium) മോഷ്ടിച്ചുകൊണ്ടു് കടന്നുകളഞ്ഞു. പിറേറദിവസം രാവിലെ പട്ടണം മുഴുവൻ ഈ വാർത്ത പരന്നു തിരുനാൾ സംബന്ധിച്ചുള്ള എല്ലാ ആഘോഷങ്ങളും നിട്ടിവച്ചു്, എല്ലാ പള്ളികളിലും ദൈവകാരുണ്യത്തിനും വിശുദ്ധ ഓസ്തികൾ കണ്ടുപിടിക്കുന്നതിനുള്ള അനുഗ്രഹത്തിനുമായി പരസ്യപ്രാർത്ഥനകൾ നടത്തപ്പെട്ടു. ഈ പ്രാർത്ഥന കേൾക്കപ്പെടുകയും ചെയ്തു.

വി. ഫ്റാൻസീസിന്റെ പള്ളിയിൽനിന്നും അധികം അകലെയല്ലാത്ത പ്രൊവേഞ്ഞൊനോ മാതാവിന്റെ പള്ളിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരൾത്താരബാലൻ അവന്റെ മുമ്പിൽ സ്ഥാപിച്ചിരുന്ന നേർച്ചപ്പെട്ടിയിൽ വെളുത്തനിറത്തിലുള്ള എന്തോ തിളങ്ങുന്നതുകണ്ടു വിവരം കപ്യാരെ അറിയിച്ചു. കപ്യാർ ഉടനെ വിവരം അച്ചന്മാരെയും മെത്രാനേയും അറിയിച്ചു രൂപതയിലെ വികാരിജനറാൾ വന്നു പ്രസ്തുതപെട്ടി തുറന്നുനോക്കിയപ്പോൾ, കൊള്ളയടിക്കപ്പെട്ട ദിവ്യഓസ്തികൾ അതിൽ കാണപ്പെട്ടു. 17-ാം തിയതിയാണിതു നടന്നതു്. തിരുഓസ്തികളുടെ എണ്ണവും അവയിൽ പതിച്ചിരുന്ന അടയാളവും വഴി 14-ാംനു- സക്രാരിയിൽനിന്നു മോഷ്ടിക്കപ്പെട്ട ഓസ്തികൾതന്നെയാണു് അവയെന്നു തെളിഞ്ഞു. രണ്ടുദിവസം പരസ്യാരാധനയ്ക്കായി ഈ ഓസ്തികൾ പ്രദർശിപ്പിക്കപ്പെട്ടു അപ്പത്തിന്റെ സാദൃശ്യത്തിൽ ദിവ്യഓസ്തിയിൽ അടങ്ങിയിരിക്കുന്ന നമ്മുടെ ദിവ്യരക്ഷകനെ ആയിരക്കണക്കിനു വിശ്വാസികൾ സന്ദർശിച്ചാരാധിച്ചു. 18-ാംനു- വൈകുന്നേരം 6000 കത്തിച്ച വിളക്കുകളുടേയും അനേകായിരക്കണക്കിനു വിശ്വാസികളുടേയും അകമ്പടിയോടുകൂടി കൂദാശചെയ്ത വിശുദ്ധ ഓസ്തികൾ മാതാവിന്റെ പള്ളിയിൽനിന്നും വി. ഫ്റാൻസീസിന്റെ ദേവാലയത്തിലേക്കു കൊണ്ടുവരപ്പെട്ടു.

350 എണ്ണം വരുന്ന ഈ ദിവ്യഓസ്തികൾ ഒരു കെത്താനായിൽ പൊതിഞ്ഞു് ഈ ദേവാലയത്തിന്റെ ഉയർന്ന അൾത്താരയിൽ സൂക്ഷിച്ചുപോന്നു. വർഷങ്ങൾ പലതു കഴിഞ്ഞിട്ടും പ്രകൃത്യാതീതമായ വിധത്തിൽ, യാതൊരവസ്ഥാന്തരവും ഭവിക്കാതെ അവ സ്ഥിതിചെയ്തിരുന്നു. ഫ്റാൻസിസ്കൻ ജനറാൾ 1780 ൽ അവയെ ഒരു സൂക്ഷ്മപരീക്ഷണം നടത്തി. യാതൊരു മാററവും വന്നിട്ടില്ലാത്ത 230 തിരുഓസ്തികൾ പ്രത്യേകം തിരിഞ്ഞെടുത്തു, പ്രസ്തുതസ്ഥാനത്തുതന്നെ നിക്ഷേപിച്ചു. പിന്നീടു് 1789-ലും 1854-ലും ഇവ പരീക്ഷണത്തിനു വിധേയമാക്കപ്പെട്ടു. 1914-ൽ നടത്തിയ ഒരു ശാസ്ത്രീയപരീക്ഷണത്തിൽ മെത്രാനെ കൂടാതെ, റോമൻ സർവ്വകലാശാലയിലെ മൂന്നു രസതന്ത്രശാസ്ത്രജ്ഞന്മാർകൂടെ സംബന്ധിച്ചിരുന്നു. അവരുടെപരീക്ഷണത്തിനു ശേഷം ഈ ഓസ്തികൾ നല്ല ഗോതമ്പുകൊണ്ടുണ്ടാക്കിയിട്ടുള്ളവയാണെന്നും അടുത്തെങ്ങും അവയ്ക്കു് യാതൊരു മാററവും സംഭവിക്കയില്ലെന്നും ഒരു സംയുക്തപ്രഖ്യാപനം നടത്തുകയുണ്ടായി.


അവസാനപരീക്ഷണം 1922 ജൂലായി 5-ാംനു- ആയിരുന്നു. അന്നു് എല്ലാവരുടേയും ഐകകണ്ഠ്യേനയുള്ള അഭിപ്രായപ്രകാരം പ്രസ്തുത തിരുഓസ്തികൾ സ്വർണ്ണതൂണുകളിൽ താങ്ങപ്പെട്ട ഒരു സ്ഫടികപേടകത്തിലേക്കു മാററി. ഞങ്ങൾക്കു് അവയെ കാണുന്നതിനുള്ള ആഗ്രഹം ബ. ശ്രേഷ്ഠനെ അറിയിച്ചതിനാൽ, അദ്ദേഹം സക്രാരി തുറന്നു് പ്രസ്തുത പേടകത്തിൽ നിക്ഷേപിച്ചിരുന്ന ഓസ്തികളെ ഞങ്ങൾക്കു കാണിച്ചുതന്നു. 237 കൊല്ലം കഴിഞ്ഞിട്ടും യാതൊരു കേടും ഭവിക്കാതെ അവ ഇന്നും പുതുതായിതന്നെ കാണപ്പെടുന്നു.

## സീയന്നാ കത്തീഡ്രൽ

മാർബിൾ ശിലകൾ ദൈവഗീതമാലപിക്കുന്നുവോ എന്നു് തോന്നുമാറു് അത്ര ചേതോഹരമായ രീതിയിൽ വിശേഷപ്പെട്ട മാർബിൾകൊണ്ടു പണിതീർത്തിട്ടുള്ള ഒന്നാണു് ഈ ദേവാലയം. ഇററലിയിലുള്ള കത്തീഡ്രൽ പള്ളികളിൽ ഏററവും മനോഹരങ്ങളായവയിൽ ഒന്നാണിതു്. 11-ാം നൂററാണ്ടിൽ ആരംഭിച്ച ഈ ദേവാലയത്തിന്റെ പണി പൂർത്തിയായതു് 15-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലാണു്. തന്മൂലം റോമൻ ഗോത്തിക്കു് രീതികൾ ഇതിന്റെ പണിയിൽ ഉടനീളം കാണുവാൻ കഴിയും.

ഓർവിയേത്തോയിലേതു പോലെതന്നെ പള്ളിയുടെ ഏററവും കലാപരവും ഭംഗിയേറിയതുമായ ഭാഗം മുഖപ്പാണു്. മുഖപ്പിന്റെ മുകൾഭാഗത്തു പുതിയനിയമത്തിലെ ചില സംഭവങ്ങളെ ചിത്രീകരിച്ചിരിക്കുന്നു; കീഴ്ഭാഗത്തു പഴയനിയമത്തിലേതും. പ്രസിദ്ധനായ ജോൺ പിസ്സാനിയെന്ന കലാകാരൻ വരച്ചവയാണു് ഇവയെല്ലാം.

ഉൾഭാഗം രണ്ടു നിരയിൽ കറുപ്പും വെളുപ്പും നിറങ്ങളുള്ള മാർബിൾ തൂണുകളിന്മേൽ താങ്ങിനില്ക്കുന്ന ആർച്ചുകളാൽ മോടിപിടിപ്പിക്കപ്പെട്ടിരിക്കയാണു്. 86 മീററർ നീളവും 25 മീററർ വീതിയുമുണ്ടു് ഈ പള്ളിക്കു്. ഈ ദേവാലയത്തിന്റെ പ്രത്യേകത അതിന്റെ തറയാണു്. ആദ്യകാ



സീയന്നായിലെ മനോഹരമായ കത്തീഡ്രൽ ദേവാലയം

ലത്തു് വിരിച്ചിരുന്ന ഇഷ്ടികമാററി ഒരു മാർബിൾത്തറയുണ്ടാക്കി അതിന്മേൽ വേദപുസ്തകത്തിലെ സംഭവങ്ങൾ മൊസെയ്ക്കു്(Mosaic) കല്ലുകളാൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. 40 കലാകാരന്മാരുടെ അനവധികാലത്തെ പരിശ്രമമാണിതെന്നു പറയപ്പെടുന്നു. പലകയിട്ടു മൂടിയിരിക്കയാണിതിൻെറ തറ. ആണ്ടിൽ ചില പ്രത്യേക അവസരങ്ങളിൽ മാത്രമേ പലകമാററി അവ മുഴുവൻ കാണുവാൻ തക്കവണ്ണം തുറന്നിടുകയുള്ളൂ.

—o—

(10-ാംപേജ് തുടർച്ച)

ൻ പറയുമ്പോൾ ഇറങ്ങിപ്പോകേണ്ടേ? തള്ളയുമില്ലാത്ത ഒരു "കെട്ടാമങ്ക"യെ എങ്ങനെ വീട്ടിൽ നിറുത്തും. ഇതുവരെ കാര്യമായി പട്ടിണികിടക്കാത്ത അവളെ എങ്ങനെ വെറുംവയറോടെ അന്തിയുറക്കും. വേലയെടുത്തുകഴിയാമെന്നു വച്ചാൽതന്നേയും നാശംപിടിച്ച ലോകം അതിനു സമ്മതിക്കുകയില്ല; അതുമിതും വളച്ചുകെട്ടി പറയും. അതു വിശ്വസിക്കാൻ, കൈകൊട്ടിച്ചിരിക്കാൻ, കുറെ മനുഷ്യരും. തൻെറ മകൾ കണ്ടാൽ കൊള്ളാവുന്നവളാണെങ്കിലും പണമില്ലാതെ ആരെങ്കിലും കെട്ടിക്കൊണ്ടുപോകുമോ? വല്ല തെണ്ടികളുടേയും പുറകെ എങ്ങനെ പറഞ്ഞുവിടും. ഇല്ല. അവൾ ദുഃഖിക്കാൻ പാടില്ല. അവളെങ്കിലും സൗഖ്യമായി കഴിയാൻ കരുണാകരനായ ദൈവം അനുവദിച്ചിരുന്നെങ്കിൽ ......

"അപ്പാ!" തൊണ്ടയിടറിയുള്ള ആ വിളി മാത്തനെ ചിന്തകളിൽനിന്നുമുണർത്തി.

"എന്താ മോളേ!"

"ഞാനിനി എങ്ങും പോണില്ല. ഈ വീട്ടിൽതന്നെ കഴിഞ്ഞോളാം. പട്ടിണികെടന്നു മരിച്ചാലും ശരി, ഞാനെങ്ങും ജോലിക്കു പോകുന്നില്ല. അവളുമാരുടെ പറച്ചിലുകേൾക്കാമല്ലോ."

അയാൾ ഒന്നും മറുപടി പറഞ്ഞില്ല അവൾ ചട്ടിയിൽ വിളമ്പിവച്ച ചോറു് അയാൾ കുറച്ചു വാരിയുണ്ടു. മിച്ചമിരുന്നതു് അമ്മിണി കഴിച്ചതേയില്ല. മാത്തൻ ചേട്ടൻ മയങ്ങിക്കഴിഞ്ഞപ്പോൾ, അവൾ പഴ്മ്പുറത്തുള്ള ചെന്തെങ്ങിൻെറ ചുവട്ടിൽ പോയിരുന്നു് ഏങ്ങലടിച്ചുകരഞ്ഞു. കിഴക്കേ മാനത്തിൻെറ കോണിൽ തലചായിച്ചുനിന്നിരുന്ന ചന്ദ്രക്കലയും കണ്ണുചിമ്മുന്ന നക്ഷത്രങ്ങളും ആ ശോകരംഗത്തിനു മൂകസാക്ഷ്യം വഹിച്ചു.

അവൾ കണ്ണുകൾ തുടച്ചു്, തലമുടി ഒതുക്കിക്കെട്ടി പുരയ്ക്കുള്ളിലേക്കു പോരുമ്പോൾ നേരം വളരെ രാത്രിയായിരുന്നു. മാത്തൻചേട്ടൻ കൂക്കംവലിച്ചുറക്കമാണു്. വിളക്കിരുന്നു കരിന്തിരികത്തുന്നു. അവൾ പാവിരിച്ചു്, വിളക്കൂതിക്കിടന്നു; കാവൽമാലാഖയോടും, ഉണ്ണീശോയോടും, പത്താംപീയൂസിനോടും, അൽഫോൻസാമ്മയോടും അവൾ ഹൃദയപൂർവ്വം പ്രാർത്ഥിക്കുവാൻ മറന്നില്ല.

ഓലപ്പഴുതിലൂടെ കടന്നുവന്ന ചന്ദ്രിക അമ്മിണിയുടെ കവിതയുരുന്ന കവിളിൽ ഏതോ മിനുക്കുപണികൾ ചെയ്തുകൊണ്ടിരുന്നു.

(തുടരും)

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

# കാനൺ റിച്ചിൻെറ മാനസാന്തരം

(റവ ഫാദർ തോമസ് മുത്തേടൻ എം. എ., ഡി. ഡി.)

കഴിഞ്ഞ മേയ് 19-ാം തീയതിയാണു് ആംഗ്ലിക്കൻസഭയിലെ ഒരുജ്ജ്വലതാരമായിരുന്ന കാനൺറിച്ചു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതു്. ആംഗ്ലിക്കൻപട്ടം കത്തോലിക്കാസഭ അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഇന്നു അദ്ദേഹം മിസ്റ്റർ റിച്ചുമാത്രമാണു്. 1944 മുതൽ 1950 വരെ പീററർബറോരൂപതയിൽ മതാദ്ധ്യയനഡിറക്ടരായും കത്തീഡ്റലിലെ കാനനായും പ്രശസ്തമായി അദ്ദേഹം ജോലിചെയ്തിട്ടുണ്ടു്. "ചർച്ചു് ടീച്ചിങ്ങ് ക്വാർട്ടെർലി" (Church Teaching Quarterly) യുടെ പത്രാധിപരും ഒരു ഗ്രന്ഥകാരനുമെന്ന നിലയിൽ കാനൺ റിച്ചു് ആംഗ്ലിക്കൻസഭയിലെ ഒരു പ്രമുഖവ്യക്തിയായിരുന്നു. "ആംഗ്ലിക്കൻസഭയിലെ ആദ്ധ്യാത്മികാധികാരം" എന്ന വിഷയത്തെപ്പററി 1953-ൽ അദ്ദേഹം പ്രസിദ്ധംചെയ്ത പുസ്തകം അവരുടെ ഒരു ഔദ്യോഗികഗ്രന്ഥമായിത്തീർന്നിട്ടുണ്ടു്. ക്രിസ്തീയതത്വവികസനത്തെപ്പററി പുസ്തകം എഴുതാൻ തുടങ്ങിയപ്പോഴാണു് കർദ്ദിനാൾ ന്യൂമൻെറ ആംഗ്ലിക്കൻവിശ്വാസം തുലാസിലാടിയതു്; ഏതാണ്ടു് അതുപോലെ ഒരനുഭവമായിരുന്നു മേൽപ്പറഞ്ഞ ഗ്രന്ഥം രചിച്ചപ്പോൾ കാനൺറിച്ചിനുമുണ്ടായതു്. അദ്ദേഹംതന്നെ തൻെറ ചരിത്രം വിവരിക്കട്ടെ

തിരുസ്സഭയ്ക്കുള്ള അധികാരത്തെപ്പററി പൂർണ്ണമായി ഞാൻ ഒരു ഗവേഷണംനടത്തി. ദിവ്യഗുരു സ്വജീവിതത്തിൽ പ്രകാശിപ്പിച്ച ദിവ്യാധികാരംതന്നെ തിരുസ്സഭയ്ക്കു വിട്ടുകൊടുത്തിരിക്കയാണെന്നായിരുന്നു എൻെറ നിഗമനം. എല്ലാക്കാലവും ആ അധികാരം സഭയിലുണ്ടായിരിക്കുകയും ചെയ്യും അപ്രമാദമായ ഒരധികാരമാണതു്; അതായതു് ആവിഷ്കൃത സത്യങ്ങളെ സംബന്ധിച്ചുള്ള സഭയുടെ അദ്ധ്യാപനത്തിൽ പ്രമാദം വരികയില്ലെന്നു സാരം.

ഒരു പ്രശ്നംമാത്രം അവശേഷിക്കുന്നു:- ആരാണു് ഈ അധികാരം പ്രയോഗിക്കുന്നതു്? ഒരു വ്യക്തിയാണോ? ഏതെങ്കിലും വ്യക്തികളുടെ സമൂഹമാണോ? ഈ സംഗതികളെപ്പററി ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴാണു് പത്രങ്ങളിൽ ഞാൻ വായിച്ചതു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ദൈവമാതാവിൻെറ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുവാൻ പോകുന്നുവെന്നു്. എനിക്കതു ഒരു അനധികൃതനടപടിയായിത്തോന്നി. വെറും ഒരു ഭക്തവിശ്വാസത്തെ ഒരു വിശ്വാസസത്യത്തിൻെറ നിലയിലേക്കുയർത്തുവാൻ മാത്രം പാണ്ഡിത്യവും വിജ്ഞാനവും മാർപ്പാപ്പയ്ക്കോ മററാർക്കുമോ എങ്ങനെ സിദ്ധിച്ചുവെന്നു് എനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല.

മാർപ്പാപ്പമാരുടെ പരമവും അപ്രമാദവുമായ അധികാരത്തിൽ വിശ്വസിക്കുന്ന കത്തോലിക്കർക്കു ആംഗ്ലിക്കൻസഭാംഗങ്ങളുടെ മനഃപ്രയാസം മനസ്സിലാകുകയില്ല. ആംഗ്ലിക്കൻസഭാംഗങ്ങൾ ആവിഷ്കരണത്തെ രണ്ടു വശത്തുകൂടെയാണു വീക്ഷിക്കുന്നതു്. അധികാരസമന്വിതമായ പ്രഖ്യാപനത്തെ ലാക്കാക്കി ആംഗ്ലിക്കന്മാർ ക്രിസ്തീയസത്യങ്ങൾ സ്വീകരിക്കുന്നില്ല; മററു കാരണങ്ങളാൽ പ്രസ്തുത സത്യങ്ങൾ ബോദ്ധ്യമായാലേ അവർ വിശ്വസിക്കൂ.

വേദപുസ്തകത്തിലും ചരിത്രത്തിലും പാരമ്പര്യത്തിലും സ്വർഗ്ഗാരോപണത്തെപ്പററിയുള്ള സാക്ഷ്യങ്ങൾ അകത്തോലിക്കാക്രൈസ്തവർക്കു തീരെ അപരിചിതമായിരിക്കുന്നതിനാൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപനംചെയ്യുവാൻ പോകുന്നെന്നു



മി. കാനൺ റിച്ചു്

കേട്ടപ്പോൾ എനിക്കു വലിയ വിഷമമുണ്ടായി. അപ്രമാദിത്വം സംബന്ധിച്ചു് എന്നിൽ നീറിക്കൊണ്ടിരുന്ന ആ തിപ്പൊരിയും കെട്ടുപോയി. അപ്രമാദമായ അധികാരം ഇങ്ങനെ ഉപയോഗിക്കയാണെങ്കിൽ ക്രിസ്തുമതത്തിനു് അങ്ങനെയൊന്നു ഇല്ലാതിരിക്കുന്നതായിരിക്കും നല്ലതെന്നുപോലും ഞാൻ വിചാരിച്ചു. മാർപ്പാപ്പാതിരുമേനിയുടെ തീരുമാനം ആദ്യമായി അറിഞ്ഞപ്പോൾ എന്നിലുണ്ടായ വിചാരങ്ങളാണിവ. ആവിഷ്കൃത സത്യങ്ങളെ സംബന്ധിച്ചുള്ള വിജ്ഞാനത്തിൻെറ വികസനമൊക്കെ അബദ്ധസങ്കല്പങ്ങളാണെന്നു എനിക്കു തോന്നി. കന്യകാമറിയത്തിൻെറ മദ്ധ്യസ്ഥശക്തിയിലുള്ള വിശ്വാസവും ഇതോടുകൂടിത്തന്നെ തിരോഭവിച്ചു.

അങ്ങനെ കുറെ മാസങ്ങൾ കഴിഞ്ഞു. എൻെറ മനസ്സു് ഉല്ക്കണ്ഠാകുലമായിരുന്നു. നമ്മുടെ കർത്താവിൻെറ സ്വർഗ്ഗാരോഹണത്തിരുനാൾദിവസം പുതുതായി പ്രഖ്യാപനംചെയ്ത വിശ്വാസസത്യത്തെപ്പററി ഞാനറിയാതെതന്നെ ചിന്തിച്ചുപോയി. അന്നു ഞങ്ങളുടെ ആംഗ്ലിക്കൻദേവാലയത്തിൽ നിന്നു മടങ്ങിപ്പോരുമ്പോൾ റോമൻ കത്തോലിക്കർ പലരും അവരുടെ തിരുക്കർമ്മങ്ങൾകഴിഞ്ഞു സ്വഗൃഹങ്ങളിലേക്കു തിരിച്ചുപോകുന്നതു ഞാൻ കണ്ടു. ഇരുകൂട്ടരേയും അകററിനിറുത്തുന്ന ഭിത്തി തടിച്ചുപോയല്ലോ എന്നു ഞാൻ വിചാരിച്ചു. പക്ഷെ അന്നു ഞാൻ കന്യകാമറിയത്തോടു പ്രാർത്ഥിച്ചിട്ടുള്ളതുപോലെ മറെറാരിക്കലും അതിനുമുമ്പു പ്രാർത്ഥിച്ചിട്ടില്ല. എൻെറ അഭീഷ്ടത്തിനെതിരായി നെഞ്ചുതകർത്തു പുറത്തുവരുന്ന പ്രാർത്ഥനപോലെയായിരുന്നു അതു്. സുവിശേഷത്തിൽ വർത്തിക്കുന്ന ഒരു ആംഗ്ലിക്കൻെറ പ്രാർത്ഥന കേൾക്കണമേയെന്നുള്ള ഒരു വിലാപമായിരുന്നു എൻെറ അപേക്ഷ. സ്വർഗ്ഗാരോപണം വാസ്തവമാണെങ്കിൽത്തന്നെ എന്തു തെളിവാണു കന്യകാമറിയം എനിക്കു നൽകുകയെന്നു ഞാൻ വിചാരിച്ചു എൻെറ മനോവേദനയെപ്പററി ആ പരിശുദ്ധ അമ്മയോടു് ഞാൻ നിവേദനംചെയ്തു; അതിൻെറ മറുപടിയെ ആശ്രയിച്ചിരിക്കും സത്യം കണ്ടുപിടിക്കുമെന്നു എനിക്കുറപ്പുണ്ടായിരുന്നു.

അടുത്ത ചൊവ്വാഴ്ച തെരുവീഥിയിൽക്കൂടി നടക്കുമ്പോൾ ഒരു കാശുരൂപം എൻെറ കാലിൽത്തട്ടി. സൌഡാലിററിയംഗങ്ങൾ ധരിക്കുന്ന അത്ഭുതമാതാവിൻെറ കാശുരൂപമായിരുന്നു അതു്. ഇതു ദൈവമാതാവിൻെറ ഒരു മറുപടിയായിരിക്കാം എന്നു ഞാൻ കരുതി. അതിൽ ഉല്ലേഖനം ചെയ്തിരുന്ന "ഓ, പാപംകൂടാതെ ഉത്ഭവിച്ച മറിയമേ, അങ്ങയുടെ അഭയംതേടുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ" എന്ന പ്രാർത്ഥന ഞാൻ ഉപയോഗിച്ചുതുടങ്ങി. അത്ഭുതകാശുരൂപം എൻെറ പ്രാർത്ഥനയ്ക്കു മതിയായ മറുപടിയായിരുന്നില്ലെങ്കിലും ഒരു മറുപടി താമസിയാതെ സിദ്ധിക്കുമെന്നു് എനിക്കുറപ്പുണ്ടായിരുന്നു.

അടുത്ത പെന്തക്കോസ്തുദിവസം ഞാൻ വി. കുർബാന ഉൾക്കൊണ്ടസമയത്തു് "ഇതു് എൻെറ ശരീരമാണു്" എന്നു ചിന്തിച്ചതിനോടൊപ്പം ദൈവമാതാവിൻെറ സ്വർഗ്ഗാരോപണത്തെപ്പററിയും ഞാൻ ചിന്തിച്ചുപോയി. അതിനെപ്പററി ഒരോർമ്മപോലും അന്നെനിക്കുണ്ടായിരുന്നതല്ല. വി. കുർബാനയിൽ നാം സ്വീകരിക്കുന്ന മിശിഹായുടെശരീരംകന്യകാമറിയത്തിൽനിന്നെടുത്തതാണെന്നും അതുതന്നെയാണു് ക്രൂശിതമായതും പുനരുത്ഥാനം ചെയ്തതുമെന്നും ഞാൻ ചിന്തിച്ചതോടുകൂടി കന്യകാമറിയത്തിൻെറ അമലോത്ഭവത്തിലും സ്വർഗ്ഗാരോപണത്തിലും ഞാൻ ഉറച്ചുവിശ്വസിച്ചുപോയി. പലമാസത്തേക്കു നീണ്ടുനിന്ന സംശയങ്ങൾക്കുശേഷം ഇങ്ങനെ സംശയനിവാരണമുണ്ടായപ്പോൾ ശരീരവും മനസ്സും ഒന്നുപോലെ ഇളകിപ്പോയി. സ്വർഗ്ഗാരോപണത്തിലുള്ള എൻെറ വിശ്വാസം ദൃഢമായി. പരിശുദ്ധാത്മാവിൻെറ നിവേശനംവഴി ആവിഷ്കൃതസത്യങ്ങൾ ഏവയെന്നു് ആവശ്യംവരുമ്പോൾ വ്യക്തമാക്കുവാൻ തിരുസ്സഭയ്ക്കുള്ള അധികാരം എനിക്കു ബോദ്ധ്യപ്പെട്ടു.

റിച്ചിൻെറ മാനസാന്തരശേഷം കർദ്ദിനാൾ ഗ്രിഫിൻ അദ്ദേഹത്തിനു സ്ഥൈര്യലേപനം നൽകി. തദവസരത്തിൽ കർദ്ദിനാൾ ഒരു നന്മനിറഞ്ഞമറിയം ചൊല്ലുവാൻ അദ്ദേഹത്തോടാവശ്യപ്പെട്ടു. "കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെയാണു ഞാൻ ആ നന്മനിറഞ്ഞമറിയം ചൊല്ലിയതു്". അന്നു പെന്തക്കുസ്താതിരുനാളായിരുന്നു. ഞാൻ കഴിഞ്ഞ പെന്തക്കുസ്തയെപ്പററി വിചാരിച്ചു. ദൈവമാതാവിനെക്കൂടാതെ സഭയിൽ ഐക്യം സാദ്ധ്യമല്ലായെന്നു് ആംഗ്ലിക്കന്മാർ മനസ്സിലാക്കണം" ഇതായിരുന്നു മി. റിച്ചു് അന്നു ചെയ്ത പ്രസ്താവന. ഇദ്ദേഹത്തിൻെറ മാതൃക അകത്തോലിക്കാക്രൈസ്തവരുടെ കണ്ണു തുറപ്പിക്കുവാൻ പര്യാപ്തമാണു്.

—o—

മേരിവിജയം
സ്ഥാപിതം 1950
പ്രതിമാസപത്രിക
മേരിവിജയം കേരളത്തിലെ മരിയസഖ്യങ്ങളുടെ ഔദ്യോഗികപത്രമായി ബോംബെയിലെ ദേശീയ കേന്ദ്രം അംഗീകരിച്ചിരിക്കുന്നു.
വരിസംഖ്യ
ഒററപ്രതി 12 നയാപൈസ
ഒററപ്രതി ഒരു കൊല്ലത്തേക്കു് 1 ക. 25 ന. പ
പത്തിനുമേൽ പത്തിനു രണ്ടു കമ്മീഷൻ.
പത്രാധിപർ:-
ജെ. ചെമ്മണ്ണൂർ ബി. എ.
കൂടുതൽ വിവരങ്ങൾക്കു് നേരിട്ടെഴുതുക:-
മാനേജർ, മേരിവിജയം,
മരിയാപുരം, ഒല്ലൂർ P. O.

# പുസ്തകാഭിപ്രായം

## ക്രിസ്തുവിനെപ്പററി നിങ്ങൾ എന്തു വിചാരിക്കുന്നു?

(ഗ്രന്ഥകർത്താ: തോമസ് കളം എസ്. ജെ, മെലൂർ, മധുര—പേജ് 50—വില 5ണ.)

ക്രിസ്തുവിനെ അറിയുക എന്നതു സർവ്വപ്രധാനമായ ജ്ഞാനമാണു്. "ഞാൻ ലോകത്തിൻെറ ദീപമാകുന്നു എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല" ഇതാണു് അവിടുന്നു ലോകത്തിനു പ്രദാനം ചെയ്തിട്ടുള്ള അമൂല്യവിജ്ഞാനസമ്പത്തു്. ബുദ്ധിജീവിയായ മനുഷ്യൻ ക്രിസ്തുവിൽ എത്തിച്ചേരുന്നതിനു ശരിയായ മാർഗ്ഗത്തിലൂടെ ഒരു മാനസികാഭ്യാസം പരിശീലിക്കാതെ തരമില്ല. ആ സരണിയാണു് റവ. തോമസ് കളം അവർകൾ വിദഗ്ദ്ധമായും വിശദമായും അദ്ദേഹത്തിൻെറ ചെറുഗ്രന്ഥംമൂലം അനുവാചകർക്കു സംഭാവന ചെയ്തിട്ടുള്ളതു്. യുക്തിയുക്തമായ രീതിയിൽ ക്രിസ്തുവിനെ സമീപിക്കുന്നതിനുള്ള ചരിത്രപരവും തത്വപരവും ദൈവശാസ്ത്രപരവുമായ ന്യായങ്ങളെ അടുക്കടുക്കായി അതിൽ അദ്ദേഹം നിരത്തിവച്ചിരിക്കുകയാണു്. ക്രിസ്തു ഒരു ചരിത്രപുരുഷൻ; സുവിശേഷങ്ങൾ അവിടുത്തെപ്പററിയുള്ള അനിഷേദ്ധ്യമായ ചരിത്രരേഖ; അവയിലൂടെ നിർദ്ധാരണം ചെയ്യപ്പെടുന്ന ക്രിസ്തുവിൻെറ വ്യക്തിത്വം; അവിടുത്തെ ദൈവത്വം; രക്ഷാകർമ്മം; വിശ്വവ്യാപകമായ ആദ്ധ്യാത്മികദൗത്യം എന്നിങ്ങനെ ക്രിസ്തുവിൻെറ വ്യക്തിവിലാസവും ദിവ്യദൗത്യവും പ്രകടമാക്കുന്ന സരളമായ ഒരു പ്രതിപാദനമാണു് ഗ്രന്ഥകാരൻ വിജയപൂർവ്വം അദ്ദേഹത്തിൻെറ ഗ്രന്ഥത്തിലൂടെ പൊതുജനസമക്ഷം ആവിഷ്കരിച്ചിട്ടുള്ളതു്. അതിൽ അദ്ദേഹം എത്രമാത്രം വിജയിച്ചിട്ടുണ്ടു് എന്നു അനുവാചകലോകത്തിൻെറ തീരുമാനത്തിനായി വിടുകയാണു്. പക്ഷെ, പരാജയാശങ്കയ്ക്കു പഴുതില്ലാത്തവണ്ണം അതു മെച്ചമായിട്ടുണ്ടു് എന്നഭിപ്രായപ്പെടുന്നതോടൊപ്പം ഗ്രന്ഥകാരനെ അനുമോദിക്കുന്നതിനും ഗ്രന്ഥത്തിനു പ്രചുരപ്രചാരം നേരുന്നതിനും ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. പുസ്തകം എസ്. എച്ചു്. ലീഗു്, സെമ്മിനാരി, ആലുവാ എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

(ജെ. പി. വി.)

—o—

## 19 തവണ ലൂർദ്ദിൽ

ഹോളണ്ടിൽ റോയർമോണ്ട രൂപതയിലെ മെത്രാനായ ബിഷപ്പ ലെമ്മെൻസ് തിരുമേനി 1932-ൽ മെത്രാനായ ശേഷം എല്ലാക്കൊല്ലവും—യുദ്ധകാലം ഒഴിച്ചു്—ലൂർദ്ദിലേക്കു തീർത്ഥയാത്ര ചെയ്തിട്ടുണ്ടു്. ഇങ്ങനെ 19 തവണ ലൂർദ്ദിലേക്കു തീർത്ഥയാത്ര ചെയ്ത അദ്ദേഹത്തെ ലൂർദ്ദ് രൂപതയിലെ ഒരു കാനൺ ഓഫ് ഓണർ ആയി നിയമിച്ചിരിക്കുന്നു. 73 വയസ്സായ അദ്ദേഹം തൻെറ മെത്രാൻപട്ടത്തിൻെറ രജതജൂബിലി ഇക്കൊല്ലം ആഘോഷിക്കുന്നതാണു്.

# മെയ്മാസപ്രകൃതിയോടൊത്തു്

(AEVPEN)

മെയ്മാസത്തോടു പ്രകൃതിക്കു് അതിരററ സ്നേഹബഹുമാനമാണുള്ളതു്. ഏതോ ഒരു വലിയകൃത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതിലുള്ള ചാരിതാർത്ഥ്യത്തെയാണു് മേമാസത്തിൽ, പ്രകൃതിയിൽ വീക്ഷിക്കുവാനിടയാകുന്നതു്. പ്രകൃതി വിവിധ നിറശോഭിതങ്ങളായ പുഷ്പവ്യൂഹങ്ങളണിയിക്കുകയാണു് മേമാസത്തെ. മെയ്മാസമാദ്യന്തം, പ്രകൃതിയുടെ പരിലാളനയിൽ പരമാനന്ദമനുഭവിക്കുകയാണു്. പ്രകൃതിനാഥമഹത്വത്തെ വിളിച്ചറിയിക്കുന്നതിൽ സദാ ശ്രദ്ധാലുവായ പ്രകൃതി, തിരുസ്സഭ പ്രകൃതിനാഥരാണിക്കായി പ്രതിഷ്ഠിച്ചിരിക്കുന്ന മെയ്മാസത്തെ അത്ഭുതമാംവിധം തിരിച്ചറിഞ്ഞു് മററു മാസങ്ങളെ അപേക്ഷിച്ചു് ഈ മാസത്തോടു അതിരററ സ്നേഹബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നു. പ്രകൃതിനാഥജനനിക്കായി പ്രതിഷ്ഠിതമായിരിക്കുന്ന മുപ്പത്തൊന്നു സൗരഭ്യപൂരിതങ്ങളായ ദിനരാത്രകുസുമങ്ങൾകൊണ്ടു് കോർത്തിണക്കിയ മെയ്മാസ മാല്യനിർമ്മാണത്തിനായ്, പ്രകൃതി തന്നെത്തന്നെ അർപ്പിക്കുന്നു.

പ്രകൃതിയുടെ ആഹ്ലാദത്തെ അതിശയിക്കുമാറു് തിരുസ്സഭാംഗങ്ങൾ മെയ്മാസഭക്തിയിൽ പ്രചോദിതരായി ആനന്ദാബ്ധിയിൽ മുങ്ങിപ്പൊങ്ങുകയാണു്. തിരുസ്സഭ വർഷത്തിൽ ഒരു മാസം മാതൃവണക്കത്തിനായി പ്രതിഷ്ഠിച്ചുകൊണ്ടു്, തന്റെ വത്സലമക്കളെ ദൈവമാതൃഭക്തിയിൽ വളരുന്നതിനായി ഉപദേശിക്കുകയും അതിനു വേണ്ട നിർദ്ദേശങ്ങൾ അവർക്കു നൽകുകയും ചെയ്യുന്നു. മെയ്മാസത്തിൽ മാതൃഭക്തന്മാർക്കു് സസ്യവ്യൂഹം നൽകുന്ന ഉദാരസംഭാവനയായ കണ്ണഞ്ചുന്ന പുഷ്പസഞ്ചയം മാതൃപീഠത്തിൽ വയ്ക്കുന്നതിലും മാതൃസ്വരൂപത്തിനുമുമ്പിൽ തിരികൾ കത്തിക്കുന്നതിലും വണക്കമാസമാദിയായ ഭക്തകൃത്യങ്ങൾ നടത്തുന്നതിലും ഭക്തിജന്യമായ മാതൃഗാനങ്ങളാലപിക്കുന്നതിലും ബാലവൃദ്ധഭേദമെന്യ സകലരും പ്രകടിപ്പിക്കുന്ന അത്യുത്സാഹം കണ്ടാൽ അവർ തിരുസ്സഭയുടെ ആഹ്വാനത്തെ ശിരസ്സാ വഹിക്കുകയാണെന്നു് നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണു്. ബാഹ്യമായും ആന്തരികമായും മാതൃസ്തുതിക്കായി ചെയ്യുന്ന സൽകൃത്യങ്ങൾ ഹേതുവാൽ, മാതൃഭക്തർ, ബാഹ്യമായും ആന്തരികമായും അത്യധികമായ ആനന്ദമനുഭവിക്കുന്നു. മാതൃമഹത്വത്തിനായി ചെയ്യുന്ന സൽകൃത്യങ്ങളിൽ പരിശുദ്ധജനനി സാക്ഷാൽ സന്തുഷ്ടയാണെന്നു വിശ്വസിക്കാവുന്നതാണു്. അതിനാൽ ഒരു പ്രകാരത്തിൽ പറയാം, മാതാവിനും മാതൃഭക്തർക്കും ആഹ്ലാദപ്രദമായ ഒരു മാസമാണു് മെയ്മാസമെന്നു്.

അനേകസംവത്സരങ്ങൾക്കുമുമ്പു ഇററലിയിൽ ആദ്യമായി ആരംഭിച്ചതും പ്രചരിച്ചതുമായ ഈ മാസഭക്തിക്കു്, കാലവിളംബമെന്യേ തിരുസ്സഭയിലെങ്ങും പ്രചാരം ലഭിച്ചു. ദിവസത്തിൽ മൂന്നു പ്രത്യേകസമയങ്ങളും (ത്രിസന്ധ്യകൾ) ആഴ്ചയിൽ ഒരു ദിവസവും (ശനിയാഴ്ച) പരിശുദ്ധജനനിക്കായി പ്രതിഷ്ഠിച്ചിരിക്കുന്നതുപോലെ ഒരു മാസവും (മേമാസം) മാതൃവണക്കത്തിനായി മാററിവച്ചിരിക്കുന്നു.

കാൽവരിഗിരിയിലെ ശോകനിദാനമായ നാടകാന്ത്യത്തിൽ കുരിശിൽ കിടന്നുകൊണ്ടു് ദിവ്യനാഥൻ, സ്വമാതാവിനെ നമ്മുടെ മാതാവായി നൽകിയ ക്ഷണം മുതൽ നാം ഓരോരുത്തർക്കും ആ അമ്മയുമായി അഭേദ്യമായ ഒരു ബന്ധമാണുള്ളതു്. ഈ ഇരുപതു നൂററാണ്ടുകൾക്കകം ലോകം ആ ത്രിലോകനാഥയിൽനിന്നു് സ്വീകരിച്ചിട്ടുള്ള അനുഗ്രഹങ്ങളും ആ അമ്മ തന്റെ വത്സലമക്കളിൽനിന്നു് കൈക്കൊണ്ടിരിക്കുന്ന അപേക്ഷകളും അവർക്കായി ചെയ്തിരിക്കുന്ന സഹായങ്ങളും എത്രമാത്രം സഹായമാവശ്യപ്പെട്ടവരെയെല്ലാം ആ അമ്മ കൈനീട്ടി സഹായിച്ചു. ലോകഗതിയറിഞ്ഞുകൊണ്ടു് മനുഷ്യകുലത്തിനു പൊതുവെ ആ മഹിളാരത്നം ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ സഹായങ്ങൾ നിരവധിയാണു്. ഈ അമ്മയുടെ എണ്ണമററ സഹായങ്ങൾ, ആ നാഥയുമായുള്ള വേർപിരിയാത്ത ബന്ധത്തിൽ ദൃഢപ്പെടുന്നതിനും ആ നാഥയോടുള്ള ഭക്തിയിൽ അചഞ്ചലമായി നിലനില്ക്കുന്നതിനും നമുക്കു പ്രേരകമായിരിക്കണം.

ലോകമാകുന്ന മഹാസമുദ്രത്തിൽ സ്വർഗ്ഗീയതുറമുഖത്തെ ലക്ഷീകരിച്ചു് നീന്തിവലയുന്ന മനുഷ്യസഞ്ചയത്തിലൊരു വിഭാഗത്തെ, തങ്ങളുടെ സഹായത്തിനായി ലഭിച്ചിരിക്കുന്ന ഏററം ഒരു മഹിളാമണിയുടെ നിത്യസഹായവാഗ്ദാനങ്ങളിലുള്ള അചഞ്ചലമായ വിശ്വാസവും തദ്വാരാ, ക്ലേശങ്ങളെ അതിജീവിച്ചു് ലക്ഷ്യത്തിലെത്തുമെന്നു പ്രത്യാശയുമുള്ളവരായി വീക്ഷിക്കുവാനിടയാകുമ്പോൾ, മറെറാരുവിഭാഗത്തെ, ജീവിതക്ലേശങ്ങളായ തിരമാലകളുടെ പ്രചണ്ഡപ്രഹരമേററു് ആബ്ധിയുടെ അഗാധതയിൽ മുങ്ങിനശിച്ചേക്കുമെന്നുള്ള ഭീതിയും ലക്ഷ്യംതെററി വിദൂരയാത്രയ്ക്കിടമപ്പെട്ടതിനാൽ ലക്ഷ്യപ്രാപ്തിയിലുള്ള വൈഷമ്യവും നയിക്കുവാൻ യോഗ്യനായ ഒരു വ്യക്തിയുടെ അഭാവവും ഹേതുവാൽ ആശയററവരായി വീക്ഷിക്കുവാനിടയാകുന്നു. ലോകമാതാവായ പരിശുദ്ധ ജനനിയുടെ പരിപാവനമായ കരങ്ങളെ ഒരു വിഭാഗം സ്വീകരിക്കുമ്പോൾ മറെറാരുവിഭാഗം അവഗണിക്കുന്നതാണിതിനു കാരണം. ത്രിലോകരാജ്ഞിയുടെ സഹായങ്ങൾ സദാ യാചിച്ചും സ്വീകരിച്ചും കഴിയുന്ന ഓരോ വ്യക്തിയും ആ റാണിക്കായി പ്രതിഷ്ഠിച്ചിരിക്കുന്ന മേയ്മാസത്തിൽ ആന്തരികവും ബാഹ്യവുമായ അവർണ്ണനീയമായ ആനന്ദമനുഭവിക്കുന്നെങ്കിൽ, അതിൽ ആരും അസൂയപ്പെട്ടിട്ടാവശ്യമില്ല. പ്രത്യുത, അസൂയാർഹമായ ഏതാദൃശനില കൈവരിക്കുന്നതിനു സദാ യത്നിക്കുകയും ദിവ്യനാഥയുടെ പരിപാവനമായ സഹായങ്ങൾ ആവശ്യപ്പെടുകയുമാണു് മേയ്മാസപ്രകൃതിയോടൊത്തു് ഓരോരുത്തരും ചെയ്യേണ്ടതു്.

ആദ്ധ്യാത്മികവീഥി

# ദൈവവിളി—കുടുംബം

ദൈവത്തിന്റെ വത്സലമക്കളേ,

ഓരോ അവസരം പിടിച്ചു് ദൈവവിളിയെക്കുറിച്ചു് സംസാരിക്കുന്നതിന്റെ ഒരു മാതൃക കഴിഞ്ഞലക്കത്തിൽ നൽകിയിരുന്നല്ലോ. ഇനി അതു പോഷിപ്പിച്ചുകൊണ്ടു പോകേണ്ടതെങ്ങനെയാണെന്നു കാണിക്കാം.

"എടി ലിസ്സീ, ഈ കുഞ്ഞിനെ ഒന്നു പിടിച്ചേ" കല്ലുകളിച്ചുകൊണ്ടിരുന്ന മകളോടു അമ്മ പറഞ്ഞു.

"എന്നേക്കൊണ്ടിപ്പം സാധിക്കുകേല. ഈ കളിയൊന്നു കഴിയട്ടെ"

"ഈ നീയാണോ മിശിഹായുടെ മണവാട്ടിയാകാൻ പോകയാണെന്നു ഇന്നലെ എന്നോടു പറഞ്ഞതു്?"

"എന്റമ്മച്ചീ, ഞാനക്കാര്യം തീരെയങ്ങു മറന്നുപോയി. ഇതാ കളി നിറുത്തിയിരിക്കുന്നു. ആ കുഞ്ഞിനെ ഇങ്ങു തന്നേരെ."

"കൊള്ളാം, അങ്ങനെവേണം. ഈശോയ്ക്കുവേണ്ടി എന്താശയടക്കവും ചെയ്യാൻ എപ്പോഴും ഒരുങ്ങിയിരിക്കണം."

"ഞാൻ ആദ്യം മടിപറഞ്ഞതു് ഈശോ ക്ഷമിക്കുമോ?"

"നിശ്ചയമായിട്ടും ക്ഷമിക്കും. അറിയാതെ പറഞ്ഞുപോയതാണെന്നുംപറഞ്ഞു പൊറുതി അപേക്ഷിച്ചാൽമതി."

"എന്റെ ഈശോയെ, എന്നോടു ക്ഷമിക്കണമെ. ഞാൻ ഓർക്കാതെ പറഞ്ഞുപോയതാണു്. ഇനി അമ്മ എന്തുപറഞ്ഞാലും ഞാൻ കേട്ടോളാം."

"അതു ധാരാളംമതി. ഈശോ കുഞ്ഞിനോടു ക്ഷമിച്ചിട്ടുണ്ടു്. നീ ഇന്നു കാലത്തെ ഈശോയോടു അപേക്ഷിച്ചോ, നിന്നെ അങ്ങയുടെ മണവാട്ടിയാക്കണമെന്നു്?"

"ഇല്ല. ഞാൻ മറന്നുപോയി."

"അതുകൊണ്ടാ ഈ അബദ്ധം പററിയതു്. ഒരുദിവസവും മുടങ്ങാതെ അപേക്ഷിക്കണം. ഒരു പ്രാവശ്യം മാത്രമല്ലാ, ഓർമ്മവരുമ്പോളെല്ലാം സുകൃതജപംപോലെ അപേക്ഷിച്ചുകൊണ്ടിരുന്നാൽ നല്ലതാണു്. എന്തായാലും ഞാനങ്ങനെ നിനക്കുവേണ്ടി അപേക്ഷിക്കുന്നുണ്ടു്."

"അമ്മേ, ഞാനിന്നു നാലുമണിക്കൊന്നു കുമ്പസാരിക്കാൻ പൊയ്ക്കോട്ടെ?"

"ഇന്നെന്തിനാ പോകുന്നതു്?"

"നാളെ ശനിയാഴ്ചയല്ലേ? കാലത്തെ ചെന്നാൽ വലിയ തിക്കലായിരിക്കും. ശ്വാസംപിടിക്കാതെ കുമ്പസാരിക്കാൻ സാധിക്കില്ല."

"എന്നാൽ ഇന്നുതന്നെ പൊയ്ക്കോ. തിരക്കിൽ കുമ്പസാരിച്ചാൽ ശരിയാവില്ല. ജോസുക്കുട്ടിയും നിന്റെകൂടെ പോരട്ടെ. അവനും കുമ്പസാരിക്കേണ്ടേ?"

"അവനും പോരുന്നുണ്ടെന്നാ പറഞ്ഞതു്. ഞാൻ കന്യാസ്ത്രീയാകാൻ പോകയാണെന്നു കേട്ടപ്പോൾ അവൻ ഒരച്ചനാകണമെന്നും പറഞ്ഞുതുടങ്ങിയിരിക്കുകയാ."

"നല്ല കാര്യം. അവനിഷ്ടമുണ്ടെങ്കിൽ പൊയ്ക്കോള്ളട്ടെ. ഞാൻ അവന്റെപേർക്കും പ്രാർത്ഥിക്കുന്നുണ്ടു്. നീയും പ്രാർത്ഥിക്കണം കേട്ടോ?"

ശേഷം അടുത്തതിൽ

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

## മതകർമ്മങ്ങളിൽ റെക്കാർഡുകൾ ഉപയോഗിക്കരുതു്

ദേവാലയങ്ങളിൽ മതകർമ്മങ്ങൾക്കു റെക്കാർഡുകളോ അതുപോലുള്ള യാന്ത്രികമാർഗ്ഗങ്ങളോ ഉപയോഗിക്കരുതെന്നുള്ള നിർദ്ദേശങ്ങൾ റീത്തുകളുടെ തിരുസംഘം പുറപ്പെടുവിച്ചിരിക്കുന്നു. ഗ്രാമഫോൺ, ടേപ്പ്റെക്കാർഡേഴ്സ് മുതലായവ തിരുക്കർമ്മങ്ങളുടെ സമയത്തു ഒരിക്കലും ഉപയോഗിക്കാൻ പാടില്ല. അവ വഴി ദേവാലയഗീതങ്ങളോ പ്രസംഗങ്ങളോ മറേറതെങ്കിലും പരിപാടികളോ നടത്തപ്പെടാവുന്നതല്ല. അതുപോലെ പള്ളികളിൽ യാതൊരവസരത്തിലും ചലച്ചിത്രപ്രദർശനങ്ങളും അനുവദിക്കാവുന്നതല്ല എന്നു മുടക്കിയിരിക്കുന്നു.

# വിവിധവൃത്താന്തങ്ങൾ

## മെത്രാന്റെ മോചനത്തിനു്

പോളണ്ടിലെ കീൽസ് രൂപതാദ്ധ്യക്ഷനായ കാസ്മാക്ക് മെത്രാനെ മോചിപ്പിക്കുന്നതിനു രണ്ടുലക്ഷത്തിൽപരം പോളണ്ടുകാർ ഒപ്പിട്ട ഒരു ഭീമഹർജി കർദ്ദിനാൾ വിഷിൻസ്കി വഴി പോളിഷ്കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കേന്ദ്രകമ്മററിക്കയച്ചുകൊടുക്കപ്പെട്ടു. മെത്രാനെ മോചിക്കുന്നതിനു അനുമതി ലഭിക്കുകയും ചെയ്തു. അദ്ദേഹം കീൽസിലേക്കു മടങ്ങിവന്ന അവസരം അത്യാഡംബരപൂർവ്വം കൊണ്ടാടപ്പെട്ടു. കത്തീഡ്രൽ ദേവാലയവും പരിസരപ്രദേശങ്ങളും ജനങ്ങളെക്കൊണ്ടു നിറഞ്ഞുകവിഞ്ഞിരുന്നു. ബിഷപ്പ് കാസ്മാക്ക് അദ്ദേഹത്തിന്റെ പഴയ കത്തീഡ്രലിൽ പ്രവേശിച്ച മോചനാനന്തരമുള്ള പ്രഥമ ദിവ്യപൂജ അർപ്പിച്ചു. 1950-ലാണു് അദ്ദേഹം കമ്മ്യൂണിസ്റ്റ്ഗവമ്മേണ്ടിനാൽ അറസ്റ്റ്ചെയ്യപ്പെട്ടതു്.

## പോളണ്ടുകാരുടെ നിവേദനം

പോളണ്ടിൽ ഇപ്പോൾ കമ്മ്യൂണിസ്റ്റ് ഗവമ്മേണ്ടു മതത്തിന്റെമേൽ നടത്തിപ്പോരുന്ന മേൽനോട്ടം അവസാനിപ്പിക്കുന്നതിനു പോളണ്ടിലെ കത്തോലിക്കർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. മതകാര്യങ്ങൾക്കുവേണ്ടിയുള്ള ഭരണവകുപ്പു തല്ക്കാലം തുടരുമെങ്കിലും അതിന്റെ നിയന്ത്രണങ്ങൾ ഒഴിവാക്കി സഭയ്ക്കു പ്രവർത്തനസ്വാതന്ത്ര്യം നേടുവാനാണു് പുതിയ സംരംഭംകൊണ്ടുദ്ദേശിക്കുന്നതു്. തന്മൂലം മുൻകാലങ്ങളിൽ വൈദികർക്കും വിശ്വാസികൾക്കും നിരവധി ഉപദ്രവങ്ങൾക്കു കാരണമായിരുന്ന പ്രാദേശിക ഉദ്യോഗസ്ഥന്മാർ ഒഴിവാക്കപ്പെടുന്നതാണു്. കഴിഞ്ഞ ഒക്ടോബറിൽ കർദ്ദിനാൾ വിഷിൻസ്കിയുടെ മോചനത്തെത്തുടർന്നു പ്രാദേശികആപ്പീസുകൾ നിർത്തൽചെയ്യണമെന്നു ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതാണു്.

## ആലോക പ്രദർശനത്തിൽ വത്തിക്കാൻ പങ്കെടുക്കുന്നു

അടുത്ത കൊല്ലത്തിൽ ബ്രസ്സൽസിൽ വച്ചു നടക്കുന്ന ആലോക പ്രദർശനത്തിൽ വത്തിക്കാന്റെ വകയായി "ചിവിത്താസ് ദേയി" എന്ന പേരിൽ പ്രദർശനമന്ദിരം ഉണ്ടായിരിക്കുന്നതാണു്. വത്തിക്കാൻ ആദ്യമായിട്ടാണു് ഒരു ആലോകപ്രദർശനത്തിൽ പങ്കെടുക്കുന്നതു്. ലോകമാസകലമുള്ള തിരുസഭാപ്രവർത്തനങ്ങളെയായിരിക്കും പ്രദർശിപ്പിക്കപ്പെടുക. 52 രാജ്യങ്ങളിലെ കത്തോലിക്കർ വത്തിക്കാൻ പവിലിയൺ സംബന്ധിച്ച പണികളിൽ സഹായവാഗ്ദാനം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഏപ്രിൽമാസത്തിൽ തത്സംബന്ധമായി റോമയിൽക്കൂടി മന്ദിരനിർമ്മാണകമ്മററി വിവിധരാജ്യങ്ങളുടെ സംഭാവനകളെപ്പററി ചർച്ചകൾ നടത്തുകയുണ്ടായി.

## പുതിയ അയറിഷ് ഗവർമ്മെന്റു്

അയർലൻഡിൽ ഈയിടെ നടന്ന പൊതുതിരഞ്ഞെടുപ്പിന്റെ ഫലമായി, അയറിഷ് സ്വാതന്ത്ര്യസമരത്തിലെ വീരഭടനായ മി. ഈമൺ ഡിവാലറായുടെ നേതൃത്വത്തിലുള്ള ഫിയന്നാ ഫെയിൽ പാർട്ടി വീണ്ടും അധികാരത്തിൽ വന്നിരിക്കുകയാണു്. പുതിയ പാർട്ടി അധികാരത്തിൽ പ്രവേശിച്ചതു് മന്ത്രിസഭാംഗങ്ങളും, ജനപ്രതിനിധികളും സെനററർമാരും, ഡബ്ളിൻ പ്രോകത്തീഡ്രലിൽ ദിവ്യപൂജയിൽ സംബന്ധിച്ചതിനുശേഷമാണു്. "അയറിഷ്" പാർലമെന്റിന്റെ ചർച്ചകളിൽ ദൈവാനുഗ്രഹം അപേക്ഷിക്കുന്നതിനായി, ഇങ്ങനെ ദിവ്യപൂജ ഏർപ്പാടുചെയ്തതു് ഡിവാലറായുടെ പ്രത്യേകാഭ്യർത്ഥനയനുസരിച്ചാണു്.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടയത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 MAY 15 || No. 38.


## നമ്മുടെ വിദ്യാഭ്യാസപ്രശ്നം

II

### അതിൻെറ ലക്ഷ്യം

വിദ്യാഭ്യാസ പ്രശ്നത്തെ ശരിയായി മനസ്സിലാക്കുന്നതിനു വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം എന്താണെന്നു വിശദമായി ഗ്രഹിക്കുക എന്നതു ഏററവും പ്രധാനമായ ഒരു സംഗതിയാണ്. സാമാന്യമായി വിദ്യാഭ്യാസമെന്നതു് ഒരു മനുഷ്യൻെറ ജീവിതത്തിനുള്ള ഒരുക്കമാണെന്നു പറയാം. ലോകത്തിലേക്കു ജനിക്കുന്ന ഒരു മനുഷ്യവ്യക്തി അവനു ലഭിക്കുന്ന വിദ്യാഭ്യാസത്തിനനുസരിച്ചാണ് അവൻെറ ജീവിതത്തെ മുന്നോട്ടു നയിക്കുക. പ്രസിദ്ധനായ മാരിട്ടേയിൻ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യത്തെ നിർവ്വചിച്ചിട്ടുള്ളതു ശ്രദ്ധേയമാണ്: "അറിവുകൊണ്ടും, നിശ്ചയദാർഢ്യംകൊണ്ടും, ധാർമ്മികമൂല്യങ്ങൾകൊണ്ടും പരിരക്ഷിതനായ ഒരു വ്യക്തി രൂപംപ്രാപിക്കത്തക്കവണ്ണം, ഒരു മനുഷ്യനിൽ പ്രവർത്തിക്കുന്ന വൈരുദ്ധ്യാത്മകങ്ങളായ ശക്തികളെ നയിക്കുക എന്നതാണ് അതിൻെറ ലക്ഷ്യം. അവനെ ഉൾക്കൊള്ളുന്ന സമൂഹത്തിൻെറ ആദ്ധ്യാത്മികവും സാംസ്കാരികവുമായ പൈതൃകം അവനു പ്രദാനം ചെയ്യുകയും പരമ്പരാഗതമായി ചിരകാലം നിലനിന്നുപോരുന്ന നേട്ടങ്ങളെ അവനിൽ സംരക്ഷിക്കുകയും ചെയ്യുന്നു." വേറേ വാക്കുകളിൽ പറഞ്ഞാൽ, വ്യക്തിയുടെ സമ്യക്കായ വികസനം—അവൻെറ ആദ്ധ്യാത്മികവും മാനസികവും ധാർമ്മികവും സാമൂഹികവും സാംസ്കാരികവുമായ പരിശീലനം—വഴി ഉത്തമനായ ഒരു പൗരനെ സജ്ജീകരിക്കുക എന്നതാണു് വിദ്യാഭ്യാസംകൊണ്ടുദ്ദേശിക്കുന്നതു്. മഹാപണ്ഡിതനായ കർദ്ദിനാൾ ന്യൂമാൻ അദ്ദേഹത്തിൻെറ 'The Idea of a University' എന്ന പ്രതിപാദനത്തിൽ ഈ വിഷയത്തെ സമ്യക്കായി വിശദീകരിച്ചിട്ടുണ്ടു്. രണ്ടു ചിന്താസരണികൾക്കാണ് അദ്ദേഹം അവിടെ പ്രാമുഖ്യം നൽകിയിട്ടുള്ളതും, ഊടുംപാവും പോലെ അതിലുടനീളം കോർത്തിണക്കിയിട്ടുള്ളതും. വിദ്യാഭ്യാസത്തിൽ മതപഠനത്തിനുള്ള ആവശ്യം; വെറും സാങ്കേതിക ജ്ഞാനത്തെക്കാൾ മാനസിക പരിശീലനത്തിനുള്ള പ്രാധാന്യം. ഈ വിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിക്കു മാത്രമേ ഒരു മനുഷ്യവ്യക്തിത്വത്തിൻെറ വികസനത്തെ കാര്യക്ഷമമായ വിധം വിജയിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഏതാനും കൊല്ലങ്ങൾക്കുമുമ്പു കറാച്ചിയിൽവച്ചു നടത്തപ്പെട്ട ഒരു അദ്ധ്യാപകസമ്മേളനത്തിൽ പ്രൊഫസർ ജെ. ബി. ഡർക്കൽ വിദ്യാഭ്യാസപ്രവർത്തനത്തെപ്പററി പരാമർശിച്ചതിപ്രകാരമാണ്:- "ഇന്നത്തെ വിദ്യാഭ്യാസത്തിൽ, ബുദ്ധിയെ വികസിപ്പിക്കുന്നതിലോ അറിവുകൾ ശേഖരിക്കുന്നതിലോ അല്ല, പ്രത്യുത ഹൃദയത്തെ സംസ്കരിക്കുന്നതിലാണ് പ്രത്യേകം മനസ്സിരുത്തേണ്ടതു്. ഒരു കുട്ടിയിലുള്ള കഴിവുകളെ വികസിപ്പിക്കുക...പരിണമിപ്പിക്കുകയും ചെയ്യുന്നതിലും സ്റ്റേററിൻെറ സൗകര്യത്തിനു പററുന്ന വിധത്തിൽ മനുഷ്യനെ രൂപപ്പെടുത്തുന്നതിലും മാത്രമല്ല വിദ്യാഭ്യാസകല അടങ്ങിയിരിക്കുന്നതു്, നേരേമറിച്ചു് ധാർമ്മികവും ധിഷണാപരവും ശാരീരികവുമായ സംസ്കാരങ്ങളെ സാകല്യേന വികസിപ്പിച്ചിട്ടുള്ള ഒരു മാന്യമനുഷ്യനായി ആ കുട്ടിയെ ആക്കിത്തീർക്കുന്നതിലും, സ്ട്രൈക്കുകളും, എതിർപ്പുകളും, വിപ്ലവങ്ങളും അനുദിനസംഭവങ്ങളായിത്തീർന്നിട്ടുള്ള ഇന്നത്തെ ലോകത്തിൽ പരസ്പരം ഐക്യമനോഭാവം പാലിക്കുന്നതിനു സഹായകമായ ഹൃദയശാന്തതയിൽ അവനെ പ്രതിഷ്ഠിക്കുന്നതിലുമാണ് അതു സാക്ഷാൽക്കരിക്കപ്പെടുക. ഇന്നത്തെ സ്ഥിതിവിശേഷം മതപരിശീലനത്തിൻെറ ആധിക്യംകൊണ്ടു വന്നുചേർന്നിട്ടുള്ളതല്ല; അതിൻെറ അഭാവംകൊണ്ടുണ്ടായിട്ടുള്ളതാണ്. വിദ്യാഭ്യാസപദ്ധതിയിൽ മതപഠനം ഉൾപ്പെടുത്തപ്പെടണം. അതു പരിഹാരം കണ്ടെത്താൻ സാധിക്കാത്ത ഒരു പ്രശ്നവുമല്ല." അതുകൊണ്ടു വിദ്യാഭ്യാസത്തിൻെറ ശരിയായ ലക്ഷ്യം എന്താണെന്നു മനസ്സിലാക്കുമ്പോൾ, വിദ്യാഭ്യാസമണ്ഡലത്തെ ഒന്നാകെ കയ്യടക്കുന്നതിനുള്ള ഇന്നത്തെ ഗവമ്മെണ്ടുകളുടെ വ്യഗ്രത എത്രമാത്രം അടവദ്ധവും അനാശാസ്യവുമാണെന്നു വിശദമാകുന്നു.

### അവകാശം ആർക്കാണ്?

കുട്ടികളുടെ വിദ്യാഭ്യാസം എവിടെ എങ്ങിനെ നിർവ്വഹിക്കപ്പെടണമെന്നു നിശ്ചയിക്കുവാനുള്ള അവകാശം ആരുടേതാണെന്നുള്ള സംഗതി പലപ്പോഴും വാദവിഷയമാകാറുണ്ടു്. സ്വേച്ഛാപ്രമത്തമായ രാഷ്ട്രങ്ങൾ ഈ അവകാശം കൈയടക്കുന്നതിനു സാഹസപ്പെടുന്ന അവസരങ്ങളും ധാരാളം ഉണ്ടായിട്ടുണ്ടു്. ഏതാനും കൊല്ലങ്ങൾക്കുമുമ്പു ബോംബെ ഗവമ്മേണ്ടിൻെറ ഈദൃശമായ ഒരു നടപടി അവിടത്തെ ഹൈക്കോടതിയിൽ വാദവിഷയമായി. അതിൻെറ വിശദവിവരങ്ങൾ ഈ പംക്തികളിൽ ഞങ്ങൾ യഥാകാലം നൽകിയിട്ടുള്ളതാണ്. ചീഫ് ജസ്റ്റീസിൻെറ വിധിന്യായങ്ങൾ അന്നു ഞങ്ങൾ ഉദ്ധരിച്ചിരുന്നു. അതിൽ ഇവിടെ സംഗതമായ ഒരു ഭാഗം ഇപ്രകാരമാണ്:- "മാതാപിതാക്കന്മാർക്കു സ്വന്തം മക്കളുടെ വിദ്യാഭ്യാസകാര്യത്തിലുള്ള അവകാശമെന്തെന്നും, കുട്ടികളുടെ വിദ്യാഭ്യാസം നിയന്ത്രിക്കുന്നതിൽ രാഷ്ട്രത്തിനുള്ള അവകാശമെന്തെന്നുമാണ് ഞങ്ങൾ വിധി പ്രസ്താവിക്കേണ്ടിയിരിക്കുന്നതു്. ഒരു പ്രജായത്തരാജ്യത്തു പൗരൻ ആഹ്ളാദപൂർവ്വം അനുഭവിക്കുന്നതു് ചിന്താസ്വാതന്ത്ര്യമാണ്. ചിന്താസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതിനുള്ള എളുപ്പവും സുഗമവുമായ മാർഗ്ഗം വിദ്യാഭ്യാസനിയന്ത്രണമാണെന്നുള്ളതു് അവിതർക്കിതമത്രെ. മാതാപിതാക്കളാണ് തങ്ങളുടെ മക്കളെ വിദ്യ അഭ്യസിപ്പിക്കേണ്ടതെന്നുള്ളതു് പ്രമാണമായി സ്വീകരിച്ചിരുന്ന കാലങ്ങൾ കടന്നു വളരെയധികം ദൂരം നാം പോന്നുകഴിഞ്ഞു. ഇന്നാകട്ടെ, വലിയൊരു തോതിൽ മാതാപിതാക്കന്മാരുടെ കർത്തവ്യങ്ങളെ രാഷ്ട്രം അതിൻെറ പിടിയിൽ ആക്കിയിരിക്കുന്നു. തങ്ങളുടെ കുട്ടികൾക്കു യാതൊരു വിദ്യാഭ്യാസവും നൽകുകയില്ലെന്നു ശഠിക്കുവാൻ മാതാപിതാക്കന്മാരെ രാഷ്ട്രത്തിനനുവദിച്ചുകൂടാ; വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നാണ് രാഷ്ട്രത്തിൻെറ ഉദ്ദേശ്യമെന്നുള്ളതു തീർച്ചയാണ്. വിദ്യാലയങ്ങൾ എന്തായിരിക്കണം, ബോധനഭാഷ ഏതായിരിക്കണം; എന്തെല്ലാം വിഷയങ്ങൾ പഠിപ്പിക്കപ്പെടണം എന്നൊക്കെ ഹിതാനുസരണം നിശ്ചയിക്കുവാനും രാഷ്ട്രത്തിനു പാടുണ്ടു്. എന്നാൽ തങ്ങളുടെ അഭിപ്രായത്തിൽ തങ്ങളുടെ മക്കൾക്കു യോജിച്ചതരം വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ മാതാപിതാക്കന്മാരെ നിയന്ത്രിക്കുവാൻ രാഷ്ട്രത്തിനു പാടുണ്ടോ എന്നതാണ് പ്രധാന പ്രശ്നങ്ങളിലൊന്നു്. അങ്ങിനെയൊരവകാശം ഒരിക്കൽ സമ്മതിച്ചുകൊടുത്താൽ, വിദ്യാഭ്യാസം നിശ്ചിതരീതിയിൽ ഒതുക്കി നിർത്തുവാനും (സ്റ്റാൻേറഡൈസ്) കുട്ടികളെ സ്വന്തം അച്ചിൽ വാർത്തെടുക്കുവാനും രാഷ്ട്രത്തിനു സൗകര്യമാകും. എന്നാൽ യഥാർത്ഥമായ ചിന്താസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. ആകയാൽ തങ്ങളുടെ കുട്ടികൾക്കു ലഭിക്കേണ്ട വിദ്യാഭ്യാസം ഏതുതരത്തിലുള്ളതായിരിക്കണമെന്നു തീരുമാനിക്കാനുള്ള അവകാശം മാതാപിതാക്കന്മാർക്കുണ്ടായേ കഴിയൂ. പ്രജായത്തഭരണം സ്ഥിതിചെയ്യുന്നതു് എല്ലാ ജീവനും വേരോടെ പറിച്ചുകളയാനാണെന്നു സങ്കല്പിക്കുന്നതു് തെററാണ്. തിരുമാനത്തിനുള്ള അവകാശത്തിൽ തെററുചെയ്യുവാനുള്ള അവസരം ഉൾപ്പെട്ടിരിക്കുക അനിവാര്യമാണ്. ആ തെററു രാഷ്ട്രത്തിൻെറ താല്പര്യത്തിനു എതിരായിരിക്കുകയോ രാഷ്ട്രത്തിൻെറ ഭദ്രതയെ അട്ടിമറിക്കുകയോ ചെയ്യരുതെന്നുള്ള വ്യവസ്ഥ പാലിക്കപ്പെടണമെന്നേയുള്ളൂ. അതുകൊണ്ടു പ്രസ്തുതാവകാശം മാതാപിതാക്കന്മാർക്കു സമ്മതിച്ചുകൊടുക്കാതെ നിവൃത്തിയില്ല."

ഉദ്ധൃതവിധിയുടെ വേറൊരു ഭാഗത്തു് ഇന്ത്യാ കൂടി ഒപ്പുവച്ചിട്ടുള്ള യു. എൻ. ഓ. യുടെ മനുഷ്യാവകാശപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംഗതമായ ഭാഗം ഉദ്ധരിച്ചിട്ടുണ്ടു്. അതിപ്രകാരമാണ്:- "ആ പ്രഖ്യാപനത്തിലെ 216-ാം ആർട്ടിക്കിൾ പറയുന്നു: മക്കൾക്കു യോജിച്ചതെന്നു തങ്ങൾക്കു തോന്നുന്ന വിദ്യാഭ്യാസം അവർക്കു നൽകുവാൻ മാതാപിതാക്കന്മാർക്കു അവകാശമുണ്ടായിരിക്കണമെന്നു്. ...216-ാം ആർട്ടിക്കിൾ മാതാപിതാക്കന്മാരുടെ അവകാശത്തിനു പ്രാധാന്യം കല്പിക്കുന്നു. ആ അവകാശത്തിനു രാഷ്ട്രത്തിൻെറ അവകാശത്തേക്കാൾ മുൻഗണന ലഭിക്കുകയും ചെയ്യുന്നു. മനുഷ്യാവകാശപ്രഖ്യാപനത്തിലെ 216-ാം ആർട്ടിക്കിളിനു വിപരീതമായ യാതൊരു വ്യവസ്ഥയും നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടില്ല. മനുഷ്യാവകാശപ്രഖ്യാപനത്തിലെ മിക്ക ആർട്ടിക്കിളുകളും നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുന്നുണ്ടു്." കേസ്സിൻെറ വിസ്താരവേളയിൽ ചീഫ് ജസ്റ്റിസ് അഡ്വൊക്കേററു് ജനറലിനോടു ചോദിക്കുകയുണ്ടായി, "മാതാപിതാക്കന്മാർക്കു ഇഷ്ടമുള്ള സ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ അയയ്ക്കുവാൻ പാടില്ലെന്നു വിലക്കുന്ന ഏതെങ്കിലും നിയമം ലോകത്തിൽ എവിടെയെങ്കിലും ഉള്ളതായി നിങ്ങൾക്കറിയാമോ?" എന്നു്. മറുപടിയുണ്ടായില്ല. അതുകൊണ്ടു കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നതിനും, അതു എവിടെ എങ്ങിനെ അഭ്യസിപ്പിക്കണമെന്നു നിശ്ചയിക്കുന്നതിനുമുള്ള അഭേദ്യമായ അവകാശം മാതാപിതാക്കന്മാരിൽ സ്ഥിതിചെയ്യുന്നു എന്നതു തർക്കമററസംഗതിയാണ്. ഗവർമ്മേണ്ടിൻെറ നിശ്ചിതമാനദണ്ഡം അനുസരിച്ചുള്ള വിദ്യാഭ്യാസനിലവാരം പാലിക്കപ്പെടണമെന്നുള്ള വ്യവസ്ഥ മാത്രമേ അവർ അനുസരിക്കേണ്ടതുള്ളൂ. അതിനു വേണ്ട സൗകര്യങ്ങളെല്ലാം ചെയ്തുകൊടുത്തു മാതാപിതാക്കന്മാരുടെ അവകാശത്തെ പരിരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക എന്നുള്ളതാണ് ഗവമ്മേണ്ടിനു ഇക്കാര്യത്തിൽ കരണീയമായിട്ടുള്ളതു്. അതിനു വിരുദ്ധമായി വിദ്യാഭ്യാസത്തെ ഗവമ്മേണ്ടിൻെറ കുത്തകയാക്കുന്നതിനുള്ള സാഹസികപരിശ്രമങ്ങൾ മാതാപിതാക്കന്മാരുടെ പാവനമായ അവകാശത്തെ കൈകയറുന്നതും ഒരു പ്രജാധിപത്യ ഭരണവ്യവസ്ഥയിൽ അനുവദിക്കപ്പെടാൻ പാടില്ലാത്തതുമാണ്. ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ള ഒരവകാശമാണതു്.

### കമ്മ്യൂണിസത്തിൻെറ നയം

വിദ്യാഭ്യാസരംഗത്തു കമ്മ്യൂണിസത്തിൻെറ നയമെന്താണെന്നു പലേവിധത്തിൽ വ്യക്തമായിക്കഴിഞ്ഞിട്ടുള്ളതാണ്. വിദ്യാലയങ്ങളിൽ നുഴഞ്ഞുകയറി ബാലമനസ്സുകളിൽ കമ്മ്യൂണിസ്റ്റുവിഷം കുത്തിവച്ചു് വളരുന്ന തലമുറയെ സ്വാധീനിക്കുന്നതിനു അഹോരാത്രം അവർ പരിശ്രമിച്ചുപോന്നിട്ടുണ്ടു്. ഇന്ത്യൻ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ "പൊളിററു് ബ്യൂറോ" 1954 ജൂൺ 25-ാം തീയതി 19/54-ാം നമ്പരായി ഒരു രഹസ്യസർക്കുലർ ഈ വിഷയത്തെക്കുറിച്ചു പ്രചരിപ്പിക്കുകയുണ്ടായി. ശ്രീരാമസിംഗ് എന്ന ഒരു ലേഖകൻ ഒക്ടോബർ 13-ാം തീയതിയിലെ "ട്രിബ്യൂൺ" പത്രത്തിൽ അതു ഒരു കത്തുവഴി പ്രസിദ്ധപ്പെടുത്തി. അതിൽ നിർദ്ദേശിച്ചിരുന്നതിപ്രകാരമാണ്:- "ജനകീയപ്രക്ഷോഭണത്തിൻെറ വളർച്ചയിൽ വിദ്യാർത്ഥികൾ അതിപ്രധാനമായ ഒരു പങ്കു വഹിക്കുവാനുണ്ടു്. അവർ ബുദ്ധിജീവികളുടെ ഒരുവിഭാഗമാണ്; പോരാ, ബുദ്ധിജീവികളിൽ ചെറുപ്പക്കാരും, വികസിച്ചു പക്വമായിവരുന്ന നവീനാശയങ്ങളെ ഉൾക്കൊള്ളുവാൻ കഴിവുള്ളവരുമായ വിഭാഗം അവരാണ്. അതുകൊണ്ടു് പൊതുവായ ജനകീയപ്രക്ഷോഭണത്തിൻെറ ചൈതന്യത്തോടും പ്രവർത്തനങ്ങളോടും കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ പുരോഗമനത്തോടും അവർ ലയിച്ചുചേരേണ്ടതു് വളരെ പ്രധാനപ്പെട്ടകാര്യമാണ്. അവരെ ജനകീയപ്രക്ഷോഭണത്തിലും പാർട്ടിപതാകയുടെ കീഴിലും അണിനിരത്തുന്നതിനനുസരിച്ചു മാത്രമേ ജനകീയപ്രക്ഷോഭണത്തിനും പാർട്ടിക്കും പുരോഗമനോന്മുഖമായ ബുദ്ധിജീവികളുടെ പ്രവർത്തനങ്ങളെ തൊഴിലാളികളുടേയും കൃഷിവലന്മാരുടേയും സമരപരമായ പൊതുജനപ്രക്ഷോഭണത്തോടു സംഘടിപ്പിക്കാൻ സാദ്ധ്യമാവുകയുള്ളൂ." അതിനു പ്രയോഗിക്കേണ്ട മാർഗ്ഗങ്ങളും സർക്കുലറിൽ വിവരിച്ചിരുന്നു:- "1. അവരെ ജനകീയപ്രക്ഷോഭണത്തിലേക്കും, സമാധാനപ്രസ്ഥാനത്തിലേക്കും, ദേശീയസ്വാതന്ത്ര്യവാദത്തിലേക്കും, ജനകീയഭരണാഹ്വാനത്തിലേക്കും ആകർഷിക്കണം. 2. അവരുടെ അണികളിൽ സാമ്രാജ്യവാദം, ഗാന്ധിയൻസിദ്ധാന്തം മുതലായ പിന്തിരിപ്പൻ ആശയങ്ങളെ എതിർക്കുന്നതിനും ശാസ്ത്രീയമായ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആദർശങ്ങളെ പ്രബോധിപ്പിക്കുന്നതിനും ശ്രദ്ധിക്കണം. 3. അവരിൽ ഉത്തമന്മാരായുള്ളവരെ പാർട്ടിയിൽ ചേർക്കുകയും ഒന്നാംതരം ബോൾഷെവിക്ക് യോദ്ധാക്കളായി പരിശീലിപ്പിക്കുകയും, തൊഴിലാളികളുടേയും കൃഷിവലന്മാരുടേയും ആക്രമണപ്രസ്ഥാനങ്ങളോടുള്ള സജീവമായ സമ്പർക്കം കൊണ്ടു് ഒരു പുതിയ വീക്ഷണഗതി അവരിൽ സംജാതമാക്കുകയുംവേണം." ഈ സർക്കുലറിൽനിന്നു വിദ്യാഭ്യാസംസംബന്ധിച്ചു് കമ്മ്യൂണിസ്റ്റു് നയപരിപാടികൾ ഏതുതരത്തിലുള്ളതാണെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. അതുകൊണ്ടു് എവിടെയായാലും ഏതെതുസാഹചര്യങ്ങളിലായാലും വിദ്യാഭ്യാസരംഗത്തെ കൈയടക്കുന്നതിനു അധികാരത്തിൽവരുന്ന കമ്മ്യൂണിസ്റ്റുപാർട്ടി സർവ്വകഴിവുകളും പ്രയോഗിക്കാതിരിക്കുകയില്ല. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റുപാർട്ടിഭരണത്തിനു വിധേയമായിട്ടുള്ള ഏകസംസ്ഥാനമാണ് കേരളം. കേരളത്തിൽ വിദ്യാഭ്യാസരംഗത്തു കമ്മ്യൂണിസ്റ്റുഗവമ്മെൻറു് നടത്തുന്ന പുനഃസംവിധാനശ്രമങ്ങളിൽ ഈ സ്വഭാവം നിഴലിക്കാതിരിക്കുകയില്ല എന്നനുമാനിക്കുന്നതു ഒരു അസ്ഥാനത്തുള്ള അപ്രീവിശ്വാസമായോ അടിസ്ഥാനരഹിതമായ ആശങ്കയായോ കണക്കാക്കേണ്ടതില്ല. അതിനുള്ള പ്രതിവിധി ഏതാദൃശസംരംഭങ്ങളിൽ, വിദ്യാഭ്യാസവിഷയത്തിൽ ഉത്തരവാദിത്വംവഹിക്കുന്ന മാതാപിതാക്കന്മാർ വേണ്ടസമയത്തു ജാഗരൂകരാവുക എന്നതാണ്. അവരുടെ പരിപാവനമായ അവകാശത്തെ കൈകയേറുന്നതിനുള്ള ഏതൊരു സംരംഭത്തേയും ഭരണഘടനാവ്യവസ്ഥകളുടേയും മൗലികാവകാശത്തിൻേറയുംപേരിൽ സംഘടിതമായും ശക്തിയായും എതിർക്കണം. പൗരാവലിയുടെ സവിശേഷമായ ശ്രദ്ധയെ ഇക്കാര്യത്തിലേക്കു ഞങ്ങൾ ക്ഷണിച്ചുകൊള്ളട്ടെ.

### പ്രസാധകക്കുറിപ്പുകൾ

### യുവലോകത്തെ പ്രവർത്തിപ്പിക്കണം

ഈയിടെ ഐർലണ്ടിൽ മേയ്നൂത്ത് കോളേജിൽവച്ചു ഒരു പ്രസംഗത്തിൽ എഡ്യൂക്കേഷൻപ്രൊഫസർ ഇപ്രകാരം പ്രസ്താവിച്ചു:- "ഭാവിയെ നിയന്ത്രിക്കുന്നതിൽ യുവസഞ്ചയത്തിനുള്ള കഴിവുകളെപ്പററി അവർക്കു വേണ്ടത്ര പ്രോത്സാഹജനകമായ ആത്മവിശ്വാസം നാം നൽകുന്നില്ല എന്നുള്ളതു് ഇത്തരുണത്തിൽ ഐർലണ്ടിനെ സംബന്ധിച്ചു ഒരു യാഥാർത്ഥ്യമാണെന്നു തോന്നുന്നു....... വിഷമതകളെപ്പററി നാം ഊന്നിപ്പറയാറുണ്ടു്; എന്നാൽ നമ്മുടെ യുവാക്കന്മാരുടെ ആദർശദാർഢ്യത്തേയും, ബുദ്ധിപ്രകർഷത്തേയും, ഉത്സാഹശീലത്തേയും വെല്ലുവിളിക്കത്തക്കവണ്ണവും അവരുടെ സ്വയംപരിത്യാഗവൃത്തിയെ പ്രചോദിപ്പിക്കത്തക്കവണ്ണവും നാം അവയെ വേണ്ടതരത്തിൽ അവരുടെ മുമ്പിൽ പ്രകാശിപ്പിക്കാറില്ല." ഐർലണ്ടിനെപ്പററി അദ്ദേഹം പ്രകടിപ്പിച്ച ഈ അഭിപ്രായം ഏതൊരു രാജ്യത്തെപ്പററിയും അതിശയോക്തിലേശംകൂടാതെ പറയാവുന്നതാണ്. യഥാർത്ഥത്തിൽ ഇന്നു യുവലോകത്തെ ശരിയായ മാർഗ്ഗത്തിൽ പ്രവർത്തിപ്പിക്കുന്നതിനും അവരിൽ നിക്ഷിപ്തമായിരിക്കുന്ന മഹത്തായ കഴിവുകളെ വികസിപ്പിച്ചു ലോകസേവനത്തിനുപയുക്തമാക്കുന്നതിനും അടിയന്തിരമായ ശ്രമം ചെയ്യേണ്ടിയിരിക്കുന്നു. ഒരു നവലോകം സൃ

ഷ്ഠിക്കുന്നതിൽ യുവത്വത്തിന്റെ സേവനമാണ് പ്രധാനമായും വിനിയോഗിക്കപ്പെടേണ്ടതു്. എന്നാൽ ഇന്നത്തെ യുവത്വം വിപ്ലവകക്ഷികളുടെ പിടിയിൽപെട്ടിരിക്കുന്നു എന്നുള്ളതു് ശോചനീയമായ ഒരു വസ്തുതയാണ്. മത്സരങ്ങൾമൂലം ഛിന്നഭിന്നമാക്കപ്പെട്ടതും, അനീതികൾമൂലം വികൃതമായതും സാമൂഹികവും ധാർമ്മികവുമായ തിന്മകൾമൂലം അധഃപ്പതിച്ചതുമായ ലോകത്തെ സമുദ്ധരിക്കുന്നതിനു യുവഹൃദയങ്ങൾ വെമ്പൽകൊള്ളുന്നു. ഈ ഉന്മേഷലഹരിയിൽ ആധുനികാധഃപ്പതനത്തിന്റെ ഹേതുഭൂതർ കടന്നുപോകുന്ന തലമുറയാണെന്നു വിശ്വസിക്കുകയും അതിനെതിരായ വിപ്ലവബുദ്ധിക്കു ശക്തി വർദ്ധിക്കുകയും ചെയ്യുകയാണ്. ഈ അഭിനിവേശത്തെ ചൂഷണംചെയ്തുകൊണ്ടാണ് നാസിജർമ്മനി വഴിപിഴച്ച പ്രവർത്തനങ്ങൾ നടത്തിയതു്. റഷ്യയിൽ അഭിനയിക്കപ്പെട്ടതും ഈ രംഗംതന്നെയാണ്. യുവത്വത്തിന്റെ ശക്തിമത്തായ പ്രവാഹത്തെ വേണ്ടവിധത്തിൽ നിയന്ത്രിക്കുന്നതിൽ സമുദായം പരാജയപ്പെട്ടതിന്റെ പ്രത്യാഘാതമാണ് ഇന്നു ലോകത്തിൽ സാമൂഹികതിന്മകളും, യുവജനങ്ങളുടെ സാന്മാർഗ്ഗികാധഃപ്പതനങ്ങളും ഇത്രയധികം വർദ്ധിച്ചുകഴിഞ്ഞിരിക്കുന്നതു്. അതുകൊണ്ടു യുവലോകത്തിനു കാലോചിതമായ പ്രവർത്തനപദ്ധതികൾ കണ്ടുപിടിക്കേണ്ടതും അവരുടെ കഴിവുകളെ ലോകോപകാരാർത്ഥം വിനിയോഗിക്കേണ്ടതുമാണ് അവശ്യകർത്തവ്യമെന്നു സിദ്ധിക്കുന്നു. സമുദായനേതാക്കന്മാരുടേയും സാമൂഹികപ്രവർത്തകന്മാരുടേയും സവിശേഷമായ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാവശ്യമത്രേ.

× × ×

## കമ്മ്യൂണിസ്റ്റ് ചൈനയിലെ ജയിൽവാസം

"ചാരവൃത്തി" നടത്തിയെന്ന കുറസമ്മതം തന്നിൽനിന്നു് ബലംപ്രയോഗിച്ചുവാങ്ങാൻ ഒരുവർഷത്തിലധികംകാലം കമ്മ്യൂണിസ്റ്റുകൾ തന്നെ ഏകാന്തതടവിൽ പാർപ്പിച്ചുവെന്നു് കമ്മ്യൂണിസ്റ്റ് ചൈനയിലെ കാരാഗൃഹങ്ങളിൽ ആറുവർഷം കഴിച്ചുകൂട്ടിയശേഷം ഈയിടെ വിമോചിതനായ ഒരു കത്തോലിക്കാപുരോഹിതൻ ഹോങ്കോങ്ങിൽവച്ചു് പത്രപ്രതിനിധികളോടു പറഞ്ഞു. വ്യാജമായ കുറ്റാരോപണങ്ങൾ സ്വീകരിക്കാൻ അദ്ദേഹം വിസമ്മതിച്ചു. ഫ്രാൻസിസ്കൻ ഓർഡറിൽപ്പെട്ട 55 വയസ്സ് പ്രായമുള്ള ഫാദർ ഫുൾജൻസ് ഗ്രോസ്, സിംഗ്ടാവോ-ഷാംഗ്ഹേയ് ജയിലുകളിൽവച്ചു് ചൈനീസ് കമ്മ്യൂണിസ്റ്റുകളിൽനിന്നു് താൻ അനുഭവിച്ച യാതനകളുടെ വിശദവിവരങ്ങൾ നൽകുകയുണ്ടായി. കൈവിലങ്ങുകൾകൊണ്ടുണ്ടായ മുറിവിന്റെ പാടുകൾ അദ്ദേഹത്തിന്റെ കൈകളിൽ കാണാനുണ്ടായിരുന്നു. ഫാദർ ഗ്രോസ് നൽകിയ വിവരണം "സൗത്തു് ചൈനാ മോർണിംഗ്പോസ്റ്റി"ൽ പ്രസിദ്ധീകരിച്ചിരുന്നു. തന്റെ പ്രാരംഭ "വിചാരണ"യിൽ കമ്മ്യൂണിസ്റ്റുകൾതന്നെ പ്രഹരിച്ചുവെന്നും അപ്പോൾ ചാരവൃത്തിക്കുററം സമ്മതിച്ചുപറഞ്ഞില്ലെങ്കിൽ തലവെട്ടിക്കളയുമെന്നു് ഭീഷണിപ്പെടുത്തിക്കൊണ്ടു് ഒരാൾ ഒരു വാൾ തന്റെ കഴുത്തിൽ ചേർത്തുപിടിച്ചുകൊണ്ടിരുന്നുവെന്നും ഫാദർ ഗ്രോസ് പറഞ്ഞു. "നിശ്ചയമായും ഞാൻ മരിക്കാൻ പോവുകയാണെന്നു് ഞാൻ വിചാരിച്ചു" എന്നു് അദ്ദേഹം പറഞ്ഞു. പക്ഷെ അതു ദീർഘകാലം നീണ്ടുനിന്ന വിചാരണപരമ്പരയുടെ ആരംഭംമാത്രമേ ആയിരുന്നുള്ളു. ആ വിചാരണ 18 ദിവസം നീണ്ടുനിന്നു. ഇതിനിടയ്ക്കു് ഫാദർ ഗ്രോസിന്റെ കൈയ്ക്കും കാലിനും വിലങ്ങിട്ടു് മൂന്നുദിവസം മുഴുവൻ അദ്ദേഹത്തെ ഉറക്കമില്ലാതെ നിർത്തി. "എന്റെ കണ്ണുകൾ അടയാൻ തുടങ്ങുമ്പോൾ അവർ തണുത്തവെള്ളം എന്റെ മുഖത്തേക്കൊഴിക്കും" എന്നു് അദ്ദേഹം അനുസ്മരിച്ചു. കുറസമ്മതം നിർബന്ധിച്ചു് വാങ്ങുന്നതിൽ പരാജയപ്പെട്ടപ്പോൾ കമ്മ്യൂണിസ്റ്റുകൾ അവരുടെ തന്ത്രങ്ങൾ മാററുകയും അദ്ദേഹത്തെ ഒരു ചാരനായി നിയോഗിക്കാൻ ശ്രമിക്കയുംചെയ്തു. ഇതിനു് അദ്ദേഹം വിസമ്മതിക്കയാൽ ഒരുവർഷത്തിലധികംകാലം അദ്ദേഹത്തെ ഏകാന്തതടവിൽ പാർപ്പിച്ചു. കുറസമ്മതം ബലംപ്രയോഗിച്ചുവാങ്ങാൻ ജയിലധികാരികൾ ഇടയ്ക്കിടയ്ക്കു തന്നെ പ്രഹരിക്കുമായിരുന്നുവെന്നു് ഫാദർ ഗ്രോസ് പറഞ്ഞു. പക്ഷെ കുററസമ്മതം അവർക്കു കിട്ടിയില്ല. കമ്മ്യൂണിസ്റ്റ്ഗവമ്മെന്റുകൾ മതത്തിനെതിരായി അനുവർത്തിക്കുന്ന മർദ്ദനരീതിയുടെ മാതൃകയാണിതു്.

### അടുത്തയാഴ്ചയിൽ

മേയ്
16 വ്യാ: വി. ശെമയോൻസ്റ്റോക്ക്
17 വെ: വി. പാസ്കൽ ബായിലോൺ
18 ശ: വി. വെനാൻസിയോസ്
19 ഞാ: ഉയിർപ്പ് 4-ാംഞായർ
20 തി: സീയന്നായിലെ വി. ബർണ്ണർദീനോസ്
21 ചൊ: വി. സോത്തീറും കയ്യോസും
22 ബു: വി. മർസ്സിയാൻ

## മതത്തിന്റെ സാർവ്വദേശീയത്വം

(ഫാദർ അപ്രേം, പുതുശ്ശേരി)

മതത്തിന്റെ സ്വഭാവം എന്താണ്? അതിനു ഒരു സ്വാധീനശക്തിയുണ്ട്; മനുഷ്യനെ ഭരിക്കാനും നിയന്ത്രിക്കാനും. മതം മനുഷ്യജീവിതത്തിൽ ഒരു പ്രധാനഘടകമായിരുന്നു. സാംസ്കാരികമായും മതം ലോകത്തിനു പ്രദാനം ചെയ്തിട്ടുള്ള നന്മകൾ പലതാണ്. ലോകത്തിൽ സംസ്കാരത്തിന്റെയും പരിഷ്കാരത്തിന്റേയും വെളിച്ചം കൊളുത്തിയതു മതമാണ്. മനുഷ്യനെ അസാന്മാർഗ്ഗികജീവിതത്തിൽനിന്നു മനുഷ്യോചിതമായ ജീവിതത്തിലേക്കു കൊണ്ടുവരുവാൻ ശ്രമിക്കുന്നതു മതമാണ്. എന്നും അങ്ങനെതന്നെയായിരിക്കും. എല്ലാ ജാതിജനങ്ങൾക്കും ഈശ്വരാരാധന ചെയ്യുവാൻ വിശപ്പുപോലുള്ള ആഗ്രഹമുണ്ടായിരുന്നു. മതത്തിന്റെ സാർവ്വദേശീയത്വം ഈശ്വരാസ്തിക്യത്തിനു ഒരു ഉത്തമതെളിവാണ്.

മനുഷ്യവംശത്തിന്റെ ആരംഭംമുതൽ ഇന്നുവരെ സമസ്തജാതിജനങ്ങളുടെ ഇടയിലും പ്രബലമായി വളർന്നുകൊണ്ടിരുന്ന ഒന്നാണു മതം. പ്രാചീനരും അർവ്വാചീനരുമായ മഹാപണ്ഡിതന്മാരെല്ലാംതന്നെ ഈശ്വരാസ്തിക്യം നിഷേധിക്കുന്നവരുടെ വാദങ്ങൾ ഖണ്ഡിക്കുന്നുണ്ടു്. ഈ മഹാപണ്ഡിതന്മാർ ഈശ്വരാസ്തിക്യത്തെ സശിരഃകമ്പം സമ്മതിച്ചുപറഞ്ഞിട്ടുള്ളവരാണ്.

സിസെറൊ ക്രിസ്തുവിനു മുമ്പു ജീവിച്ചിരുന്ന ഒരു പണ്ഡിതനാണ്. അദ്ദേഹം പറയുന്നു: "എല്ലാ രാജ്യങ്ങളും ജാതികളും ഒരുതരം ദൈവികത്വത്തിലും മതത്തിലും വിശ്വസിച്ചിരുന്നു. ഈശ്വരവിശ്വാസം മനുഷ്യഹൃദയത്തിൽ ജന്മനാ കുടികൊള്ളുന്നു. അതു മനുഷ്യാത്മാവിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. സെനെക്കാ പറയുന്നതു്, ദൈവത്തിൽ വിശ്വസിക്കാത്ത ഒരു രാജ്യം കണ്ടെത്താൻ പ്രയാസം എന്നാണ്. പ്ലേറ്റോ പറയുന്നതു ശ്രദ്ധേയമാണ്: "ഭൂമിയും സൂര്യനും ചന്ദ്രനും എന്നുവേണ്ട, ലോകം മുഴുവനും ദൈവം എന്നൊരാളുടെ ആസ്തിക്യത്തെ തെളിയിക്കുന്നു" മനുഷ്യവംശത്തിന്റെ ഒന്നാകെയുള്ള സാക്ഷ്യം അനുസരിച്ചു സകല ചരാചരങ്ങളുടേയും ആദികാരണം ദൈവമാണെന്നു തത്വശാസ്ത്രജ്ഞനായ അരിസ്റ്റോട്ടൽ പ്രസ്താവിച്ചിട്ടുണ്ട്.

പ്രാചീനകാലത്തെ ചരിത്രകാരന്മാരുടെ അഭിപ്രായം നോക്കുക: "നിങ്ങൾ ലോകം മുഴുവനും സഞ്ചരിക്കുന്നപക്ഷം കോട്ടകളാൽ സുരക്ഷിതമല്ലാത്തതും, നിയമങ്ങളും നാണയങ്ങളും നടപ്പിലില്ലാത്തതും, സ്ഥിരമായ മനുഷ്യവാസം ഇല്ലാത്തതുമായ നഗരങ്ങൾ കണ്ടെത്തിയേക്കാം. എന്നാൽ ദേവാലയങ്ങളും പ്രാർത്ഥനകളും ബലികളും അർപ്പിക്കാത്ത പട്ടണങ്ങൾ കാണുകയില്ല." അങ്ങനെ മതമില്ലാത്ത ഒരു രാജ്യമില്ല. പക്ഷെ വിശ്വാസം വ്യത്യസ്തമാണ്. സർ ഐസക്ക് ന്യൂട്ടന്റെ അഭിപ്രായം ഇതാണ്: "ഈ പ്രപഞ്ചത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതു ഒരു മഹാവ്യക്തിയായിരിക്കണം. ആ വ്യക്തി ഒരു സർവ്വശക്തനാണ്. സർവ്വശക്തന്റെ ബുദ്ധിവൈഭവത്തിലും ജ്ഞാനമാഹാത്മ്യത്തിലുമാണ്, ഈ പ്രപഞ്ചത്തിന്റെ ഉല്പത്തിയെ നിക്ഷേപിച്ചിരിക്കുന്നതു്."

ഇങ്ങനെ മഹാതാത്വികന്മാരും അഗാധചിന്തകന്മാരും സൃഷ്ടവസ്തുക്കളിൽനിന്നു ഒരു സ്രഷ്ടാവിന്റെ ആസ്തിക്യത്തിൽ എത്തിച്ചേരുന്നു. നാഥനില്ലാത്തതോ നിയന്ത്രണമില്ലാത്തതോ അല്ല ഈ ലോകം. ചുക്കാനില്ലാത്ത ഒരു വഞ്ചിപോലെയല്ല പ്രകൃതിയുടെ പ്രവർത്തനം. പക്ഷെ എത്രതന്നെ യുക്തിയുക്തം ഈശ്വരാസ്തിക്യത്തെ തെളിയിക്കയും ഉറപ്പിച്ചു പ്രഖ്യാപിക്കയും ചെയ്താലും അതു നിഷേധിക്കുന്നവരുണ്ട്. മാർക്സും, ലെനിനും, സ്റ്റാലിനും അവരുടെ അനുയായികളും. മേൽപ്രസ്താവിച്ച മഹാതാത്വികന്മാരുടേയും അഗാധചിന്തകന്മാരുടേയും മുമ്പിൽ ഈ ഭൗതികത്വവാദികൾ ആരാണ്? കേവലം നിഴൽമാത്രം. ഈ ഭൗതികത്വവാദികളാണോ മനുഷ്യനെ അവന്റെ സങ്കടങ്ങളിൽനിന്നും ദുരിതങ്ങളിൽനിന്നും സ്വതന്ത്രനാക്കി സമാധാനത്തിന്റേയും ഐശ്വര്യത്തിന്റേയും ഒരു പുതിയ ലോകത്തിലേക്കു ഉയർത്തുന്നതു്? ഐക്യത്തിന്റെ ലോകം നിർമ്മിക്കുവാൻ മതവും മതാനുഷ്ഠാനവും ഉപേക്ഷിക്കണമെന്നാണോ? ഒരു ഏകലോകം നിർമ്മിക്കുവാൻ മനുഷ്യരിൽ ആദ്ധ്യാത്മികചൈതന്യം ആവശ്യമാണ്. ആദ്ധ്യാത്മിക ചായ്‌വുണ്ടാകാൻ മതശക്തി കൂടാതെ സാദ്ധ്യമല്ല. അങ്ങനെ പൗരജീവിതത്തിൽ മതത്തിനു സ്ഥാനം നൽകാൻ ഇവർ പരിശ്രമിച്ചെങ്കിൽ!

—o—

(1-ാംപേജ് തുടർച്ച)

നൽപ്പിനെർ പാളിയാൽമതി ഒരിടിനാദം മുഴങ്ങിയാൽമതി, ശാസ്ത്രവും, സാങ്കേതികജ്ഞാനവും സംഘടനാസാമർത്ഥ്യവും പലപ്പോഴും മനുഷ്യനെ ഭയചകിതനാക്കുന്ന ഉപാധികളായി മാറുന്നുവെന്നു പറയുന്നതു വാസ്തവമല്ലേ? തന്മൂലം ഇന്നു ലോകം പണ്ടത്തേക്കാൾ സ്വസ്ഥമായിരിക്കുന്നുവെന്നു പറയുന്നതിൽ അർത്ഥമില്ല. കേവലം ഭൗതികമായ പുരോഗതി സ്വയമേ ഒരു നവലോകത്തെ ആവിർഭവിപ്പിക്കുമെന്നുള്ളതു നിരർത്ഥകമാണെന്നു ഇപ്പോൾ എല്ലാവർക്കും വിശദമായി കഴിഞ്ഞിരിക്കുന്നു.

"ലോകത്തിനു ഒരുകാര്യം മനസ്സിലായിത്തുടങ്ങിയിട്ടുണ്ടു്; പലരും അതു സമ്മതിക്കുവാൻ തുടങ്ങിയിട്ടുമുണ്ടു്. ലോകത്തിന്റെ ഈ കാളരാത്രി ആവിർഭവിച്ചതു് ക്രിസ്തുവിനെ അതു ബഹിഷ്കരിച്ചതുമൂലമാണെന്നു്; അവിടുത്തെ അവർ അവരുടെ കുടുംബങ്ങളിൽനിന്നും സാങ്കേതികവും സാമൂഹികവുമായ ജീവിതരംഗത്തുനിന്നും പുറംതള്ളുവാൻ ശ്രമിച്ചതുമൂലമാണെന്നു്; ജനം അവിടുത്തേക്കെതിരായി വിപ്ലവമുണ്ടാക്കിയതുകൊണ്ടാണെന്നു്; അവർ അവിടുത്തെ ക്രൂശിക്കുകയും നിശ്ചലനാക്കുകയും നിശ്ശബ്ദനാക്കുകയും ചെയ്തതുകൊണ്ടാണെന്നു്......

"മനുഷ്യൻ സത്യത്തേയും നന്മയേയും സംസ്കരിച്ച കുഴിമാടത്തിന്റെ മൂടിക്കല്ല് നീക്കപ്പെടേണ്ടതാവശ്യമായിരിക്കുന്നു. ക്രിസ്തുവിന്റെ ഒരു നവീനോത്ഥാനം—മരണത്തിന്റെ മേധാവിത്വം ആവർത്തിക്കപ്പെടാത്ത ഒരു യഥാർത്ഥ ഉയിർപ്പ്—ഇന്നനുപേക്ഷണീയമത്രെ. വ്യക്തികളിൽ മാരകപാപമാകുന്ന രാത്രിയെ അവിടുന്നു അവസാനിപ്പിക്കുകയും പുനർലബ്ധമാകുന്ന ഇഷ്ടപ്രസാദവരത്തിന്റെ പുലരിയെ ആവിർഭവിപ്പിക്കുകയുംവേണം. കുടുംബങ്ങളിൽ മതമാന്ദ്യത്തിന്റേയും ഭക്തിരാഹിത്യത്തിന്റേയും തണുപ്പ് സ്നേഹമാകുന്ന സൂര്യപ്രകാശത്തിനു വഴിമാറിക്കൊടുക്കണം. കൈത്തൊഴിൽശാലകളിലും, നഗരങ്ങളിലും, രാഷ്ട്രങ്ങളിലും തെററിദ്ധാരണകളുടേയും വിദ്വേഷത്തിന്റേയും അന്തരീക്ഷത്തിൽ രാത്രികാലം മാറി പട്ടാപ്പകൽപോലെ പ്രകാശംപരക്കണം......"

ആധുനികലോകത്തിന്റെ പുനരുത്ഥാനത്തിനു അവശ്യം ആലംബമാക്കേണ്ട അടിസ്ഥാനതത്വങ്ങളാണ് പരിശുദ്ധ പിതാവു് ഈ പ്രഭാഷണത്തിൽ പ്രകടമായി പ്രകാശിപ്പിച്ചിരിക്കുന്നതെന്നു എടുത്തുപറയേണ്ടതില്ലല്ലോ. ഇക്കാലമത്രയും അവിടുന്നു ലോകത്തിനു നൽകിപ്പോന്നിട്ടുള്ള ധാർമ്മികനേതൃത്വത്തിന്റെ ഒരു മാതൃകമാത്രമാണിതു്. "ലോകത്തിന്റെ ജീവനുള്ള മനസ്സാക്ഷി"യായ മാർപ്പാപ്പായുടെ ഈ ധാർമ്മികാമന്ത്രണങ്ങൾ മാനവവംശം ചെവിക്കൊള്ളുമെങ്കിൽ അതു തീർച്ചയായും ലോകത്തിനു സമാധാനത്തേയും സൗഭാഗ്യത്തേയും കൈവരുത്തുന്നതായിരിക്കും.

—o—




ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പൻ സോപ്പുവർക്ക്സ് തൃശ്ശൂർ



## വിനോദവീഥി



"ഒന്നരടിക്കാറു് വാങ്ങിട്ടകത്തു കേറിക്കോളൂ."

"ഹയ്യോ, ഈ കൊച്ചിനു് അരടിക്കാറോ! മൂന്നുവയസ്സ് ഈ കർക്കടകം വരമ്പോഴേ ആവുള്ളു സാറെ. ഞാനിതുവരേം ഇതിനു് ടിക്കററു മേടിച്ചിട്ടില്ല."

× × ×



"എത്ര മഴയായാലും നമ്മുടെ ശ്രീമതിക്കു കുട കൊണ്ടുനടക്കുക തീരെ ഇഷ്ടല്ല!"


## കൽക്കത്താ നിങ്ങളെ വിളിക്കുന്നു !

പ്രേഷിതശുശ്രൂഷാന്തിയാൽ പ്രോജ്വലിക്കുന്ന യുവത്തിടമ്പുകളെ വരുവിൻ !

ഈശോസഭയുടെ വീരസന്താനങ്ങളായി കൽക്കത്താ മിഷ്യനിൽ പ്രേഷിതവൃത്തി നടത്തുവാൻ വെമ്പൽകൊള്ളുന്ന യുവസൂനങ്ങൾക്കു് ഒരു സുവർണ്ണാവസരം.

സ്കൂൾഫൈനലെങ്കിലും പ്രശസ്തരായി ജയിച്ചിട്ടുണ്ടെങ്കിൽ, അഥവാ ഇക്കൊല്ലം ജയിക്കുമെന്നു പ്രതീക്ഷയുണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ഉടൻ അപേക്ഷിക്കുക :

Very Rev. Fr. Vice-Provincial,
32 Park Street, Calcutta-13

# ആരാണു കാരണക്കാർ?

(കെ. ജെ ചാക്കോ ബി. എ.)

ഇതാ കമ്മ്യൂണിസ്റ്റുകാർ കേരളത്തിൻെറ ഭരണസാരഥ്യം കൈക്കലാക്കിക്കഴിഞ്ഞിരിക്കുന്നു. ഇത്രപെട്ടെന്നു അതു സാധിക്കുമെന്നു അവർപോലും പ്രതീക്ഷിച്ചിരുന്നില്ല. പിന്നെങ്ങനെ അതു സംഭവിച്ചു? പലരും തലപുകഞ്ഞാലോചിക്കുന്ന ഒരു വിഷയമാണിതു്.

കോൺഗ്രസ്സുകാരുടെ കൊള്ളരുതായ്കയാണു കാരണമെന്നു ചിലർ പറയുന്നു, അതല്ല ചില സമുദായക്കാരുടെ സ്വാർത്ഥതയും വർഗ്ഗീയവിദ്വേഷവുമാണു കുഴപ്പമുണ്ടാക്കിയതെന്നു മററു ചിലർ വാദിക്കുന്നു. അതുമല്ല കമ്മ്യൂണിസ്റ്റുകാരുടെ സമർത്ഥവും സംഘടിതവുമായ പ്രവർത്തനമാണു അവരുടെ വിജയത്തിനു ഹേതുവെന്നു മൂന്നാമതൊരുകൂട്ടർ ചൂണ്ടിക്കാണിക്കുന്നു.

ഇവരെല്ലാവരും പറയുന്നതിൽ കുറെ സത്യമുണ്ടു്. എങ്കിലും ക്രിസ്ത്യാനികളും പ്രത്യേകിച്ചു കത്തോലിക്കരും ഈ അവസരത്തിൽ ഒരാത്മശോധന നടത്തേണ്ടതുണ്ടു്. ദൈവപ്രമാണലംഘനം ഈ സംഭവവികാസത്തിൽ പ്രതിഫലിച്ചിട്ടുണ്ടോ എന്നാണവർ ചിന്തിക്കേണ്ടതു്.

വേദാഗമചരിത്രം പരിശോധിച്ചാൽ കാണാം ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട ജനമായിരുന്ന ഇസ്രായേൽക്കാർ ദൈവപ്രമാണങ്ങൾ ലംഘിച്ച അവസരങ്ങളിലെല്ലാം ദൈവം അവരെ വിജാതികളെക്കൊണ്ടു ശിക്ഷിപ്പിച്ചിട്ടുണ്ടെന്നു്. ദൈവപ്രമാണം ശരിയായി കാക്കപ്പെടാത്ത കത്തോലിക്കാ രാജ്യങ്ങൾ കഠിനമായ കമ്മ്യൂണിസ്റ്റ് മർദ്ദനത്തിനു വിധേയമാകുന്നതു് എന്തുകൊണ്ടാണു് എന്നു മനസ്സിലാക്കുവാൻ അതൊരു വഴിതുറക്കുകയാണു്.

നിങ്ങൾ ആദ്യമായി ദൈവരാജ്യത്തേയും അവിടുത്തെ നീതിയെയും അന്വേഷിക്കുക, ബാക്കിയുള്ളതെല്ലാം നിങ്ങൾക്കു നൽകപ്പെടും, എന്ന നിർദ്ദേശവും വാഗ്ദാനവും ഉണ്ടായിരുന്നിട്ടും ദൈവികകാര്യങ്ങൾക്കു അവ അർഹിക്കുന്ന പ്രഥമസ്ഥാനം കൊടുക്കുന്നവർ എത്രപേരുണ്ടു്? ദൈവം ഉണ്ടെന്നു വായ്കൊണ്ടുപറയുന്നുണ്ടെങ്കിലും ദൈവം എന്നൊരാൾ ഇല്ലായിരുന്നാൽ എന്നവണ്ണമല്ലേ പലപ്പോഴും നാം വർത്തിക്കുന്നതു്? അനശ്വരമായ ഒരാത്മാവിലും അവസാനമില്ലാത്ത സ്വർഗ്ഗനരകങ്ങളിലും വിശ്വസിക്കുന്നെങ്കിലും നമ്മുടെ വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തമെവിടെ? ഈ ചെറിയവരിൽ ഒരാൾക്കു കൊടുത്തപ്പോഴൊക്കെയും തനിക്കുതന്നെയാണു നൽകിയതെന്നു മിശിഹാ അരുളിച്ചെയ്യുന്നുണ്ടെങ്കിലും സഹോദരന്മാരിൽ മിശിഹായെ വിശ്വാസദൃഷ്ട്യാ ദർശിച്ചുകൊണ്ടു അവർക്കു പാടുള്ള സഹായങ്ങൾ ചെയ്യാൻ മുമ്പോട്ടു വരുന്നവർ എത്ര പേരുണ്ടു്? അടുക്കലടുക്കൽ ധാരാളം പള്ളികളും വൈദികരുമുണ്ടെങ്കിലും ആ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിനു വേണ്ടതു ശ്രമിക്കുന്നുണ്ടോ? ലക്ഷക്കണക്കിനു രൂപാ ചെലവഴിച്ചു അനേകം സ്കൂളുകളും കോളേജുകളും നാം നടത്തുന്നുണ്ടെങ്കിലും അവയിൽ വേദപാഠത്തിനു അതർഹിക്കുന്ന പ്രാധാന്യം നൽകുന്നുണ്ടോ?

ഇങ്ങനെ ആലോചിച്ചു നോക്കിയാൽ കേരളത്തിലെ കത്തോലിക്കാസഭ ഫലം തരാത്ത വൃക്ഷം പോലെ ആയിത്തീർന്നിട്ടുണ്ടെന്നു പറയാം. അതുകൊണ്ടാണു് അതിൻെറ ചുവട്ടിനു ഇപ്പോൾ കമ്മ്യൂണിസ്റ്റ് ഗവൺമെൻറാകുന്ന കോടാലിവച്ചിരിക്കുന്നതു്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടു് നല്ലവണ്ണം അനുതപിക്കയും നമ്മുടെ ജീവിതം സുവിശേഷാദർശങ്ങൾക്കു അനുരൂപമാക്കുകയും ചെയ്യുന്നപക്ഷം കരുണയുള്ള ദൈവം ഭയാനകമായ ശിക്ഷയിൽനിന്നു നമ്മെ രക്ഷിക്കുമെന്നു പ്രതീക്ഷിക്കാം. നേരെമറിച്ചു് നാം ഒന്നും അറിഞ്ഞില്ല, കേട്ടില്ല എന്ന മട്ടിൽ ഇപ്പോഴത്തെ രീതിയിൽ മുൻപോട്ടുപോകുകയാണെങ്കിൽ ചൈനയിലേയും യൂറോപ്പിലേയും അനുഭവങ്ങൾ അനതിവിദൂരമായ ഭാവിയിൽ നമുക്കും ഉണ്ടാകാതിരിക്കയില്ല.

ദരിദ്രലക്ഷങ്ങൾ കമ്മ്യൂണിസ്റ്റുകാരുടെ പുറകെ പോകുന്നതു മതത്തെ വെറുത്തിട്ടോ നിരീശ്വരത്വത്തെ സ്നേഹിച്ചിട്ടോ അല്ല; പ്രത്യുത അവശ്യംവേണ്ട അന്നവസ്ത്രാദികൾ ലഭിക്കുമെന്നുള്ള പ്രതീക്ഷയിൽമാത്രമാണു്. കുബേരന്മാർ ഇന്നു ഒളിവിലും ഇരുട്ടത്തും ശല്യംഭയന്നു കമ്മ്യൂണിസ്റ്റ് നേതാക്കന്മാർക്കു കൊടുക്കുന്ന തുക പരസ്യമായും വെട്ടത്തും സാധുക്കൾക്കു ന്യായമായ കൂലിയിനത്തിലോ സൗജന്യമായോ നൽകിയിരുന്നെങ്കിൽ അവർക്കു പുണ്യവുമുണ്ടാകുമായിരുന്നു. കമ്മ്യൂണിസം ഇത്ര ശക്തിപ്പെടുകയുമില്ലായിരുന്നു. ഇനിയെങ്കിലും തങ്ങളുടെ പണം മുഴുവനും സ്വന്തസുഖസൗകര്യാദികൾക്കുമാത്രമാണെന്നു കരുതാതെ സാധുജനസേവനത്തിനായി ഉദാരമായി ചെലവഴിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ശീമമദ്യങ്ങൾക്കും അനാവശ്യവസ്ത്രാഭരണാഡംബരങ്ങൾക്കുമായി ആയിരക്കണക്കിനു ധൂർത്തടിച്ചുകളയുന്ന പണം സാധുസംരക്ഷണാർത്ഥം ചെലവഴിക്കുന്നതിനുള്ള ഒരു നന്മനസ്സ് എന്നു നമ്മുടെ ധനികന്മാർക്കുണ്ടാകുമോ അന്നു കമ്മ്യൂണിസ്റ്റ് ശല്യത്തിൽനിന്നു നാടു മുക്തി പ്രാപിക്കുന്നതാണു്. എന്നാൽ അങ്ങനെ സ്വമനസ്സാ ഒരു ത്യാഗത്തിനു അവർ സന്നദ്ധരാകുന്നില്ലെങ്കിൽ അവരുടെ പണം മാത്രമല്ല അവരുടെ ജീവനെത്തന്നേയും ബലമായി കമ്മ്യൂണിസ്റ്റുകാർ കവർന്നെടുക്കുമെന്നുള്ളതു നിശ്ചയമാണു്. അതോടുകൂടി ആത്മാവു നിത്യമായി നശിച്ചുപോകാൻ ഇടവരാതിരിക്കട്ടെ.

(12-ാം പേജു് തുടർച്ച)

നശിക്കുന്നുണ്ടു്. അതിനെതിരായി സമരം ചെയ്യുവാൻ ഞാൻ തീരുമാനിച്ചുകഴിഞ്ഞു. നീയും എന്നോടുകൂടി ചേരുക. സാക്ഷാൽ സത്യമേതെന്നു് നമുക്കു് അന്വേഷിച്ചു കണ്ടെത്തണം.

ടോമി സമ്മതിച്ചു. ഞങ്ങൾ പരസ്പരം ആശ്ലേഷിച്ചു പിരിഞ്ഞു. ഞാൻ പടിയിറങ്ങിയപ്പോൾ പടിഞ്ഞാറെ ആകാശത്തിൽ ഇൻകവിലാബിൻെറ ചുവപ്പുനെ തേഞ്ഞുമാഞ്ഞുകൊണ്ടിരുന്നു ദുഷിച്ച സാഹിത്യങ്ങൾക്കെതിരായി സമരം ചെയ്തു വിജയിക്കുന്ന ഒരു നല്ലനാളെയെ ഭാവനയിലൂടെ കണ്ടുകൊണ്ടു് ഞാനാ കനിറങ്ങി. ഭാവന യഥാർത്ഥമായിത്തീരും, നിശ്ചയം.

## ഇടവകവാർത്തകൾ

**മുത്തോലി:** അഖിലകേരള കത്തോലിക്കാവിദ്യാർത്ഥി സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ മേയ് 6-ാം തീയതി മുതൽ 10-ാം തീയതിവരെ ഒരു ലീഡർഷിപ്പ് കോഴ്സും മേയ് 10-ാം തീയതി മുതൽ 15-ാം തീയതിവരെ ഒരു സമ്മർക്യാമ്പും, മുത്തോലി സെൻറ് ആൻറണീസ് ഹൈസ്കൂളിൽവച്ചു് നടത്തിയിരിക്കുന്നു. വിദ്യാർത്ഥികൾക്കു് ടി ഹൈസ്കൂളിലും വിദ്യാർത്ഥിനികൾക്കു് സമീപസ്ഥമായ കോൺവെൻറ് ഹൈസ്കൂളിലും താമസസൗകര്യങ്ങൾ ഏർപ്പെടുത്തി. കേരളത്തിലെ പ്രശസ്തരായ പല വിദ്യാഭ്യാസവിശേഷജ്ഞന്മാരും ക്യാമ്പിൽ സംബന്ധിച്ചു് വിദ്യാർത്ഥികൾക്കു നേതൃത്വം നൽകുകയുണ്ടായി.

**ചേർത്തല, മുട്ടം:** മുട്ടത്തുപള്ളി അദ്ധ്യയനമണ്ഡലത്തിൽ ചങ്ങനാശ്ശേരി അദ്ധ്യയനമണ്ഡലം പ്രസിഡൻറ് ശ്രീ കെ ജെ മാത്യു കാവാലം, ദിവ്യബലി, വി. ലിഖിതങ്ങൾ എന്നീ വിഷയങ്ങളെ സംബന്ധിച്ചു് മേയ് 5, 6 (ഞായർ, തിങ്കൾ) എന്നീ ദിവസങ്ങളിൽ മോഡൽക്ലാസുകൾ നടത്തിയിരിക്കുന്നു. ചങ്ങനാശ്ശേരി അദ്ധ്യയനമണ്ഡലം ഡയറക്ടർ റവ ഫാദർ മാത്യു നടയ്ക്കൽ ക്ലാസുകളിൽ സംബന്ധിക്കുകയുണ്ടായി.

**കോഴിക്കോട്:** മലബാർ പ്രദേശത്തെ സ്കൂൾമാനേജർമാർ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചു് കേരളമുഖ്യമന്ത്രി വിദ്യാഭ്യാസമന്ത്രി എന്നിവരെ കണ്ടു് മെമ്മോറാണ്ഡം സമർപ്പിക്കേണ്ടതിനായി ശ്രീ കെ എൻ എസ് നമ്പൂതിരിയുടെ നേതൃത്വത്തിൽ ഒരു നിവേദകസംഘത്തെ തിരുവനന്തപുരത്തേക്കയക്കാൻ ഇവിടെവച്ചു് മേയ് 1-ാം തീയതി കൂടിയ അഖിലമലബാർ സ്കൂൾമാനേജേഴ്സ് അസോസിയേഷൻെറ ഒരു യോഗം തീരുമാനിച്ചിരിക്കുന്നു. കേരളാസ്റ്റേയിററു് അടിസ്ഥാനത്തിൽ മാനേജർമാരുടെ അസോസിയേഷൻ രൂപീകരിച്ചു സംഘടന ശക്തിപ്പെടുത്തേണ്ടതാണെന്നും യോഗം തീരുമാനമെടുത്തിട്ടുണ്ടു്.

**വളമംഗലം:** ഇവിടത്തെ ഫ്രാൻസിസ്കൻമൂന്നാംസഭ, വിൻസെൻറ് ഡി പോൾ കോൺഫറൻസ്, സൊഡാലിററി, തിരുബാലസഖ്യം ഈ സംഘടനകളുടെ വാർഷികയോഗം പള്ളിയങ്കണത്തിൽ റവ ഫാദർ സെബാസ്റ്റ്യൻ സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. മി ആൻറണി തച്ചിൽ ബി എ ബി എൽ, മി ടി ജെ തോമസ മനേക്കുന്നം (വിദ്വാൻ) എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധകലാപരിപാടികളും "നാടിൻെറ രക്തസാക്ഷി" എന്ന നാടകവും ഉണ്ടായിരുന്നു. യോഗത്തിൽ വച്ചു് "ഫാദർ പാമ്പി മെമ്മോറിയൽ വായനശാല" ഉൽഘാടനം ചെയ്യപ്പെട്ടു.

**പാലാ:** പാലാ സെൻറ് ജോസഫ്സ് മിഷൻഹോമിൽനിന്നും വിശാഖപട്ടണം മിഷനിൽ ചേർന്നിരുന്ന നാലുപേർ—റവ ആൻറണി മൂക്കൻതോട്ടം, റവ തോമസ് ആനിക്കാലാ, റവ തോമസ് മണലിൽ, റവ സഖറിയാസ് ഒണ്ണയാത്തുംകുഴി—ഏപ്രിൽ 27-ാം തീയതി മദ്രാസ് പൂനമല്ലി സെമിനാരിയിൽവച്ചു് മദ്രാസ് മെത്രാപ്പോലീത്താ തിരുമനസ്സിൽനിന്നും ഗുരുപ്പട്ടം സ്വീകരിക്കുകയും തദനന്തരം സ്വന്തഇടവകകളിൽ സാഘോഷം പ്രഥമദിവ്യബലിയർപ്പിക്കുകയും ചെയ്തിരിക്കുന്നു. സെൻറ് ജോസഫ്സ് മിഷൻഹോമിൽനിന്നും 50-ൽപ്പരം അർത്ഥികളെ വിശാഖപട്ടണം മിഷനിലേക്കു് പരിശീലിപ്പിച്ചയച്ചിട്ടുണ്ടെന്നുള്ളതു് പ്രസ്താവ്യമാണു്. കൂടാതെ പതിമൂന്നുപേർ മിഷൻഹോമിൽ ഇപ്പോൾ അഭ്യസനം നടത്തിപ്പോരുകയും ചെയ്യുന്നു. ഏതു മിഷനിലേക്കുള്ള അർത്ഥികൾക്കും ജൂൺമാസാരംഭത്തിൽ സെൻറ് ജോസഫ്സ് മിഷൻഹോമിൽ പ്രവേശനം ലഭിക്കുന്നതാണു്.

**ഏററുമാനൂർ:** സ്ഥലം സെൻറ് ജോസഫ്സ് പള്ളിയിലെ പ്രധാനതിരുനാൾ ഈ മാസം 3-ാം തീയതി ആരംഭിച്ചു് 5-ാം തീയതി ഞായറാഴ്ച ആഡംബരസമന്വിതം ആഘോഷിക്കപ്പെട്ടു ശനിയാഴ്ച വൈകുന്നേരം മൂന്നുമണിക്കു് സ്ഥലം സൺഡേസ്കൂൾ, സൊഡാലിററി ഇവയുടെ സംയുക്തവാർഷികം റവ ഫാദർ തോമസ് വെട്ടിമററം ബി എ ബി ടി അവർകളുടെ അദ്ധ്യക്ഷതയിൽ വിവിധകലാപരിപാടികളോടുകൂടി നടത്തുകയുണ്ടായി. ശ്രീ വി കെ കുര്യൻ ബി എസ്സി ബി ടി പ്രസംഗിച്ചു. വേദപാഠത്തിനു് കുട്ടികൾക്കു സമ്മാനം നൽകുകയുണ്ടായി. അതോടനുബന്ധിച്ചു് മാർത്തോമ്മാശ്ലീഹായുടെ ജീവചരിത്രത്തെ അനുസ്മരിച്ചു് "മാർഗ്ഗംകളി" നടത്തുകയുണ്ടായെന്നുള്ളതും പ്രസ്താവയോഗ്യമാണു്.

## ഉപകാരസ്മരണ




ഉദ്ദിഷ്ടകാര്യം സാധിച്ചുതന്നതിനു ഉപകാരസ്മരണ. താമസിച്ചതിനു മാപ്പു്.

V. M. Joseph, Manappuram

**പറവൂർ:** പറവൂർ കോട്ടയ്ക്കാവു പള്ളിയുടെ അധികാരസീമയിൽപ്പെട്ട നീണ്ടൂർ സെൻറ് ജോസഫ്സ് കപ്പേളയുടെ വെഞ്ചരിപ്പ് വെരി റവ ഫാദർ ജോസഫ് വളമംഗലം അവർകളുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു. കപ്പേളയുടെ സ്ഥാപനൗചിത്യത്തേയും ക്രിസ്തീയദേവാലയങ്ങൾ ജനങ്ങൾക്കു നൽകുന്ന അമൂല്യോപകാരങ്ങളേയും മററും പററി അദ്ദേഹം പ്രസംഗിച്ചു. തദനന്തരമുണ്ടായ സ്തപസ്സുകുർബാനയ്ക്കുശേഷം റവ ഫാദർ എ ജെ കരോൻ അവർകൾ വി. യൗസേപ്പ് തൊഴിലാളികളുടെ നേതാവും മദ്ധ്യസ്ഥനും എന്ന വിഷയത്തെപ്പററി പ്രസംഗിച്ചു.

പറവൂർ കോട്ടയ്ക്കാവുപള്ളിയുടെ സഹകരണത്തിലും മെ: ജോസഫ് മഴുവഞ്ചേരി, വക്കി മഴുവഞ്ചേരി, ശ്രീമതി എം ഡി ത്രേസ്യാ എന്നിവരുടെ ശ്രമഫലമായും സ്ഥാപിതമായതാണു് പ്രസ്തുത കപ്പേള.

**പാറന്തൂർ:** സ്ഥലത്തെ വിശുദ്ധ യൗസേപ്പുപിതാവിൻെറ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറയും, വേദോപദേശവിദ്യാലയത്തിൻെറയും വാർഷികസമ്മേളനം മെയ് 4-ാം തീയതി ശനിയാഴ്ച ഉച്ചതിരിഞ്ഞു 5 മണിക്കു പള്ളിയങ്കണത്തിൽ വെച്ചു് റവ. ഫാദർ ജെ. ചെമ്മണ്ണൂർ ബി പിഎച്ച്. ബി. ഡി. ബി എ അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. മി. ജോർജ്ജ് നെല്ലായി പ്രസംഗിച്ചു. മെയ് 5-ാംനു ഞായറാഴ്ച വിശുദ്ധ യൗസേപ്പുപിതാവിൻെറ തിരുനാൾമഹം, റവ. ഫാദർ മാത്യു പാലയൂർ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ ആഘോഷപൂർവ്വം കൊണ്ടാടപ്പെടുകയുണ്ടായി സമ്മേളനാനന്തരം "മഗ്ദലനമറിയം" എന്ന കഥയെ ആസ്പദിച്ചു വിദ്വാൻ എൻ. പി. കുറുപ്പ് ആൻറ് പാർട്ടിയുടെ കഥാപ്രസംഗവും ഉണ്ടായിരുന്നു.

**കോഞ്ഞോർപ്പിള്ളി:** പുത്തമ്പള്ളി പള്ളി ഇടവക പാലത്തിങ്കൽ ശ്രീ വക്കി അവർകളുടെ മകൻ ജോർജ്ജും പറവൂർ കോട്ടയ്ക്കാവുപള്ളി ഇടവക പാറയ്ക്കൽ ശ്രീ ജോസഫ് അവർകളുടെ സഹോദരി കുമാരി മേരിയും തമ്മിലുള്ള വിവാഹം പുത്തമ്പള്ളി പള്ളിയിൽവച്ചു മേയ്മാസം 6-ാംതീയതി തിങ്കളാഴ്ച സമംഗളം നടന്നിരിക്കുന്നു.

—o—

## മിലാനിൽ പൊതുധ്യാനം

അടുത്ത നവമ്പർമാസത്തിൽ മിലാനിൽ ഒരു വമ്പിച്ച പൊതുധ്യാനം നടത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യപ്പെട്ടുവരുന്നു. 40 മെത്രാന്മാരും 1000-ത്തിൽപരം വൈദികരും ചേർന്നാണു് അതു നടത്തുക. കർദ്ദിനാളന്മാരും അതിൽ പങ്കെടുക്കും. മിലാനിലുള്ള എല്ലാ ദേവാലയങ്ങളിലും ഒരേസമയത്താണു് ധ്യാനം. ഈ പരിപാടികൾ വിജയിപ്പിക്കുന്നതിനു 450 അൽമായപ്രവർത്തകരെക്കൂടി തിരിഞ്ഞെടുത്തു പരിശീലിപ്പിച്ചുവരുന്നു. ഇപ്പോൾ അവരുടെ പരിശീലനം നടന്നുകൊണ്ടിരിക്കുകയാണു്. ദൈവശാസ്ത്രത്തിലും പ്രസംഗകലയിലും അവരെ പഠിപ്പിച്ചു മിലാനിൻെറ നാനാഭാഗങ്ങളിലും പ്രചാരണപ്രസംഗങ്ങൾ നടത്തുന്നതിനു നിയോഗിക്കുന്നതായിരിക്കും. കർദ്ദിനാൾ ഫെർക്കാറോ, കർദ്ദിനാൾ ഡിറി മുതലായ പ്രസിദ്ധ പ്രസംഗകരാണു് അവർക്കു പരിശീലനം നൽകുന്നതു്.



വിമർശനപംക്തി

# മാർപ്പാപ്പാമാരെപ്പററി

(തുടർച്ച)

ചോദ്യം 8- "പതിനൊന്നാം സ്റ്റീഫൻ പാപ്പായുടെ ശരീരത്തോടു് ഫോർമാസസ് പാപ്പാ ചെയ്തതും, ഫോർമാസസ് പാപ്പായുടെ ശരീരത്തോടു് സ്റ്റീഫൻ ഏഴാമൻ പാപ്പാ ചെയ്തതും എന്തു്?"

"രക്ഷയ്ക്കുവേണ്ടി റോമാസഭയിൽ ചേരേണമൊ"യെന്ന പ്രശ്നത്തിനു് സമാധാനമായി നിഗമനങ്ങൾ തേടി അലയുന്ന ശ്രീ വി. എം. മാത്യു (ആനിക്കാട്ടു്) വിൻെറ ഈ ചോദ്യം, കേൾവിക്കാരുടെ ഹാസ്യരസികാൾക്കന്വേഷം നൽകുന്നതിനു പര്യാപ്തമാണു്. എന്നാൽ ചോദ്യകർത്താവിൻെറയും അതേ ചിത്തവൃത്തിയോടുകൂടിയവരുടെയും സ്ഥിതി എത്ര ദയനീയമാണെന്നുകൂടി ആ ചോദ്യം തെളിയിക്കുന്നുണ്ടു്. സത്യത്തെ അന്വേഷിക്കുകയല്ലാ, സത്യത്തിനു മുൻപിൽ മറപിടിച്ചു സത്യം ഇല്ലാതാക്കാമോയെന്നു പരീക്ഷിക്കുകയാണു് അവർ ചെയ്യുന്നതു്. "പതിനൊന്നാം സ്റ്റീഫൻ പാപ്പായുടെ ശരീരത്തോടു് ഫോർമാസസ് പാപ്പാ എന്തുചെയ്തു" എന്നാണു് അദ്ദേഹം ചോദിക്കുന്നതു്? ഞങ്ങൾക്കെന്നല്ലാ ലോകത്തിൽ ആർക്കും ആ ചോദ്യത്തിനു് മറുപടി പറയുക സാദ്ധ്യമല്ലാ. കാരണം ഒരു പതിനൊന്നാം സ്റ്റീഫൻ പാപ്പാ ഇതേവരെ ഉണ്ടായിട്ടില്ലാ. സ്റ്റീഫൻ എന്നു പേരുള്ള പത്തു പാപ്പാമാർ മാത്രമേ ഉണ്ടായിരിക്കുന്നുള്ളു. പത്താം സ്റ്റീഫൻ പാപ്പാ 1057 മുതൽ 1058 വരെയാണു തിരുസഭയെ ഭരിച്ചിരുന്നതു്. ഫോർമാസസ് പാപ്പായാകട്ടെ 891 മുതൽ 896 വരെയും.

ചോദ്യത്തിൻെറ രണ്ടാംഭാഗം ഫോർമോസസ് പാപ്പായുടെ ശരീരത്തോടു് സ്റ്റീഫൻ ഏഴാമൻ പാപ്പാ ചെയ്തതെന്താണെന്നാണല്ലോ. അതു പറയാം. ഫോർമാസസ് മഹാപണ്ഡിതനും ഭരണകാര്യങ്ങളിൽ വിദഗ്ദ്ധനുമായ ഒരു മാർപ്പാപ്പായായിരുന്നു. പക്ഷേ വളരെ കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയ പരിതസ്ഥിതികളോടുകൂടിയ ഒരു കാലഘട്ടത്തിലാണു് അദ്ദേഹം ജീവിച്ചിരുന്നതു്. അദ്ദേഹം പാപ്പായാകുന്നതിനു വളരെ മുൻപു്, അന്നത്തെ പാപ്പായുടെ അതൃപ്തിയെ ഭയന്നു്, സ്വന്തമെത്രാസനം വിട്ടു ഫ്റാൻസിലേക്കു് ഓടിപ്പോയി. അന്നത്തെ മാർപ്പാപ്പായാകട്ടെ മഹറോൻ ശിക്ഷയിൻ കീഴിൽ അദ്ദേഹത്തോടു തിരിച്ചുവരുവാൻ ആവശ്യപ്പെട്ടു. അങ്ങനെ മഹറോൻശിക്ഷയിലായി. പിന്നീടു മാരിനൂസ് മാർപ്പാപ്പാ (882-884) അദ്ദേഹത്തിൻെറ മുടക്കു തീർക്കുകയും റോമിൽ വരുത്തുകയും ചെയ്തു. 891-ൽ ഫൊർമാസസ് പാപ്പാസ്ഥാനത്തേക്കു എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

അദ്ദേഹത്തിൻെറ ഭരണം ശ്രേയസ്കരവും സമാധാനപൂർവ്വകവുമായിരുന്നു. എന്നാൽ നയതന്ത്രപരമായ ഒരബദ്ധം അദ്ദേഹം ചെയ്തുവെന്നു സമ്മതിക്കണം. കരിന്ത്യാരാജാവായ ആർനൾഫ് ഇററലി ആക്രമിക്കുകയും, അവിടത്തെ ഭരണാധികാരിയായ ലാംബർട്ടിനെയും മാതാവായ ഏജൽ ട്രൂഡായെയും തോല്പിക്കുകയും ചെയ്തു. ഫൊർമാസസ് മാർപ്പാപ്പാ ആർനൾഫിനെ 896-ൽ ചക്രവർത്തിയായി കിരീടധാരണം ചെയ്തു. അധികം കഴിയുന്നതിനു മുൻപു് ആർനൾഫും ഫൊർമാസസും നിര്യാതരായി. ആർനൾഫ് നിര്യാതനായ ഉടനെ ലാംബർട്ടു് തൻെറ രാജസ്ഥാനം തിരിച്ചെടുത്തു.

ഫൊർമസസിനെതുടർന്നു മാർപ്പാപ്പായായ ആളാണു് സ്റ്റീഫൻ ഏഴാമൻ (896-7). ഫൊർമാസസ് ശരിയായ പാപ്പാ അല്ലെന്നായിരുന്നു സ്റ്റീഫൻെറ ധാരണ. സ്വതേ ദുർബ്ബലനായിരുന്ന സ്റ്റീഫൻ ലാംബർട്ടിൻെറ ഭീഷണിക്കു വിധേയനുമായിരുന്നു. എതിരാളിയെ കിരീടധാരണം ചെയ്ത ഫൊർമാസസിനോടു പ്രതികാരം ചെയ്യുവാൻ ബദ്ധകച്ചരായിരുന്നു ലാംബർട്ടും അദ്ദേഹത്തിൻെറ മാതാവായ ഏജൽ ട്രൂഡായും. അവരുടെ നിർബന്ധത്തിനു വിധേയനായി ഏഴാം സ്റ്റീഫൻ ഫൊർമാസസിൻെറ ശവം മാന്തി എടുപ്പിക്കുകയും, ഒരു കസേരയിലിരുത്തി കേസു വിസ്തരിക്കുകയും ചെയ്തു. മെത്രാൻസ്ഥാനത്തുനിന്നു നീക്കപ്പെട്ടിരുന്ന കാലത്തു് മെത്രാൻെറ ചുമതലകൾ നിർവ്വഹിച്ചു എന്ന കുററം അദ്ദേഹത്തിൻെറമേൽ ചുമത്തി. പാപ്പാസ്ഥാനത്തിരുന്നു ചെയ്ത കാര്യങ്ങളെപ്പററിയല്ലായിരുന്നു വിസ്താരം. അങ്ങനെ അദ്ദേഹം കുററക്കാരനെന്നു വിധിക്കുകയും, സ്ഥാനവസ്ത്രങ്ങൾ എടുത്തുമാററുകയും, വലത്തുകൈയിലെ രണ്ടു വിരലുകൾ മുറിക്കുകയും ചെയ്തശേഷം ശവം ടൈബർനദിയിൽ എറിഞ്ഞുകളഞ്ഞു.

രാജാവിൻെറ നിർബന്ധത്തിനു വിധേയനായിട്ടാണെങ്കിലും ഏഴാം സ്റ്റീഫൻ ചെയ്തതു് ഒരു നികൃഷ്ടമായ പ്രവൃത്തിയായിപ്പോയി എന്നു് ഇന്നു നമുക്കു പറയാതെ നിവൃത്തിയില്ല. പക്ഷേ ഞങ്ങൾ ആദ്യം പറഞ്ഞതുപോലെ ഇൗവക സംഗതികളെ വിധിക്കേണ്ടതു് ഇന്നത്തെ മാനദണ്ഡംവച്ചല്ല, പ്രത്യുത അവർ ജീവിച്ചിരുന്ന കാലത്തെ മാനദണ്ഡംവച്ചാണു് അളക്കേണ്ടതു്. ഇത്തരം ശിക്ഷാസമ്പ്രദായം നികൃഷ്ടമോ ക്രൂരമോ ആയി അന്നു പരിഗണിക്കപ്പെട്ടിരുന്നില്ല. ഏഴാംസ്റ്റീഫൻെറ പ്രവൃത്തി അദ്ദേഹത്തിൻെറ പരമാധികാരത്തെയോ അപ്രമാദിത്വത്തെയോ ബാധിക്കുന്ന ഒന്നല്ലാ. അദ്ദേഹം സാർവ്വത്രികസഭയെ തെററു പഠിപ്പിച്ചതായോ പരമാധികാരം നഷ്ടപ്പെടുത്തിയതായോ ഇതിൽനിന്നു തെളിയുന്നില്ല.

ഈ സംഭവം നടന്നു അധികം കഴിയുന്നതിനു മുൻപു് 7 ാം സ്റ്റീഫൻ നിര്യാതനായി. ടൈബർനദിയിൽ എറിയപ്പെട്ട ഫൊർമാസസിൻെറ ശരീരം ഒരു സന്യാസി കണ്ടെടുത്തു് ഭദ്രമായി സംസ്കരിച്ചിരുന്നു. ഏഴാം സ്റ്റീഫൻെറ പിൻഗാമിയായ രണ്ടാം തിയൊഡോർ മാർപ്പാപ്പാ ആ ശരീരം അവിടെനിന്നെടുത്തു് വളരെ ആഘോഷമായി സെൻറു് പീറേറഴ്സ് ദേവാലയത്തിൽ സംസ്കരിക്കുകയുണ്ടായി.

ചോദ്യം 9- "വലിയ ബ്രഹ്മാണ്ഡപുസ്തകങ്ങൾ നിർമ്മിക്കുന്ന റോമാസഭ പാപ്പാമാരുടെ ജീവചരിത്രം, 20 സൂനഹദോസിൻെറ കാര്യകാരണങ്ങൾ, ഉദയംപേരൂർ സൂനഹദോസു് നിശ്ചയങ്ങൾ, ഇവ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തി സാധാരണക്കാരായ കത്തോലിക്കർക്കു് വായിക്കുവാൻ അനുവദിക്കാത്തതിൻെറ കാരണം എന്തു്?"

ബാലിശവും അന്തസ്സാരശൂന്യവുമായ ഒരു ചോദ്യമാണിതു്. സാധാരണക്കാരായ കത്തോലിക്കരുടെ നാമത്തിൽ ചോദ്യകർത്താവു് ഇങ്ങനെ മുതലക്കണ്ണുനീർ ഒഴുക്കുന്നതിൻെറ ഉദ്ദേശ്യം എന്തെന്നു വ്യക്തമല്ല. മലയാളത്തിൽ പ്രസിദ്ധപ്പെടുത്തി സാധാരണക്കാരായ കത്തോലിക്കർക്കു വായിക്കാൻ അനുവദിക്കാത്തതിൻെറ കാരണം എന്തെന്നാണു ഞങ്ങളും ചോദിക്കുന്നതു്? ലോകത്തിൽ ആകെയുള്ള 249.30 കോടി ജനങ്ങളിൽ മലയാളഭാഷ സംസാരിക്കുന്നവർ ഒന്നരക്കോടിയിൽ താഴെയാണു്. ലോകത്തിൽ ആകെയുള്ള 4696 ലക്ഷം കത്തോലിക്കരിൽ മലയാളം അറിയാവുന്നവർ 20 ലക്ഷം മാത്രമാണു്. ഈ വസ്തുതകൾ മുൻപിൽ വെച്ചുകൊണ്ടുവേണം മി. വി. എം. മാത്യുവിൻെറ ഈ ചോദ്യത്തെപ്പററി ചർച്ച ചെയ്യുവാൻ.

ഈ ചോദ്യംകൊണ്ടു് അദ്ദേഹം ഉദ്ദേശിക്കുന്നതെന്താണു്? (1) പാപ്പാമാരുടേയും സൂനഹദോസുകളുടേയും ചരിത്രം കത്തോലിക്കാസഭയ്ക്കു് അനുകൂലമല്ലാത്തതുകൊണ്ടാണു് കത്തോലിക്കർ അതു മലയാളത്തിൽ പ്രസിദ്ധപ്പെടുത്താത്തതു്; (2) കത്തോലിക്കർ അതു മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നെങ്കിൽ ഇന്നത്തെ സാധാരണകത്തോലിക്കർ കത്തോലിക്കരായി തുടരുകയില്ലായിരുന്നു; എന്നിവയിലേതെങ്കിലും ഉന്നംവച്ചുകൊണ്ടായിരിക്കണമല്ലോ അദ്ദേഹം ഈ ചോദ്യം ഞങ്ങളോടു ചോദിച്ചിരിക്കുന്നതു്. ഗ്രാമപ്രദേശങ്ങളിലെ അത്രതന്നെ അഭ്യസ്തവിദ്യരല്ലാത്ത ചില സാധു കത്തോലിക്കരെ മിരട്ടുവാനും പൊങ്ങച്ചം നടിക്കുവാനും മുൻപു ചില പ്രോട്ടസ്റ്റൻറു് ഉപദേശിമാർ അവലംബിച്ചിരുന്ന ഒരു അടവാണിതു്. പക്ഷേ അതു ഇപ്പോൾ വിലപ്പോകാത്ത ഒരു വ്യാജച്ചരക്കാണെന്നുള്ള വസ്തുത ചോദ്യകർത്താവു് ഇനിയും മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു.

ലോകത്തിലെ ജനങ്ങളിൽ 20 കോടി ഇംഗ്ലീഷ്ഭാഷയും 10 കോടി ജർമ്മൻഭാഷയും 10 കോടി സ്പാനിഷ്ഭാഷയും $7\frac{1}{2}$ കോടി ഫ്റഞ്ചുഭാഷയും മാതൃഭാഷയായിട്ടുള്ളവരാണു്; വേറെ അത്രയുംതന്നെ ജനങ്ങൾക്കു ആ ഭാഷകൾ എഴുതുവാനും വായിക്കുവാനും നിശ്ചയമുണ്ടു്. അതായതു് ഏതാണ്ടു് 100 കോടി ജനങ്ങൾ ഈ നാലു ഭാഷകളിൽ ഏതെങ്കിലും വശമുള്ളവരാണു്. ലോകത്തിലെ കത്തോലിക്കരിൽ മഹാഭൂരിപക്ഷവും ഈ നാലുഭാഷകളിൽ ഏതെങ്കിലും അറിയാവുന്നവരാണു്. പാപ്പാമാരുടെ ജീവചരിത്രവും 20 സൂനഹദോസുകളുടെ ചരിത്രവും ഈ ഭാഷകളിൽ വളരെ വിസ്തരിച്ചു പ്രസിദ്ധംചെയ്തിട്ടുണ്ടു്. എന്നിട്ടും അവിടങ്ങളിലെ സാധാരണക്കാരായ കത്തോലിക്കർ ഇന്നും കത്തോലിക്കരായിത്തന്നെ കഴിയുന്നു. മാത്രമല്ല അസാധാരണക്കാരായ പല അകത്തോലിക്കരും കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെയ്യുന്നു. ലോകമെന്നു പറയുന്നതു് ആനിക്കാട്ടും പരിസരവും മാത്രമല്ലെന്നു ചോദ്യകർത്താവു ധരിച്ചിരുന്നുവെങ്കിൽ ഇത്തരം അർത്ഥശൂന്യമായ ഒരു ചോദ്യം ഉന്നയിക്കയില്ലായിരുന്നു.

റോട്ടൻബർഗ്ഗിലെ മെത്രാനായിരുന്ന ബിഷപ്പു് കാറൾ ജോസഫ് വോൺ ഹെഫേലെ (1809-1893) എഴുതിയിട്ടുള്ള സൂനഹദോസുകളുടെ ചരിത്രത്തെപ്പററി ചോദ്യകർത്താവു കേട്ടിരിക്കയില്ല. ഭീമാകാരങ്ങളായ 9 വാല്യങ്ങളാണു് അദ്ദേഹം പ്രസിദ്ധപ്പെടുത്തിയതു്. തെന്ത്രോസ് സൂനഹദോസ് വരെയുള്ള എല്ലാ സൂനഹദോസുകളുടേയും (പ്രാദേശികസൂനഹദോസുകളുടെപോലും) ചരിത്രം ആ തടിയൻപുസ്തകങ്ങളിലുണ്ടു്. സൂനഹദോസുകളെപ്പററി ഇത്ര വിശാലസ്യവും പൂർണ്ണവുമായ ഒരു ചരിത്രം വേറെ ഉണ്ടായിട്ടില്ലെന്നു പണ്ഡിതസമ്മതമാണു്. ജർമ്മൻഭാഷയിൽ എഴുതപ്പെട്ട ആ ഗ്രന്ഥം ഇംഗ്ലീഷിലേക്കു തർജ്ജമചെയ്യപ്പെട്ടിട്ടുണ്ടു്. അതുപോലെതന്നെയാണു് ലുഡ്‌വിക് പാസ്റ്റർ എന്ന കത്തോലിക്കാപണ്ഡിതൻെറ പാപ്പാമാരുടെ ജീവചരിത്രവും. ആ ഗ്രന്ഥപരമ്പരയിൽ മാർപ്പാപ്പാമാരുടെ ജീവചരിത്രം സമ്പൂർണ്ണമായ രീതിയിൽ പ്രതിപാദിച്ചിരിക്കുന്നു. ഓരോ മാർപ്പാപ്പായെപ്പററിയും എതിരാളികൾ പറഞ്ഞിട്ടുള്ള എല്ലാ ആക്ഷേപങ്ങളും ഈ ഗ്രന്ഥത്തിൽ അദ്ദേഹം ചർച്ച ചെയ്യുന്നുണ്ടു്. ഈ ഗ്രന്ഥപരമ്പരയും ഇംഗ്ലീഷിലേക്കു തർജ്ജമചെയ്തിട്ടുണ്ടു്. പ്രധാന യൂറോപ്യൻഭാഷകളിലുള്ള കാത്തലിക് എൻസൈക്ലോപീഡിയാകളിലും ഈ വിഷയങ്ങൾ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. ഇംഗ്ലീഷറിയാവുന്ന മലയാളികൾക്കു് ഈ പുസ്തകങ്ങൾ വാങ്ങാൻ കിട്ടുന്നതും വായിക്കാവുന്നതുമാണു്.

ആകയാൽ ഇവ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽതന്നെ വലിയ അപകടമൊന്നും വരാനില്ല. വളരെ വിസ്തരിച്ചല്ലെങ്കിലും ഒരു "പാപ്പാമാരുടെ ചരിത്രം" ശ്രീ വി. സി. ജോർജ് ബി. എ എൽ. ടി. ഏറെനാൾ മുൻപുതന്നെ പ്രസിദ്ധംചെയ്തിട്ടുണ്ടു്. കുറേനാൾമുൻപു സത്യദീപപംക്തിയിലും മദ്ധ്യശതകങ്ങൾവരെയുള്ള പാപ്പാമാരുടെ ചരിത്രം ഖണ്ഡശഃ പ്രസിദ്ധംചെയ്തിരുന്നു. സൂനഹദോസുകളുടെ ചരിത്രസം

## റബർതൈകൾ

റബർബോർഡിൽനിന്നും നിർദ്ദേശിച്ചിരിക്കുന്ന ഇനം T. J. R. I. ക്ലോണൽ തൈകൾ കുറഞ്ഞ വിലയ്ക്കു എൻെറ വക മലങ്കരയുള്ള എസ്റ്റേററിൽ വില്പനയ്ക്കു തയ്യാറുണ്ടു്. ബഡ് ചെയ്യാനും സൗകര്യമുണ്ടു്.

തോമസ് മാത്യു കദളിക്കാട്ടിൽ
ഏഴാച്ചേരി, പാലാ.


* കല്യാണപ്പന്തലിൻെറ അഴകും ആഭയും വർദ്ധിപ്പിക്കാൻ

* പട്ടുചേലകളുടേയും കസവുകവണികളുടേയും മറെറല്ലാ തുണിത്തരങ്ങളുടേയും ഒരു നീണ്ട ഘോഷയാത്ര !

എവിടെ ?

ഫാഷൻ ഫാബ്രിക്സ്,

മൻസിപ്പൽ ഓഫീസ് റോഡ്, തൃശ്ശൂർ

കൂടുതൽ സൗകര്യാർത്ഥം തുറന്നിരിക്കുന്ന

പുതിയ ഷോറൂം സന്ദർശിക്കുക!

* നിങ്ങളുടെ സംതൃപ്തിയാണു് ഞങ്ങളുടെ സംതൃപ്തി—

* പേഴ്സിനും പേഴ്സനാലിററിക്കും പററിയ ഒരേ ഒരു സ്ഥാപനം—

ഫാഷൻ ഫാബ്രിക്സ്,

തൃശ്ശൂർ




ഗ്രഹം കമ്മലകുസുമം ഗ്രന്ഥാവലിയിൽ ഒരു സമ്പുടമായി പ്രസിദ്ധംചെയ്തിരുന്നു. ഇവ വളരെ വിസ്തരിച്ചല്ലെന്നു സമ്മതിക്കാം. ഇനി വിസ്തരിച്ചുതന്നെ വേണമെന്നാണു് ശ്രീ മാത്യുവിനു നിർബന്ധമെങ്കിൽ, അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നു ജോലി അദ്ദേഹം ഏറെറടുക്കുമെങ്കിൽ, അവ എഴുതിക്കൊടുക്കുവാൻ ഇതെഴുതുന്നയാൾ തയാറാണു്. കത്തോലിക്കർ വലിയ ബ്രഹ്മാണ്ഡപുസ്തകങ്ങൾ നിർമ്മിക്കുന്നവരാണെന്നു പറയുന്നതിനു് അർത്ഥമില്ല. അച്ചടിച്ചാൽ ചെലവാകുന്ന പുസ്തകമേ ഏതു പ്രസാധകനും അച്ചടിപ്പിക്കുകയുള്ളു. പാപ്പാമാരുടെ ജീവചരിത്രവും സൂനഹദോസുകളുടെ ചരിത്രവും വായിക്കാൻ മോഹിച്ചിരിക്കുന്ന, ഇംഗ്ലീഷറിഞ്ഞുകൂടാത്ത മലയാളികൾ പരിമിതരായിരിക്കുമെന്നുള്ളതുകൊണ്ടാണു് അവ എഴുതുന്ന ക്ലേശകരമായ ജോലിയിൽ ആരും വ്യാപൃതരാകാത്തതു്.

ഇനി "ഉദയംപേരൂർ സൂനഹദോസിൻെറ നിശ്ചയങ്ങൾ മലയാളത്തിൽ പ്രസിദ്ധപ്പെടുത്താത്തതെന്തുകൊണ്ടു്" എന്നു മി. മാത്യു ചോദിക്കുന്നു. അവ പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യമില്ലാത്തതുകൊണ്ടുതന്നെയാണു പ്രസിദ്ധപ്പെടുത്താത്തതു്. ഉദയംപേരൂരിൽ ഒരു പ്രാദേശികസൂനഹദോസുകൂടി ഏതാനും നിശ്ചയങ്ങൾ ചെയ്തുവെന്നതു ശരിതന്നെ. ആ സൂനഹദോസ്സ് നിശ്ചയങ്ങളെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അംഗീകരിച്ചിട്ടില്ല. അങ്ങനെ അംഗീകരിക്കാത്തകാലത്തോളം ആ നിശ്ചയങ്ങൾക്കു നിയമസാധുതയില്ലാത്തതും കത്തോലിക്കരെ ബാധിക്കുന്നതല്ലാത്തതുമാകുന്നു. അങ്ങനെയുള്ള കുറെ നിശ്ചയങ്ങൾ അച്ചടിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഇല്ലല്ലോ. അടുത്ത അവസരത്തിൽ ബാംഗളൂരിൽ ഒരു പ്രാദേശികസൂനഹദോസുകൂടി. അതിൻെറ നിശ്ചയങ്ങളെ മാർപ്പാപ്പാ തിരുമേനി അംഗീകരിക്കുകയാൽ അവ ഔദ്യോഗികമായി പ്രസിദ്ധംചെയ്തിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ സ്മർത്തവ്യമാണു്.

ഉദയംപേരൂർ സൂനഹദോസ് നിശ്ചയങ്ങൾക്കു ചരിത്രപരമായ ഒരു മൂല്യംമാത്രമേയുള്ളു. ഏതൊരു ചരിത്രകാരനും അതു അച്ചടിച്ചു പ്രസിദ്ധംചെയ്യാം. ശ്രീ വി. എം. മാത്യുവിനുതന്നെ അതു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്താവുന്നതാണു്. പക്ഷെ ഈ നിശ്ചയങ്ങൾ യഥാരൂപം എവിടെ കിട്ടും? ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകൾ എന്ന പേരിൽ മലയാളത്തിൽ ചില കൈയെഴുത്തുപ്രതികൾ പ്രചരിക്കുന്നുണ്ടു്. ഇവ സാക്ഷാൽ നിശ്ചയങ്ങൾ തന്നെയാണോ? ഉദയംപേരൂർ സൂനഹദോസിൻെറ നിശ്ചയങ്ങളുടെ മൂലം മലയാളമായിരുന്നോ? മലയാളമല്ലായിരുന്നെങ്കിൽ ആരാണു് മലയാളത്തിലേക്കു തർജ്ജമ ചെയ്തതു്? തർജ്ജമ ശരിയായിരുന്നുവെന്നതിനു തെളിവെന്താണു്? കൈയെഴുത്തുപ്രതികൾ പലതും പലതരത്തിലാണല്ലോ. ഇതിൽ ശരിയായ പ്രതി ഏതാണു്? ഇത്തരം അനേകം കുഴഞ്ഞപ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കിയിട്ടുമാത്രമേ ഒരു ചരിത്രകാരനു് അതിനെ സ്പർശിക്കുവാൻ ധൈര്യം വരികയുള്ളു. (തിരുവല്ലായിലെ ഒരു പ്രസാധകൻ കൈയിൽ കിട്ടിയ ഒരു കൈയെഴുത്തുപ്രതി അതേവിധം അച്ചടിച്ചിട്ടുണ്ടെന്ന വസ്തുത ഓർത്തുകൊണ്ടുതന്നെയാണു് ഇതെഴുതുന്നതു്,

(തുടരും)

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

T. J. Koshy

# ചെറുകഥ

## നെടുവീർപ്പുകൾ

(പൊൻകുന്നം തോമസ്)

(തുടർച്ച)

അടുത്തുള്ള പുന്നൻമുതലാളിയുടെ വീട്ടിൽ അമ്മിണിക്കു സ്ഥിരമായ ഒരു ജോലികിട്ടി; അയാളുടെ അടുക്കളവേലക്കാരിയായി. പുതിയ ചട്ടയും തുണിയും നേര്യതുമൊക്കെ അവൾക്കു അവിടെനിന്നും ലഭിച്ചു. തനിക്കു ഒത്തിണങ്ങിയ ഒരു ജോലി ലഭിച്ചതിൽ അമ്മിണിയും, പാകതയും ചുറുചുറുക്കുമുള്ള ഒരു വേലക്കാരിയെ ലഭിച്ചതിൽ ഗൃഹനായിക കുഞ്ഞന്നാമ്മയും വളരെ സന്തോഷിച്ചു.

പുതിയതായി കിട്ടിയ തുണിയുമുടുത്തു്, ചട്ടയുമിട്ടു്, നേര്യതും പുതച്ചു് പള്ളിയിലേക്കു പോയ അമ്മിണിയെ യാദൃച്ഛികമായി പള്ളിനടയിൽവച്ചു കണ്ടു മുട്ടിയ കറമ്പിയേലി നീട്ടിയൊരു തുപ്പു കൊടുക്കുകയും, കൂട്ടത്തിൽ നിന്നവരോടു് എന്തോ മന്ത്രിക്കുകയും ചെയ്തെങ്കിലും അവളതു ശ്രദ്ധിക്കാനേ പോയില്ല.

നേരം വെളുത്തു് അന്തിയാകുംവരെ അമ്മിണിക്കവിടെ ജോലിയുണ്ടു്. പാത്രം കഴുകാനും, മുററമടിക്കാനും, പശുവിനെ കെട്ടാനും, പിള്ളേരെ കുളിപ്പിക്കാനും, അരിവയ്ക്കാനും, വിരുന്നൊരുക്കാനും.... അങ്ങനെയൊരു നൂറുകൂട്ടം ജോലികൾ. അവയെല്ലാം അവൾ വേണ്ടതുപോലെ ചെയ്തുതീർക്കുന്നതിലും വൃത്തിയായി പെരുമാറുന്നതിലും കുഞ്ഞന്നാമ്മയ്ക്കു വളരെ ഇഷ്ടമായി. അവർ അമ്മിണിയെ ഒരു ജോലിക്കും നിർബന്ധിക്കാറില്ല. അവൾ എല്ലാം വേണ്ടതുപോലെ അറിഞ്ഞു ചെയ്തുതീർക്കുമെന്നു് അവർക്കു വിശ്വാസമുണ്ടു്. അമ്മിണിയുടെ കൈച്ചുറുക്കിനെപ്പററി അവർ തൻെറ ഭർത്താവിനോടു പറയാറുമുണ്ടു്.

അവളെന്നും സന്ധ്യയാകുമ്പോൾതന്നെ തിരിച്ചു വീട്ടിലേക്കു പോകും. കുഞ്ഞന്നമ്മ അവൾക്കു ഉച്ചയ്ക്കുണ്ണാൻ കൊടുക്കുന്ന ചോറും കറികളും ഉണ്ണാതെ, അതു പൊതിഞ്ഞുകെട്ടി വിശന്നിരിക്കുന്ന മാത്തൻചേട്ടനു കൊടുക്കും. അവർ രണ്ടുപേരുംകൂടി അതു് അത്താഴമായി കഴിക്കുകയും ചെയ്യും. അവൾ തൻെറ കീറപ്പായിൽ എത്രനേരം ഉറങ്ങാതങ്ങനെ കിടക്കുമെന്നു് അവൾക്കുതന്നെ നിശ്ചയമില്ല. ഓരോ ചിന്തകളും വികാരങ്ങളും ഭാവിയുടെ കിനാവുകളും അവളെ അലട്ടിക്കൊണ്ടിരിക്കും. തൻെറ അമ്മയുണ്ടായിരുന്നെങ്കിൽ ഇത്രമാത്രം അലഞ്ഞുജീവിക്കേണ്ടിവരികയില്ലെന്നു് അവൾ പലപ്പോഴും ഓർക്കാറുണ്ടു്. അങ്ങനെ അവസാനം പാതിരാവോടടുക്കുമ്പോൾ ആ കന്യക ഏതാനും വാടിയ ചിന്തകളോടും ഓർമ്മകളോടുംകൂടി നിദ്രയിൽ ലയിക്കും.

അന്നു് ഒരു ശനിയാഴ്ച ദിവസമായിരുന്നു വസന്തകാലത്തിൻെറ പുതുഭംഗിയിൽ ഗ്രാമങ്ങളും പൂവനികളും അത്യന്തം രമണീയമായി തോന്നിച്ചിരുന്നു. അമ്മിണിക്കന്നല്പം താമസിച്ചേ വീട്ടിലേക്കു പോരുവാൻ സാധിച്ചുള്ളു. അവൾക്കു ഒരുപിടി ജോലിയുണ്ടായിരുന്നു. പുന്നൻമുതലാളിയുടെ വീട്ടിൽ ചെയ്തുതീർക്കാൻ. അടുത്ത തിങ്കളാഴ്ച അയാളുടെ മൂത്തമകൾ ഗ്രേസിയുടെ കൂടിക്കാഴ്ച ദിവസമാണു്. അന്നേതോ ആൾക്കാർ ആ കല്യാണം നിശ്ചയിക്കാനും, പെണ്ണുകാണാനും മററുമായി അവിടെ വരുമത്രെ. എല്ലാം "എടാപിടീന്നു്" ഒത്തുകൂടിയതാണു്. അവരെ സ്വീകരിക്കാനും, മാനമായി സൽക്കരിക്കാനുമൊക്കെ പലതും പെട്ടെന്നു് ഒരുക്കേണ്ടതായിട്ടുണ്ടു്. പലതരം പലഹാരങ്ങളും, അച്ചാറുകളും, കറികളും മററും ശരിപ്പെടുത്തണം. അതിനെല്ലാം അമ്മിണിയുടെ കൈച്ചുറുക്കു് കുഞ്ഞന്നാമ്മയ്ക്കു് കൂടിയേ പററൂ. രണ്ടുദിവസത്തേക്കു വീട്ടിലേക്കു പോകണ്ടെന്നുപോലും അവർ അവളെ നിർബന്ധിച്ചു. എങ്കിലും ഏകനായി കുടിലിൽ കഴിയുന്ന തൻെറ അപ്പനെയോർത്തു് അവൾ ഇങ്ങു പോന്നെന്നുമാത്രം.

"അമ്മിണീ"...ഇറയത്തുനിന്നും അവളുടെ കാൽപെരുമാററംകേട്ടു്, മുറിക്കുള്ളിലെ കട്ടിലിൽ അലസനായി എന്തോ ചിന്തിച്ചുകൊണ്ടു കിടന്ന മാത്തൻചേട്ടൻ വിളിച്ചു. അയാളുടെ സ്വരത്തിനു് അല്പം കനം കൂടിയിരിക്കുന്നതുപോലെ അവൾക്കു് തോന്നി.

"എന്തോ?" അമ്മിണി അകത്തേക്കു കയറിച്ചെന്നു. അല്പം താമസിച്ചതുകൊണ്ടു് അപ്പനെന്തു പറയുമെന്നുള്ളഭയം അവളുടെ ഹൃദയത്തുടിപ്പുകൾക്കു വേഗതകൂട്ടി. അയാളുടെ സ്വഭാവം അവൾക്കു നല്ലതുപോലെ അറിയാം- "പീടമാത്ത"നായി ജീവിച്ചിരുന്ന ഭൂതകാലചരിത്രവും...എങ്കിലും തെല്ലും പരിഭ്രമം കാണിക്കാതെ അവൾ വിളക്കുകത്തിച്ചു. അതിൻെറ പ്രകാശത്തിൽ, വിയപ്പും ചാരവും പററിയ അമ്മിണിയുടെ വാടിയ മുഖം മാത്തൻചേട്ടൻ വ്യക്തമായി കണ്ടു. അതു നിഷ്കളങ്കമായിരുന്നു.

"നീയെന്താ ഇത്ര താമസിച്ചതു്?"

"അപ്പാ...ഇന്നൊത്തിരി ജോലിയുണ്ടാരുന്നു. നാളെ കഴിഞ്ഞു് മുതലാളീടെ മൂത്ത മോടെ കൂടിക്കാഴ്ചയാ. ഇന്നു പോകണ്ടാന്നുപോലും അവർ വളരെ നിർബന്ധിച്ചു പറഞ്ഞതാ." അവൾ വിനയപൂർവ്വം പറഞ്ഞു.

"എന്നിട്ടു്!"

"സൊകമില്ലാതെ കിടക്കുന്ന അപ്പനെയോർത്തു് ഞാനിങ്ങുപോന്നു" അവൾ തൻെറ പരമാർത്ഥം വെളിപ്പെടുത്താൻ ശ്രമിച്ചു

"ഉം..." അയാൾ ഇരുത്തിയൊന്നു മൂളുകമാത്രം ചെയ്തു.

"അപ്പാ"...നിശ്ശബ്ദത.

"മോളേ..."

"എന്നാപ്പ?"

"ങ്ഹും...നാളെമുതൽ നീയെങ്ങും വീട്ടുപണിക്കു പോകണ്ട." അയാളുടെ കർശനമായ താക്കീതു്. അവളതു കേട്ടപ്പോൾ സ്തംഭിച്ചു നിന്നു. അതിൻെറ കാരണമെന്തെന്നു് അമ്മിണിക്കു ഒരു രൂപവും കിട്ടിയില്ല.

"എൻെറപ്പാ ഞാനെന്നാ കാണിച്ചു!" അവളുടെ ശബ്ദം പതറുകയും ആ ഹൃദയതലത്തിൽക്കൂടി മിന്നൽപ്പിണരുകൾ പായുകയും ചെയ്തു.

"വേണ്ടാഞ്ഞിട്ടു്"...അയാൾ അങ്ങേവശത്തേക്കു ചരിഞ്ഞുകിടന്നു.

അമ്മിണി ഏറെനേരം മൗനമായി അവിടെത്തന്നെ നിന്നു. അവളുടെകൈയിലിരുന്നപൊതിക്കെട്ടു് അതുപടി പിടിച്ചിട്ടുണ്ടു്.

"അമ്മിണീ" അയാൾ മകളെ വിളിച്ചു, ആ സ്വരത്തിൽ അല്പം ശാന്തത കലർന്നിരുന്നു.

"ഉം..."

"എനിക്കു മനസ്സമാധാനമില്ല മോളെ"

"അതിനു ഞാനെന്നാചെയ്തു അപ്പാ!." അവൾ കണ്ണുകൾ തുടച്ചുകൊണ്ടു ചോദിച്ചു.

"നീയൊന്നും കാണിച്ചുമില്ലാ, കേട്ടുമില്ലാ. മോളെ, മനുഷേരു പറേന്നതു കേട്ടോ" ആ വാചകം ഒരു കഠാരമുനപോലെ അമ്മിണിയുടെ ഹൃദയത്തെ വേദനിപ്പിച്ചു.

"അയ്യോ...മനുഷേരോ...ആരെന്നാ പറഞ്ഞപ്പാ. ഞാനൊരു കുററവും ചെയ്തില്ലപ്പാ...ഞാനെല്ലുമുറിയെ പണിയെടുത്തിട്ടാ കഴിയുന്നതു്. അല്ലാതെ മററാരുടേം മോഷ്ടിച്ചും കട്ടുമല്ല" അവൾ ആ കട്ടിലിനോടു ചേർന്നുനിന്നു.

"ഉം...അതെല്ലാം ശരി....മോളേ, ആ കറമ്പിയേലി ഉച്ചയ്ക്കിവിടെ വന്നു് എന്നോടെന്തെല്ലാം പറഞ്ഞെന്നറിയാമോ? അതു കേട്ടപ്പം നീയെൻെറ അടുത്തപ്രദേശത്തെങ്ങാനും ഉണ്ടാരുന്നെങ്കിൽ ഒരു ചവിട്ടിനു കൊന്നേനെ."

"എൻെറപ്പാ...ഞാനൊരു കുററവും പെഴേം ചെയ്തിട്ടില്ല. ഈ അമ്മിണി അപ്പൻെറതന്നെ മോളാ. എല്ലാം ദൈവത്തിനറിയാം. എന്നെ അപ്പനൊട്ടും അവിശ്വസിക്കണ്ട. അപ്പാ, എന്നിട്ടാ നെഷേധി എന്നാ പറഞ്ഞേച്ചുപോയി. നാളെ ഞാനവടെ പറച്ചില് നിറുത്തിയേക്കാം." അമ്മിണി ഓലമറയിലൂടെ അങ്ങു വിദൂരതയിലേക്കു കണ്ണുകളോടിച്ചു. തന്നെപ്പററി നുണയും കുററവും പറഞ്ഞ ആ നയവഞ്ചകിയുടെ വീട്ടിലെ വെളിച്ചം നല്ലതുപോലെ കാണാം. അവളൊന്നു നെടുവീർപ്പിടുകമാത്രം ചെയ്തു.

"ഞാനൊന്നും പറേന്നില്ല. ഞാൻ നിൻെറ തന്തയായിപ്പോയില്ലേ. ഏതായാലും എനിക്കറിയാം, കറമ്പിക്കു നിന്നോടിച്ചിരി അസൂയയുണ്ടെന്നു്; ഹൊ! അമ്പടി! നിൻെറ തൊലി വെളുത്തിരിക്കുന്നതിൻെറ സങ്കടം. മോളേ! ആരെന്തുപറഞ്ഞാലും, നീ നീയായിട്ടു്, തമ്പുരാനും പള്ളിക്കും ചേർന്ന വിധം ജീവിച്ചേച്ചാൽമതി."

"അപ്പാ" അവൾ വീണ്ടും ഏങ്ങിയേങ്ങി കരഞ്ഞു. അയാൾ മകളെ അടുത്തുവിളിച്ചിരുത്തി കണ്ണുകൾ തുടയ്ക്കുകയും, അവളെ സമാശ്വസിപ്പിക്കുകയുംചെയ്തു.

അവളുടെ ഓമനത്തമുള്ള മുഖവും, കളങ്കമില്ലാത്ത കണ്ണുകളും, സ്വർണ്ണനിറമുള്ള ദേഹവും കാണുമ്പോൾ അയാൾ സകല സങ്കടങ്ങളും താനേ മറക്കും. തൻെറ മകളെപ്പററി അപഖ്യാതികൾ പരത്തുന്നതു് കറമ്പിയുടെ കുശുമ്പാണെന്നും, അവളുടെ വീട്ടുപണിയെടുക്കാൻ ചെല്ലാത്തതിലുള്ള പകവീട്ടലുകളാണിതെല്ലാമെന്നും പാവം മാത്തനു പിന്നീടേ മനസ്സിലായുള്ളു. എങ്കിലും ദരിദ്രനായ അയാൾ എന്താണു ചെയ്യുക. കെട്ടിച്ചുവിടാറായ ഒരു പെണ്ണു്; വയസ്സു പതിനേഴു കഴിഞ്ഞിരിക്കുന്നു! എവിടെയെങ്കിലും, ആരുടെയേലുംകൂടെ, നാലുപേരു കാൺകെ, പട്ടക്കാരൻെറ ആശീർവാദത്തോടെ പറഞ്ഞുവിടേണ്ടെ? അവൾക്കു വല്ലതും കൊടുക്കാതിരിക്കാമോ? പക്ഷെ നാലുകാശു കൈയിലില്ലതാനും. പണത്തിനുള്ള മാർഗ്ഗവുമില്ല; സ്വത്തുമില്ല. കണ്ടവൻെറ പറമ്പിൽ പുരയുംവച്ചു കിടക്കുന്നിടത്തോളംകാലം അവ

(ശേഷം 4-ാംപേജിൽ)

(11-ാംപേജ് തുടർച്ച)

ന്നു; ഭൂമിയും അതിൻെറ ദുഷ്ടശക്തികളും ആമോദംകൊണ്ടു് തുള്ളിച്ചാടി.

ഒരു പക്ഷെ ചുരുക്കംചില നേതാക്കന്മാരും സമുദായദ്രോഹികളും അതിൻെറ വിജയലഹരിയിൽ മതിമയങ്ങി പോയേക്കാം. എന്നാൽ ചിന്താശീലനായ മനുഷ്യൻ യഥാകാലം അത്തരം ഭരണക്രമങ്ങളെ എതിർക്കുകതന്നെ ചെയ്യും. ഭൂമദ്ധ്യരേഖയിലെ അനലശിഖോജ്ജ്വലമായ അത്യുഷ്ണത്തിലും രക്തത്തെപ്പോലും മരവിപ്പിക്കുന്ന അതിശൈത്യത്തിലും മനുഷ്യൻ ജീവിച്ചേക്കാം. എന്നാൽ മാർക്സും എംഗൽസും വിഭാവനം ചെയ്തിട്ടുള്ള ലോകത്തിൽ ഉൽകൃഷ്ടവിചാരങ്ങൾ ഉള്ള മനുഷ്യജീവി കിടന്നു പൊറുക്കുകയില്ല. പക്ഷെ പുരോഗമനത്തിൻെറ പുറംപൂച്ചിൽ മയങ്ങി കുറേപേർ ഈ തത്വശാസ്ത്രത്തിൻെറ പൊരുൾ മനസ്സിലാക്കാതെ അതിൻെറ പടയണിക്കു് കീഴിൽ അണിനിരന്നിട്ടുണ്ടു്.

അങ്ങനെ ലോകസമാധാനത്തെ അപ്പാടെ തകിടം മറിക്കുവാൻ റഷ്യൻ കിങ്കരന്മാർ ഭഗീരഥപ്രയത്നം നടത്തുമ്പോൾ മൂലധനസഹായം എന്ന പൊൻപട്ടണിഞ്ഞു് ഭൂമുഖത്തെ മുഴുവൻ കൊടിക്കീഴിലാക്കാമെന്നു് വേറൊരു കൂട്ടരും ദിവാസ്വപ്നം കാണുകയാണോ? എവിടെ നോക്കിയാലും അക്രമത്തിൻേറയും വിപ്ലവത്തിൻേറയും അധികാരപ്രമത്തതയുടേയുംസാമ്രാജ്യദുർമ്മോഹത്തിൻേറയും ഏററുമുട്ടലുകളാണു്. അതിനാൽ വിവേകശാലികളായ നമുക്കു് രണ്ടായിരം വർഷങ്ങൾക്കു് മുമ്പു് പലസ്തീനായിൽ നിന്നും രൂപമെടുത്ത ആ പരിപാവനമായ തത്വശാസ്ത്രത്തിനു കീഴിൽ അണിനിരന്നുകൊണ്ടു് ഉണർവ്വോടും ഉശിരോടുംകൂടി ലോകസമാധാനത്തിനു വേണ്ടി പടവെട്ടാം. വിജയം സുനിശ്ചിതം.

രോഗവിവരക്കുറിപ്പുകൾ
അയക്കേണ്ട വിലാസം:-
കാളൻവൈദ്യൻ,
നെല്ലായി (S. India)



(2-ാംപേജ് തുടർച്ച)

ന്റെ മുൻപിൽനിന്നു നശിപ്പിച്ചു കളയുകയും ചെയ്യും" (ആവത്തനം XVIII, 10-12)

104. ചോ: നാം നമ്മുടെ സന്താനങ്ങൾക്കു ഒരു പുണ്യവാന്റേയോ പുണ്യവതിയുടെയോ പേരാണല്ലോ മാമ്മോദീസായിൽ നൽകുന്നതു്? ആ പുണ്യവാന്മാക്കു ആ നാമം എങ്ങനെയുണ്ടായി? അവക്കുമുൻപു് ആ പേരുകൾ ഉണ്ടായിരുന്നോ?

(ടി: ജെ. വി. പാലാ)

ഉ: നാം ശിശുക്കൾക്കു പേരിടുന്നതു് ജ്ഞാനസ്നാനവേളയിലാണു്. യഹൂദന്മാർ ചേലാകമ്മത്തോടുകൂടി ശിശുക്കൾക്കു പേരിട്ടിരുന്ന പതിവിനെ ക്രൈസ്തവസഭ അനുവത്തിക്കുകയാണു് ഇക്കാര്യത്തിൽ ചെയ്തിരിക്കുന്നതു്. നമ്മുടെ കത്താവിനെ ഈശോയെന്ന പേരു വിളിച്ചതു് 8-ാം ദിവസം നടത്തപെട്ട ഛേദനാചാരത്തോടുകൂടിയാണല്ലോ. ജ്ഞാനസ്നാനത്തോടുകൂടി ശിശുക്കൾക്കു നൽകപ്പെടുന്ന പേരു ഒരു ക്രിസ്ത്യൻ നാമമായിരിക്കണമെന്നു 761-ാം കാനൻ നിയമം അനുശാസിക്കുന്നുണ്ടു്. അതുകൊണ്ടാണു പുണ്യവാന്മാരുടെ പേരുതന്നെ നാം ശിശുക്കൾക്കു നൽകുന്നതു്. ഏതെങ്കിലും മാതാപിതാക്കന്മാക്കു തങ്ങളുടെ ശിശുവിനു ക്രൈസ്തവമല്ലാത്ത ഒരു പേരു നൽകണമെന്നു ശാഠ്യമുണ്ടായിരുന്നാൽ ആ പേരിനുമുൻപു ഒരു വിശുദ്ധന്റെ പേരുകൂടി ശിശുവിനു നൽകണമെന്നും രണ്ടുപേരും മാമ്മോദീസാ രജിസ്റ്ററിൽ ചേക്കണമെന്നുമാണു വ്യവസ്ഥ. ശിശുവിനു് ഇങ്ങനെ ഒരു വിശുദ്ധന്റെ പേരു നൽകുന്നതുകൊണ്ടു്, അതിനു അനുകരിക്കുവാൻ ഒരു മാതൃകയും സ്വഗ്ഗത്തിൽ ഒരു പ്രത്യേകമദ്ധ്യസ്ഥനുമാണു നാം നൽകുന്നതു്.

യഹൂദമതത്തിൽനിന്നു ക്രിസ്ത്യാനികളായിത്തീന്ന ആദിമക്രിസ്ത്യാനികൾക്കു യഹൂദനാമങ്ങൾ തന്നെയാണു ഉണ്ടായിരുന്നതു്. ഇന്നും ഭൂരിപക്ഷം ക്രൈസ്തവനാമങ്ങളും ആ യഹൂദനാമങ്ങളുടെ രൂപാന്തരങ്ങൾതന്നെയാണു്. ആദിമനൂററാണ്ടുകളിൽ പുറജാതിക്കാർ ധാരാളമായി ക്രൈസ്തവസഭയിൽ പ്രവേശിച്ചപ്പോൾ അവരുടെ നാമങ്ങളും ക്രൈസ്തവീകരിക്കപ്പെട്ടു ഇന്നും അക്രൈസ്തവർ ക്രിസ്തുമതം സ്വീകരിക്കുമ്പോൾ, ഇഷ്ടമുള്ളവർ തങ്ങളുടെ അക്രൈസ്തവനാമം നിലനിത്തിപ്പോരാറുണ്ടു്. റാവുസാഹിബ്ബ് വി. മഹാദേവയ്യർ, പ്രൊഫസർ ടി. ശ്രീനിവാസൻ, എൽ. ഡി. സ്വാമിക്കണ്ണുപിള്ള മുതലായവർ ഉദാഹരണങ്ങൾ. (അവരുടെ ഈ ഹൈന്ദവനാമങ്ങളോടൊപ്പം ഓരോ ക്രൈസ്തവനാമവും അവക്കുണ്ടു്.) ഗ്രേസ് (വരപ്രസാദം) പ്രൂഡൻസ് (വിവേകം) മുതലായി അഭികാമ്യങ്ങളായ സുകൃതങ്ങളും ക്രൈസ്തവനാമങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുണ്ടു്.

105. ചോ: നമ്മുടെ കത്താവു ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ സംസാരഭാഷയായി ഉപയോഗിച്ചിരുന്നതു് സുറിയാനിയാണു് എന്നുള്ളതിനു തെളിവുണ്ടോ?

(ജി. എ ജെ. കൊരട്ടി)

ഉ: യഹൂദന്മാർ ഒരു സെമിററിക് ജാതിയാണല്ലോ. സെമിററിക് ഭാഷാകുടുംബത്തിൽപെട്ട ഏററം പ്രധാനഭാഷയാണു് അറാമായ അഥവാ സുറിയാനി. അലക്സാണ്ടർ ചക്രവത്തിയുടെ കാലത്തു് ഏഷ്യാമൈനർ മുതൽ പേർഷ്യാവരെയും അർമേനിയാ മുതൽ അറേബ്യൻ ഉപദ്വീപുവരെയും ഉള്ള പ്രദേശത്തു താമസിച്ചിരുന്ന എല്ലാവരുടെയും ഔദ്യോഗികഭാഷ സുറിയാനി (അറാമായ) ആയിരുന്നു. കാലാന്തരത്തിൽ വിവിധഭാഷകളുടെ അധിപ്രസരംകൊണ്ടു പ്രാചീന അറാമായ ഭാഷയിൽനിന്നും പല പരിഷ്കാരങ്ങളും ആ ഭാഷയ്ക്കു നേരിട്ടു.

നമ്മുടെ കത്താവിന്റെ ജീവിതകാലത്തു് പലസ്തീനായ്ക്കു മൂന്നു പ്രധാനവിഭാഗങ്ങളാണു് ഉണ്ടായിരുന്നതു്—യൂദയാ, ഗലീലി, സമേരിയാ. ഇതിൽ യൂദയായിലെ സംസാരഭാഷ സുറിയാനിതന്നെയായിരുന്നു. ഗലീലിയിൽ ഗ്രീക്കുഭാഷയും പ്രചാരത്തിലിരുന്നെങ്കിലും യഹൂദന്മാർ തമ്മിൽ സുറിയാനിഭാഷയാണു് ആശയവിനിമയത്തിനു് ഉപയോഗിച്ചിരുന്നതു്.

പുതിയ നിയമത്തിലെ മിക്ക ഗ്രന്ഥങ്ങളും ഗ്രീക്കുഭാഷയിലാണു എഴുതപ്പെട്ടതു്. എന്നാൽ ആ ഗ്രീക്കു കൃതികളിൽ നമ്മുടെ കത്താവു ഉപയോഗിച്ചിരുന്നതും ഗ്രീക്കു് അല്ലാത്തതുമായ ചില പദങ്ങൾ കടന്നുകൂടിയിട്ടുണ്ടു്. ആബാ, ഹക്കൽദ്മാ, തലീസാകുമ്, റക്കാ മുതലായവ അത്തരം പദങ്ങളാണു്. ഇവയെല്ലാം സുറിയാനിപദങ്ങളാകുന്നു. നമ്മുടെ കത്താവു് സുറിയാനിഭാഷയാണു സംസാരിച്ചിരുന്നതെന്നുള്ളതിനു് ഇതും ഒരു തെളിവാകുന്നു.

106 ചോ: മിശിഹായുടെ ഗൂഢാത്മശരീരം, അഥവാ മൗതികശരീരം എന്നു പറയുന്നതു് എന്താണു?

(പി. ററി. സി. റയൺപുരം)

ഉ: നമ്മുടെ കത്താവു് ഈ ലോകത്തിൽ ഒരു സഭ സ്ഥാപിച്ചിട്ടുണ്ടല്ലോ. തന്റെ അനുഗാമികളായ ഈ സഭയിലെ അംഗങ്ങൾ ഒരേ ഒരു മതസംഘടനയായി കഴിയണമെന്നുള്ളതായിരുന്നു അവിടുത്തെ ആഗ്രഹം. തന്റെ പീഡാനുഭവത്തിന്റെ തലേരാത്രി, അന്തിമഭോജനാനന്തരം അവിടുന്നു പിതാവിനോടു പ്രാത്ഥിക്കുന്നതു നോക്കുക; "പിതാവേ, നീ എന്നെ ലോകത്തിലേക്കു് അയച്ചതുപോലെ, ഞാൻ അവരെയും ലോകത്തിലേക്കു് അയച്ചിരിക്കുന്നു... ഇവക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവക്കുവേണ്ടിക്കൂടിയുമാകുന്നു ഞാൻ പ്രാത്ഥിക്കുന്നതു്. നീ എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു്, എന്റെ പിതാവേ നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിനുതന്നെ. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു നീ എനിക്കു തന്ന മഹത്വം ഞാൻ അവക്കു കൊടുത്തിരിക്കുന്നു. അവർ ഐക്യത്തിൽ പരിപൂണ്ണരാകേണ്ടതിനും, നീ എന്നെ അയച്ചിരിക്കുന്നുവെന്നും, നീ എന്നെ സ്നേഹിച്ചതുപോലെ ഞാൻ അവരെയും സ്നേഹിച്ചു എന്നും ലോകം അറിയേണ്ടതിനും ഞാൻ അവരിലും നീ എന്നിലും ഇരിക്കുന്നു." (യോഹ: XVII. 18-23)

നമ്മുടെ കത്താവു സഭയെ സ്ഥാപിച്ചതിനുശേഷം അതിനെ അനാഥമായി വിട്ടുപോകുകയല്ലാ ചെയ്തതു്. "ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടിയുണ്ടു്." (മത്താ; XXVIII. 20) എന്നു് സ്വർഗ്ഗാരോഹണത്തിനുമുൻപു് അവിടുന്നു് ഉറപ്പുനൽകുകയുണ്ടായി. വീണ്ടും അവിടുന്നു പറയുന്നു: "ഞാൻ സാക്ഷാത്തായ മുന്തിരിവള്ളിയും എന്റെ പിതാവു കൃഷിക്കാരനുമാകുന്നു... കൊമ്പു മുന്തിരിവള്ളിയിൽ ഇരിക്കുന്നില്ലെങ്കിൽ ഫലങ്ങൾ തരാൻ അതിനു തനിയെ കഴിയാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും കഴിയുകയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുത്തും" (യോഹ: XV. 1-5). ഇതിൽനിന്നും ക്രിസ്തു ലോകാവസാനംവരെ സഭയോടുകൂടി ഉണ്ടായിരിക്കുമെന്നും, ക്രിസ്തുവും സഭാംഗങ്ങളും തമ്മിൽ ദൃഢമായ ഒരു ബന്ധമുണ്ടെന്നും വ്യക്തമാണല്ലോ.

ഈ ബന്ധത്തെ വിശുദ്ധ പൗലോസ് ഒന്നുകൂടി വ്യക്തമായ ഭാഷയിൽ വിവരിക്കുന്നുണ്ടു്. "എന്തുകൊണ്ടെന്നാൽ നമുക്കു ഒരേ ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവൃത്തിയല്ലാതിരിക്കുകയും ചെയ്യുന്നതു് എങ്ങനെയോ, അങ്ങനെതന്നെ പലരായിരിക്കുന്ന നാമും മിശിഹായിൽ ഒരേ ശരീരമാകുന്നു. നമ്മിൽ ഓരോരുത്തരുമോ ഒരുത്തൻ മറെറാരുത്തന്റെ അവയവങ്ങളുമാകുന്നു" (റോമാ XII. 4-5) "എന്തെന്നാൽ ശരീരം ഒന്നായിരിക്കയും അതിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിലും, ശരീരത്തിന്റെ അവയവങ്ങൾ പലതായിരിക്കെ ഒരേ ശരീരമായിരിക്കുന്നതെങ്ങനെയോ അങ്ങനെതന്നെയാകുന്നു മിശിഹായും. എന്തുകൊണ്ടെന്നാൽ നാം തന്നെയും... ഒരേ ആത്മാവിൽ ഏകശരീരമായിട്ടു് സ്നാനമേൽക്കുകയും നാമെല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്യുകയും ചെയ്തിരിക്കുന്നു." (I കോറി XII. 12-13)

വീണ്ടും വിശുദ്ധ പൗലോസ് പറയുന്നു: "നിങ്ങളുടെ ശരീരങ്ങൾ മിശിഹായുടെ അവയവങ്ങൾ ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?...നമ്മുടെ കത്താവിനോടു ചേരുന്നവനോ അവനോടുകൂടി ഏകാത്മാവായിത്തീരുന്നു" I കോറി. VI 15-17) അങ്ങനെ ക്രിസ്തുവും അവിടുത്തെ അനുഗാമികളും ഉൾപ്പെട്ടതാണു് ക്രൈസ്തവസഭ. ക്രിസ്തു ശിരസ്സും, അംഗങ്ങൾ അവയവങ്ങളും. ക്രിസ്തു തായിത്തടിയും അംഗങ്ങൾ ശിഖരങ്ങളും. ക്രിസ്തു അവിടുത്തെ പുനരുത്ഥാനശേഷം നാല്പതാംദിവസം സ്വർഗ്ഗാരോഹണം ചെയ്തുവെങ്കിലും അവിടുന്നു തന്റെ സഭയോടുകൂടി ലോകാവസാനംവരെ ജീവിക്കുന്നുണ്ടു്. അവിടുന്നു ജീവിക്കുന്ന ശരീരമാകുന്നു സഭ. ഈ ശരീരത്തിന്റെ ശിരസ്സു് ക്രിസ്തുവും നാമെല്ലാവരും അവയവങ്ങളും.

സഭ മിശിഹായുടെ മൗതികശരീരം (Mystical body) ആകുന്നുവെന്നു പറയുന്നതു് ഈ അത്ഥത്തിലാണു്. ക്രിസ്തുവിന്റെ പരിത്രാണനഫലങ്ങൾ മനുഷ്യക്കു പ്രദാനം ചെയ്യുകയെന്നതാണല്ലോ സഭയുടെ മുഖ്യകത്തവ്യം. ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിലെ ഒരംഗമാകുന്നവൻ ക്രിസ്തുവിന്റെ ഒരു അവയവമായിത്തീരുകയും, അവനു ക്രിസ്തുവിന്റെ രക്തത്തിനു ഭാഗഭാഗിത്വം ലഭിക്കുകയും ചെയ്യുന്നു. സഭയിൽപെടാത്തവനാകട്ടെ, തായിത്തടിയിൽനിന്നു ഛേദിക്കപ്പെട്ട കൊമ്പുപോലെ ഉണങ്ങിപ്പോകുന്നു.


തൈക്കാട്ട് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനുസമീപം

എല്ലാം വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു്.


# പലസ്തീനായിൽനിന്നു രൂപമെടുത്ത തത്വശാസ്ത്രം

(പോൾ പി. വട്ടക്കുഴി ബി. എ.)

ആദർശത്തിന്റെപേരിൽ അബദ്ധാഭിപ്രായങ്ങളും നീതിയുടെ പേരിൽ അനീതിയും സത്യത്തിന്റെ പേരിൽ അസത്യവും പുരോഗമനത്തിന്റെ മറയിൽ പിന്തിരിപ്പൻ പ്രസ്ഥാനങ്ങളും നടമാടിക്കൊണ്ടിരിക്കുന്ന ഒരു കാലസന്ധിയിലാണു് നാം ഇന്നു് ജീവിക്കുന്നതു് കിരാതതത്വത്തിൽനിന്നും പടിപടിയായി ഉയന്ന ലോകം ഇന്നോളം അനേകം സാമൂഹ്യഭരണക്രമങ്ങളെ തരണം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. രാജാധിപത്യവും ഏകാധിപത്യവും പ്രജാധിപത്യവും അങ്ങനെ പരസ്പരവിഭിന്നങ്ങളായ അനേകം ഭരണക്രമങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി വാണുനടത്തിയിട്ടുണ്ടു്. അനേകമനേകം തത്വശാസ്ത്രങ്ങളുടെയും അനേകമനേകം സംസ്കാരപരമ്പരകളുടെയും അനേകമനേകം സാമൂഹ്യവ്യവസ്ഥകളുടെയും അനേകമനേകം ചിന്താപ്രവണതകളുടേയും മഹാസരിത്തുകൾ അതിൽ ഓരോന്നിലും അലിഞ്ഞുചേന്നിട്ടുള്ളതായി നമുക്കു് കാണാം. കാലത്തിന്റെ പ്രയാണത്തിൽ മനുഷ്യന്റെ ചിന്താഗതിയിൽ വ്യതിയാനങ്ങൾ സംഭവിച്ചതിന്റെ ഫലമായി അവൻ നൂതനങ്ങളായ ആശയങ്ങൾക്കു് കൂടുതൽ പ്രചോദനം നൽകിയതായും അന്നു് നിലവിൽ ഇരുന്നിരുന്ന ഭരണക്രമങ്ങളെ പാടേ കുഴിച്ചുമൂടിയതായും ചരിത്രത്തിന്റെ ഏടുകൾ സാക്ഷ്യം നൽകുന്നുണ്ടു്.

നൂററാണ്ടുകൾക്കപ്പുറം നിലവിലിരുന്ന സാമൂഹ്യഭരണക്രമങ്ങൾ അന്നത്തെ സുപ്രസിദ്ധ മഹാന്മാരുടെ ആദർശങ്ങളേയും അഭിപ്രായങ്ങളെയും വിലയിരുത്തിക്കൊണ്ടുള്ള ഒരു പശ്ചാത്തലത്തിലാണു് നിലനിന്നിരുന്നതു്. ശരീരത്തിന്റെ സൗന്ദര്യത്തെ നശിപ്പിക്കുന്ന പ്രവൃത്തി ആത്മാവിന്റെ സൗന്ദര്യത്തെ തകക്കുമെന്നു് സുപ്രസിദ്ധ ചിന്തകനായ പ്ലേറോ അഭിപ്രായപ്പെട്ടപ്പോൾ അന്നത്തെ സമുദായം ആ അഭിപ്രായത്തിനു് കൂടുതൽ പ്രാമാണ്യം കല്പിച്ചു. സത്യം, നീതി തുടങ്ങിയ ഉൽകൃഷ്ടഗുണങ്ങൾ വേലക്കാരിൽ ദശിക്കുക അസാദ്ധ്യമാണെന്നു് അരിസ്റ്റോട്ടൽ ശഠിച്ചപ്പോൾ ചിലർ അതു് തലകുലുക്കി സമ്മതിച്ചു. ഒരു രാഷ്ട്രീയമീമാംസകനാകുവാനോ, സംസ്കാരസമ്പന്നനായി ഉയരുവാനോ, സ്നേഹിതന്മാരുമായി സല്ലപിച്ചുല്ലസിക്കുവാനോ കൈകൊണ്ടു് വേലചെയ്യുന്ന ഒരുവനു് വഹിയാത്തതാണെന്നു് ബഹുമാന്യനായ സെനഫോൺ വാദം മുഴക്കിയപ്പോൾ അന്നത്തെ ഭരണകൂടങ്ങൾ അതു് വകവച്ചുകൊടുത്തു. അങ്ങനെ പ്രാചീന ലോകം തൊഴിലാളിയെ പാതാളംവരെ ചവുട്ടിത്താഴ്ത്തിക്കൊണ്ടു് തത്വചിന്തകനെ സപ്തർഷിമണ്ഡലത്തോളം ഉയത്തിയെങ്കിൽ ആധുനികലോകം തത്വചിന്തകനെ ശപിച്ചുകൊണ്ടു് പ്രവൃത്തിനിരതനെ ആരാധിക്കുകയാണു്.

നൂററാണ്ടുകൾ പിന്നേയും മെല്ലെമെല്ലെ കടന്നുപോയി. അക്കാലങ്ങളിൽ പ്രാബല്യത്തിൽ ഇരുന്നിരുന്ന ഭരണക്രമങ്ങൾ വാടിക്കരിഞ്ഞുപോയി തൽസ്ഥാനത്തു് പുതിയ പുതിയ തത്വശാസ്ത്രങ്ങൾ രൂപം പൂണ്ടു. അക്കൂട്ടത്തിൽ രണ്ടായിരം വർഷങ്ങൾക്കു് മുമ്പു് പലസ്തീനായിൽനിന്നു് പ്രകാശത്തിന്റെ കതിരുകൾ വീശിക്കൊണ്ടു് മഹത്തായ മറെറാരു തത്വസംഹിതയും ഭൂതലത്തിൽ രംഗപ്രവേശം ചെയ്തു. ലോകചരിത്രം ഇന്നോളം ദശിച്ചിട്ടില്ലാത്തതും ഹൃദയാഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുന്നതും സത്യമായ മാർഗ്ഗത്തിൽക്കൂടി ചലിക്കുന്നതുമായ ഒരു തത്വശാസ്ത്രമായിരുന്നു അതു്. മനുഷ്യസഹജമായ അധികാരപ്രമത്തതയും സവ്വാധിപത്യവാഞ്ഛയും അതിൽ ഇല്ലായിരുന്നു. രണ്ടായിരം വർഷങ്ങളിൽക്കൂടി പ്രയാണം നടത്തിയെങ്കിലും അതു് ഇന്നും പുത്തനായിരിക്കുകയാണു്. മനുഷ്യൻ എത്രപുരോഗമിച്ചാലും ആ തത്വശാസ്ത്രം വിപുലീകരിക്കേണ്ടിവരികയില്ല. അത്രയ്ക്കു് ബലവത്തായ ഹസ്തങ്ങളും അത്ര കൂമ്മതയേറിയ ബുദ്ധിയുമാണു് അതിന്റെ പിന്നിൽ പ്രവത്തിച്ചിട്ടുള്ളതു്.

അദ്ധ്വാനിക്കുന്നവനേയും ഭാരം ചുമക്കുന്നവനേയും പാവപ്പെട്ടവനേയും പ്രകീത്തിച്ചുകൊണ്ടുള്ള ദിവ്യസൂക്തങ്ങളാണു് അതിനു് ജീവൻ കൊടുത്തിരിക്കുന്നതു്. ഓരോ ജനപദങ്ങളിലും ഓരോ മണിമന്ദിരങ്ങളിലും ഓരോ ചെററക്കുടിലുകളിലും അതിന്റെ ചൈതന്യം പ്രസരിക്കുന്നതായി നമുക്കു കാണാം. ക്ഷണികങ്ങളായ ജഡികസുഖങ്ങളെ ത്യജിച്ചുകൊണ്ടും പൈശാചികങ്ങളായ ശരീരചിന്തകളെ വിസ്മരിച്ചുകൊണ്ടും നിതാന്തനിമ്മലമായ സ്വർഗ്ഗീയാനന്ദപദവിയിലേക്കു് ഉയന്നുയന്നു ചെല്ലുവാൻ അതു് നമുക്കു് വഴികാട്ടുന്നു. വാടിത്തളന്ന ഹൃദയങ്ങൾക്കു്, ഇടറിത്തകന്ന സിരാതന്തുക്കൾക്കു് അതു് നവമായ ഉന്മേഷവും നിസ്തുലമായ ധൈര്യവും നൽകുന്നു.

പക്ഷേ അനിയന്ത്രിതമായ മനുഷ്യന്റെ പുരോഗതിയിൽ അവൻ ആ പരിപാവനമായ തത്വസംഹിതയേയും തകക്കാൻ വെമ്പൽകൊണ്ടു അങ്ങനെ പത്തൊൻപതാം നൂററാണ്ടിന്റെ അവസാനത്തിൽ മനുഷ്യകുലത്തെ ആകമാനം പിടിച്ചുകുലുക്കിക്കൊണ്ടു് ഉദയംചെയ്ത മറെറാരു തത്വശാസ്ത്രമാണു് കാറൽമാർക്സിന്റേതു്; എംഗൽസ് തന്റേതായ ചില സംഭാവനകൾകൊണ്ടു് അതിനെ പോഷിപ്പിച്ചു; ലെനിൻ അതിനു് പ്രായോഗികരൂപം നൽകി. താമസമെന്യേ അതു് ഒരു വിപ്ലവത്തിനു് ഒരുക്കം കൂട്ടി. സാർചക്രവത്തിഭരണത്തെ സവ്വകുരുക്കുവിദ്യകളും ഉപയോഗിച്ചുകൊണ്ടു് എന്നന്നേക്കുമായി കുഴിച്ചുമൂടി. വിപ്ലവനേതാവായ ലെനിൻ അരങ്ങത്തെത്തി. ആയുധപ്രയോഗത്തിന്റെ ഉഗ്രതയിലും രക്തച്ചൊരിച്ചിലിന്റെ സമൃദ്ധിയിലും ആ മഹാവിപ്ലവം ജയിച്ചു. മൃഗീയതയുടേയും ക്രൂരതയുടേയും മുമ്പിൽ മാനവസംസ്കാരവും മനുഷ്യരക്തവും മാനംമര്യാദകളും കെട്ടടങ്ങി. രക്തപങ്കിലമായ അതിന്റെ പതാക സുദീർഘമായ ഒരു വിപൽസന്ധിയുടെ ആഗമനത്തെ കുറിക്കുന്ന അപകടചിഹ്നമെന്നോണം ആകാശത്തിൽ ഉയ

(ശേഷം 10-ാംപേജിൽ)

Wednesday
May 15
1957

# THE SATHYA   AM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 38

## ബാ ല രം ഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

ഹംഗറിയിലെ ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റ് കയ്യേററത്തെക്കുറിച്ചാണല്ലോ കഴിഞ്ഞദിവസം നിങ്ങളോടു പറഞ്ഞതു്. കമ്മ്യൂണിസ്റ്റുകൾ റഷ്യയുടെ ആയുധബലം കൊണ്ടാണതു സാധിച്ചതെന്നും ഇപ്പോഴും തുടന്നുപോകുന്നതെന്നും അമേരിക്ക ഐക്യരാഷ്ട്രങ്ങളെ അറിയിച്ചു. തുടന്നു ഐക്യരാഷ്ട്രങ്ങളുടെ അപേക്ഷയനുസരിച്ചു്, ഹങ്കറിയിലെ സംഭവവികാസങ്ങളുടെ ശരിയായ ഒരു റിപ്പോർട്ടു അമേരിക്ക ഐക്യരാഷ്ട്രങ്ങളുടെ ഹംങ്കേറിയൻ അന്വേഷണക്കമ്മിററിക്കു് സമപ്പിച്ചു. അമേരിക്കൻ ഗവമ്മെൻറിന്റെ പ്രതിനിധികളുടെ നിരീക്ഷണങ്ങളേയും അവക്കു കിട്ടിയ റിപ്പോർട്ടുകളേയും അടിസ്ഥാനമാക്കി, ഫെബ്രുവരി 20-ാംനു-വരെയുള്ള ഹങ്കേറിയൻ സംഭവവികാസങ്ങൾ ആ റിപ്പോർട്ടിൽ കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ടിന്റെ ഉള്ളടക്കം ഇപ്രകാരമാണു്:

1. ഹങ്കറിയിൽ കഴിഞ്ഞ ഒക്ടോബർ 23, 24-ൽ നടന്ന വിപ്ലവം, സാക്ഷാൽ ജനകീയവിപ്ലവംതന്നെ ആയിരുന്നു.

2. വിപ്ലവത്തിനു മുമ്പുണ്ടായിരുന്ന ഭരണക്കൂടത്തെ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ സ്വയം പിടിച്ചുനില്ക്കാൻ കഴിവില്ലാത്ത ഒരവസ്ഥയിലാക്കാൻ വിപ്ലവത്തിനു കഴിഞ്ഞു.

3. ലഹളയൊതുക്കാൻ, സോവ്യററുസൈന്യങ്ങളും അവരുടെ ഹംങ്കറിയൻ സഹകാരികളും, ഒക്ടോബർ 25 മുതൽ ഏകദേശം നവംബർ 10 വരെയും, യുദ്ധമാഗ്ഗങ്ങൾ ഉപയോഗിച്ചു.

4. ഹങ്കറിയിലെ ജനങ്ങൾ ഫലപ്രദമായ രീതിയിൽ ഒററക്കെട്ടായി നിന്നു. വളരെ ചുരുക്കംപേർ മാത്രം സോവ്യററു സായുധസേനക്കു പിന്തുണനൽകി.

5. ഹങ്കറിയിലെ ജനങ്ങളുടെ ഐക്യം അത്രക്കു ബലവത്തും അവരുടെ സ്വാതന്ത്ര്യാഭിലാഷം അത്രക്കു തീവ്രവും ആയിരുന്നതിനാൽ, ആ ചെറുരാജ്യത്തിലെ ദുർബലമായ ആയുധസജ്ജീകരണങ്ങളോടും സംഘടനയോടും കൂടിയ ജനങ്ങളെ അമത്തുവാൻ ബലിഷ്ഠവും യന്ത്രവൽകൃതവുമായ ഒരു വിദേശസേന ആവശ്യമായിത്തീന്നു.

6. ഹങ്കറിയിലെ ജനങ്ങൾ ലഹളയുണ്ടാക്കിയതു്, അവക്കു സ്വന്തം ഗവമ്മെൻറു തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും, വിദേശസേനയിൽനിന്നും വിദേശഏജൻറന്മാരിൽനിന്നുമുള്ള സ്വാതന്ത്ര്യവും വേണ്ടിയിരുന്നതുകൊണ്ടും അവരുടെ ആ ആവശ്യങ്ങൾ എങ്ങിനെയും നേടുവാൻ അവർ ആഗ്രഹിച്ചതുകൊണ്ടുമാണു്.

7. സോവ്യററു് ഇടപെടൽ നഗ്നമായ ഒരു സൈനികാക്രമണം ആയിരുന്നു. ഹങ്കറിയിൽ ക്രമം പാലിക്കുവാൻ അതിന്റെ ആവശ്യമില്ലായിരുന്നു. ഹങ്കറിയിലെ ജനങ്ങൾ അതു് എതിക്കുകയും ചെയ്തു.


8. സോവ്യററു് ഇടപെടൽ സാമ്രാജ്യമോഹപ്രേരിതമായിരുന്നു. എന്തെന്നാൽ ഒരു ദേശീയ പ്രസ്ഥാനത്തെ വിദേശസായുധസേനയെ ഉപയോഗിച്ചു തകക്കുകയും വിദേശശക്തിയുടെ താല്പയ്യങ്ങൾക്കു പ്രാതിനിദ്ധ്യം വഹിക്കുന്ന ഒരു പാവഗവമ്മെണ്ടിനെ അവിടെ പ്രതിഷ്ഠിക്കുകയുമാണല്ലോ ചെയ്തതു്.

9. ഇപ്പോഴത്തെ ഹംങ്കറിയൻ ഗവമ്മെൻറിനു് ജനകീയപിന്തുണയില്ല. സോവ്യററു് സായുധസേനകളുടെ തുടർച്ചയായ സാന്നിദ്ധ്യംകൊണ്ടാണതു് സ്ഥാപിതമായതു്. അതുകൊണ്ടുമാത്രമാണതു തുടന്നു നില്ക്കുന്നതും, പ്രവത്തിക്കുന്നതും.


റിപ്പോർട്ടു സമപ്പിച്ചുകൊണ്ടു് കമ്മററിയുടെ നേതാവായ മി. ലോഡ്ജ് പറയുന്നു: "സോവ്യററു് കമ്മ്യൂണിസം ജനാധിപത്യവിരുദ്ധമാണെന്നു മാത്രമല്ല അതു മദ്ദനപരവും ക്രൂരവുമാണെന്നു് ഇവ തെളിയിക്കുന്നു. കൂടാതെ, ഹങ്കറിയുടെ സ്വാതന്ത്ര്യം അടിച്ചമത്തുവാൻ അതുപയോഗിച്ച രീതി തികച്ചും പൈശാചികമായിരുന്നുവെന്നും അവ തെളിയിക്കുന്നു" എന്നു്.

ഐക്യരാഷ്ട്രജനറൽ അസംബ്ളി നിയമിച്ച ഒരു അഞ്ചംഗസ്പെഷൽകമ്മററി അനേകം ദൃക്സാക്ഷികളുടെ മൊഴികൾ കേട്ടശേഷം, സ്വന്തം റിപ്പോർട്ടു് ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണു്. സ്വാതന്ത്ര്യപ്രക്ഷോഭണം തകന്നശേഷം സ്വരാജ്യം വിട്ടോടിപ്പോയ രണ്ടു ലക്ഷത്തോളം വരുന്ന അഭയാത്ഥികളിൽപെട്ടവരുടെ മൊഴികളാണു് കമ്മററി ശേഖരിച്ചതു്.


ജനീവാ, വിയെന്നാ, റോം, പാരീസ്, ലണ്ടൻ എന്നിവിടങ്ങളിൽവച്ചു മൊഴികൾ വാങ്ങിയശേഷം കമ്മററി ഈയിടെയാണു മടങ്ങിയെത്തിയതു്. ജനറൽ അസംബ്ളിക്കു സമപ്പിക്കാനുള്ള അവസാനറിപ്പോർട്ടു ഈ മാസം ഒടുവിലേക്കു തയ്യാറാകുമെന്നു് പ്രതീക്ഷിക്കുന്നു. ആസ്ത്രേലിയാ, സിലോൺ, ഡെന്മാക്ക്, ടുണീഷ്യാ, ഉറുഗ്വേ എന്നീ രാജ്യങ്ങളുടെ പ്രതിനിധികളാണു കമ്മററിയംഗങ്ങൾ.



11 കൊല്ലം അവർ സഹിച്ചു. 1956 ഒക്ടോബർ 24-ാം തിയതി ഹംഗേറിയൻ പട്ടാളത്തിന്റെ സഹായത്തോടെ സ്വാതന്ത്ര്യപ്രേമികൾ അക്രമികൾക്കെതിരെ വിപ്ലവം നടത്തി. ശത്രുക്കളെ കിടക്കി തലസ്ഥാനനഗരത്തിൽ അവർ വിജയിച്ചു.



ഹങ്കറിയുടെ തലസ്ഥാനം അവർ പിടിച്ചെടുത്തു. പക്ഷെ റഷ്യൻ ടാങ്കുകൾ ഇരമ്പിയെത്തി. വിപ്ലവത്തെ അടിച്ചമത്തി അവരെ വീണ്ടും അടിമത്തത്തിലാഴ്ത്തി. ബുഡാപ്പെസ്റ്റ് നഗരം ശ്മശാനമാക്കി.



സ്വാതന്ത്ര്യപ്രേമികൾക്കു നില്ക്കക്കള്ളിയില്ലാതായി. അവരിൽ പലരും അതിത്തിപോലീസിനെ കബളിപ്പിച്ചു സ്വാതന്ത്ര്യവായു ശ്വസിക്കുവാൻ മററു രാജ്യങ്ങളിൽ അഭയം തേടി. അവരുടെ ധീരത അടിമരാജ്യങ്ങൾക്കു പ്രചോദനം നൽകുന്നു.

ചെറുകഥ

### ശപഥം

(അലക്സാണ്ടർ ചെമ്പിത്താനം
Reg No. 7)

എനിക്കൊരു സുഹൃത്തുണ്ടു്; ടോമി. വളരെ നല്ലവനായ ഒരു പയ്യൻ. സാധുവും വിനീതനുമാണവൻ. നാട്ടുകാക്കെല്ലാം അവനെ വളരെ സ്നേഹമാണു്.

എല്ലാ ദിവസവും അവൻ കുർബാനയിൽ സംബന്ധിക്കും. കുർബാന സ്വീകരിക്കും. ഇടവകയിലെ മിക്ക ഭക്തസംഘടനകളിലും ടോമിക്കു അംഗത്വമുണ്ടു്. സെൻറു വിൻസെൻറു ഡി പോൾ സൊസൈററിയെ തന്റെ ജീവന്റെ ജീവനായാണവൻ കരുതുക. സാധുജനങ്ങൾക്കായി, തോളിൽ സഞ്ചിയും തൂക്കി വിയത്തൊലിച്ചു്, വീടുകൾ കയറി ഇറങ്ങി കപ്പയും നെല്ലും അവൻ തെണ്ടുന്നതു് ഒരുപക്ഷെ നിങ്ങളും കണ്ടിരിക്കാം.

"കള്ളന്മാർ, ഈ പരണ്ടുക്കു മററു പണിയൊന്നുമില്ല" എന്നു് ചില പണക്കുബേരന്മാർ ആട്ടുമ്പോഴും, തരപ്പടിക്കാരായ ചില "പുരോഗമനക്കാർ" കണ്ടോടാ അളിയാ, ദൈവത്തിന്റെ ഒരപ്പോസ്തലൻ. ഇവനൊക്കെയാണു് നാട്ടിന്റെ പുഴുക്കുത്തുകൾ എന്നു് "പുരോഗമനം" പുലമ്പുമ്പോഴും ടോമിയുടെ മനോഹരമായ മുഖമണ്ഡലത്തിൽ മിന്നിപ്പൊലിയുന്ന സ്നേഹത്തിന്റെ ദീപ്തിപൂരം ഒന്നു കാണേണ്ടതുതന്നെയാണു്. ഹാ! എന്തൊരു ക്ഷമ! എന്തൊരു സ്നേഹം!

സ്ഥലത്തെ മിക്ക മാതാപിതാക്കളും "നിങ്ങളാ ടോമിയെ കണ്ടു പഠിക്കിനെടാ" എന്നു് തങ്ങളുടെ മക്കളെ ഉപദേശിക്കാറുണ്ടു്.

ടോമിക്കായിടെ ഒരു തോന്നൽ സാംസ്കാരികരംഗത്തും എന്തെങ്കിലും പ്രവത്തിക്കണമെന്നു്, ഒരു സാഹിത്യകാരനാകണമെന്നു്. അങ്ങനെ തന്റെ ഉള്ളിൽ ചിറകെട്ടി നിൽക്കുന്ന വികാരങ്ങൾക്കൊരു പ്രകടനം നൽകി ആയിരമായിരങ്ങളെ ക്രിസ്തുവിനുവേണ്ടി നേടണമെന്നു്.

അതിനു് ധാരാളം വായിക്കുവാൻ അവൻ തീരുമാനമെടുത്തു. സ്ഥലത്തു് ഊർജ്ജിതമായി നടത്തിവന്ന പബ്ളിക്കു ലൈബ്രറിയിൽ അവൻ ഒരംഗമായി ചേന്നു് ആയിരമായിരമായി അടുക്കിവച്ചിരിക്കുന്ന മനോഹരങ്ങളായ ആ ഗ്രന്ഥാലയത്തിലെ ഓരോ ഗ്രന്ഥവും അവൻ ആത്തിയോടെ വായിക്കുവാൻ തുടങ്ങി. പുസ്തകങ്ങളോരോന്നും അവൻ വായിച്ചുതീത്തു. പച്ചയില തിന്നുന്ന പുഴുവിനു് പച്ചനിറം ഉണ്ടാകുന്നതുപോലെ ടോമിയിലും കുറേ "ചുവപ്പു" കലന്നുതുടങ്ങി.

സഭയുടെ പരിശുദ്ധിയിലും, പരിപാവനവുംനിസ്വാത്ഥവുമായ അതിന്റെ ലോകസേവനത്തിലും അവനു സംശയമായി! ലോകത്തിലുള്ള വൈദികരും സന്യാസികളും കന്യാസ്ത്രീകളും, എന്തിനു് സഭതന്നെയും ലോകാഭിവൃദ്ധിക്കു് തടസ്സമാണെന്നൊരു തോന്നൽ; മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നും!

ടോമിയെ ഇന്നു് മിഷൻലീഗിന്റെയോ വിൻസെൻറു് ഡി പോൾ സൊസൈററിയുടെയോ മീററിംഗുകളിൽ കാണുന്നില്ല. എനിക്കു സംശയമായി. അവനെ ഒന്നു കാണുവാൻതന്നെ ഞാൻ തീരുമാനിച്ചു.

ഒരു തിങ്കളാഴ്ച. ഞാനാ കുന്നു ചുററി ടോമിയുടെ വീട്ടിലെത്തി. ആ മുററത്തുനിന്നു നോക്കിയാൽ സ്ഥലത്തെ പ്രധാന ദേവാലയങ്ങളുടെ മണിഗോപുരങ്ങൾ, ഐശ്വയ്യസമൃദ്ധമായ നാടിന്റെ അഭിമാനങ്ങളായി അങ്ങനെ വിലസുന്നതു കാണാം. ആ ഗോപുരങ്ങളുടെ ഉച്ചിയിൽ നില്ക്കുന്ന കുരിശുകൾ! രണ്ടായിരം വർഷങ്ങളായി അനേകലക്ഷങ്ങൾക്കു ആശയും ഉന്മേഷവും പ്രദാനംചെയ്തു, ഇന്നും അസുലഭഭാസോടുകൂടി വിലസിക്കൊണ്ടിരിക്കുന്ന സാക്ഷാൽ സത്യസഭയുടെ പ്രതീകങ്ങൾ തന്നെ.

ഞാൻ ആ തിണ്ണയിലേക്കു കയറി. "ടോമി ഇവിടെയില്ലേ?" ഞാൻ ചോദിച്ചു.

"ഉണ്ടേ" അകത്തുനിന്നൊരു ശബ്ദം. കതകുതുറന്നു വികസിച്ചുവിലസുന്ന പുഞ്ചിരിപ്പൂക്കൾ എന്റെമേൽ വർഷിച്ചുകൊണ്ടു് അവൻ എന്നെ സ്വീകരിച്ചു.

ഞാനാ മുറിയിലേക്കു കയറി. തുറന്നപടി ഒരു പുസ്തകം ഒരു കൊച്ചുമേശപ്പുറത്തിരിപ്പുണ്ടു്. ഞാനതിലെ ഏതാനും ഭാഗങ്ങൾ വായിച്ചുനോക്കി. യുവലക്ഷങ്ങളുടെ കുത്സിതവികാരങ്ങൾക്കിന്ധനം നൽകുന്ന നാറുന്ന വാക്കുകൾ! ഞാനെന്റെ കണ്ണുകൾ പൊത്തി.

അവിടെ കിടന്ന ഒരു കസേരയിൽ ഇരുന്നുകൊണ്ടു് ഞാനാ മുറി മുഴുവനും ഒന്നു കണ്ണോടിച്ചു. കമ്മ്യൂണിസ്റ്റ് ആചാര്യന്മാരായ സ്റ്റാലിൻ ലനിൻ പ്രഭൃതികളുടെ ഫോട്ടോകൾ അലങ്കരിച്ചുവിടെ സ്ഥാപിച്ചിട്ടുണ്ടു്. അവയുടെ ഒരാണിയിൽ മിഷ്യൻ ലീഗിന്റെ ഒരു പഴയ ബാഡ്ജ് തൂങ്ങിക്കിടക്കുന്നു. ഒരു ചരിത്രവസ്തു!

"എന്താ ചാക്കോച്ചാ പതിവില്ലാതിതിലെ ഒക്കെ—" ടോമി അത്ഥസൂചകമായ ആ വാചകം നിറുത്തി.

"ടോമിച്ചാ, എന്താ ഇപ്പോൾ പള്ളിയിലേക്കൊന്നും കാണുന്നില്ലല്ലോ?"

ഹോ! അവന്റെ മുഖത്തെ തേജസ് അസ്തമിച്ചു. കണ്ണുകൾ ജ്വലിച്ചു.

"ഹും പള്ളി", അവൻ ആകപ്പാടെ ഒന്നിളകി ഉറച്ചിരുന്നു. "കുറെനാൾ ആ പുരോഹിതന്മാരുടെ താളത്തിനൊപ്പിച്ചു് ഞാൻ തുള്ളി. ഇപ്പോൾ മാത്രമാണു് ഇതിന്റെ തനിരൂപം എനിക്കുമനസ്സിലാക്കാൻ സാധിച്ചതു്. അന്നു് ഞാനങ്ങനെ ചെയ്തെങ്കിൽ ഇന്നു് അതേപ്പററി ഞാൻ പശ്ചാത്തപിക്കയാണു്..."

അതങ്ങനെ ഒരു തോരാത്ത മഴപോലെ നീണ്ടുപോയി. ഒരു വിരാമം ഉണ്ടായപ്പോൾ ഞാൻ ചോദിച്ചു:

"ഇതൊക്കെ എങ്ങിനെമനസ്സിലാക്കാൻ സാധിച്ചു?"

ഇതിനുത്തരമായി ഒരു കെട്ടു ഗ്രന്ഥങ്ങൾ എന്റെ മുന്നിലേക്കു് അവൻ നീക്കിയിടുകയാണു് ചെയ്തതു്. ഞാനോരോന്നെടുത്തു നോക്കി. "പെരുന്ന, പൊൻകുന്നം, പോഞ്ഞിക്കര"കളെല്ലാമുണ്ടു്. ഞാനത്ഭുതപ്പെട്ടുപോയി; ഈ കെട്ടുകഥകളെ അതേപടി വിശ്വസിക്കത്തക്കവിധം ടോമി അധഃപതിച്ചല്ലോ എന്നു്.

അല്ല! അതെന്നെ ചിന്തിപ്പിച്ചു. കുട്ടികളായ ഞങ്ങളെപ്പോലുള്ളവരുടെ വായനാശീലത്തെ സൽപന്ഥാവിലൂടെ നയിക്കാഞ്ഞാൽ ഉണ്ടാകാവുന്ന അപകടങ്ങളെന്തെന്നു്; ദുഷിച്ച ഒരാശയം ഉള്ളിൽ കടന്നശേഷം അതിനെപുറത്തെടുത്തു് നല്ലൊരാശയം ഉറപ്പിക്കാനുള്ള വൈഷമ്യത്തെപ്പററി. നല്ല ഗ്രന്ഥങ്ങൾ വായിക്കാൻ സൗകയ്യപ്പെടുത്താതെ ദുഷിച്ച ഗ്രന്ഥങ്ങൾ വായിക്കരുതെന്നു് പറയുന്നതിനെപ്പററി. ഇങ്ങനെ പലതിനെപ്പററിയും ഞാൻ ചിന്തിച്ചുപോയി. ഇതെന്നെക്കൊണ്ടൊരു ശപഥം ചെയ്യിച്ചു. എന്റെ ഇടവകയിൽ ഒരു വായനശാല സ്ഥാപിക്കുമെന്നു്.

"ടോമി, ഞാനിറങ്ങട്ടെ. നിന്നെപ്പോലെ അനേകങ്ങൾ ഈ ദുഷിച്ച ഗ്രന്ഥപാരായണംമൂലം

(ശേഷം 8-ാംപേജിൽ)

115-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം
എന്റെ പേർ—നരകം

പ്രശ്നം നമ്പ്ര് 116
(പി. ററി. ജെയിംസ്
Reg. No. 115)

ഞാൻ എല്ലാ മനുഷ്യരിലുമുള്ള ഒരു ശക്തിവിശേഷമാണു്. ഞാൻ വഴിയാണു് മനുഷ്യർ പരസ്പരം ആശയവിനിമയം സാധിക്കുന്നതു്. എന്നിലൂടെ സാധാരണമായി ഓരോരുത്തരുടേയും സ്വഭാവം മനസ്സിലാക്കാൻ കഴിയും. ജീവിതവിജയവും പരാജയവും ഞാൻ വഴിയാണു് സാധാരണ ഉണ്ടാവുക. എന്റെ പേരിനു മൂന്നക്ഷരമേയുള്ളു. ഒന്നാമത്തെ അക്ഷരം ദിവസത്തിലുണ്ടു്, ആഴ്ചയിലില്ല; രണ്ടാമത്തെ അക്ഷരം സാരാംശത്തിലുണ്ടു്, ചുരുക്കത്തിലില്ല; മൂന്നാമത്തെ അക്ഷരം നീതിസാരത്തിലുണ്ടു് പഞ്ചതന്ത്രത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1